# ദീപനാളം

സത്യപ്രകാശമേ നയിച്ചാലും
ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2020 ഒക്ടോബർ 8 | ദീപം 53 | നാളം 22 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com


# മയക്കുമരുന്നിൽ മുങ്ങിത്താഴുന്ന ബോളിവുഡ്?






ഇഗ്നേഷ്യസ് കലയന്താനി


ഹിന്ദി സിനിമാമേഖല ലഹരി മരുന്നിൽ മുങ്ങിത്താഴുന്നുവോ? സമീപകാലത്ത് ബോളിവുഡിൽനിന്നു കേൾക്കുന്ന വാർത്തകൾ അമ്പരപ്പിക്കുന്നതാണ്. ബോളിവുഡിലെ ഭൂരിപക്ഷം താരങ്ങളും അണിയറപ്രവർത്തകരും ലഹരി മരുന്നിന് അടിമകളാണെന്നാണ് റിപ്പോർട്ട്. പ്രശസ്ത ബോളിവുഡ് നടി കങ്കണ റണാവത്താണ് ഈ വിവരം പുറത്തുവിട്ടത്. ബോളിവുഡിൽ ഒരു ലഹരിമരുന്നു ശൃംഖലയുണ്ടെന്നും ഈ ശൃംഖലയിൽ അൻപതിലേറെ അംഗങ്ങൾ ഉണ്ടെന്നുമാണ് നാർകോട്ടിക്സ് കൺട്രോൾ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയത്. മയക്കുമരുന്ന് റാക്കറ്റുമായി ബന്ധപ്പെട്ട് ഇരുപതോളം പേരെ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ഇതുവരെ അറസ്റ്റുചെയ്തിട്ടുണ്ട്. നിരവധി താരങ്ങളെ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നു.

ബോളിവുഡ് നടൻ സുശാന്ത് സിങ് രാജ്പുട്ടിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ എൻസിബി അന്വേഷണം വ്യാപിപ്പിച്ചപ്പോഴാണ് ഹിന്ദി സിനിമാലോകത്തെ ലഹരിമരുന്നുപയോഗത്തിന്റെ ആഴം പുറംലോകമറിഞ്ഞത്. വിചാരിച്ചതിലുമേറെയാണ് അതിന്റെ ആഴവും പരപ്പുമെന്ന് അപ്പോഴാണ് അന്വേഷണോദ്യോഗസ്ഥർക്കും മനസ്സിലായത്.

ജൂൺ 14 ന് സുശാന്ത്സിങ് രാജ്പുട്ടിനെ മുംബൈയിലെ വസതിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. മൃതദേഹത്തിന്റെ ഫോട്ടോകൾ പരിശോധിച്ച ഡോക്ടർ സുശാന്തിനെ കഴുത്തു ഞെരിച്ചു കൊലപ്പെടുത്തിയതാവാമെന്നു സംശയിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ടു നടന്ന അന്വേഷണത്തിലാണ് മയക്കുമരുന്നു ലോബിയുടെ വേരുകൾ കണ്ടെത്തിയത്. സുശാന്ത് മയക്കുമരുന്ന് ഉപയോഗിക്കുന്നതായി കണ്ടിട്ടുണ്ടെന്ന് സുശാന്തിന്റെ വീട്ടുജോലിക്കാരനായ ദീപേഷ് സാവന്ത് അന്ന് അന്വേഷണോദ്യോഗസ്ഥർക്കു മൊഴിനല്കിയിരുന്നു.

കേസിൽ അറസ്റ്റിലായ നടി റിയ ചക്രവർത്തിയുടെ വെളിപ്പെടുത്തലുകളാണ് അന്വേഷണം ബോളിവുഡിലെ മയക്കുമരുന്നുലോബിയിലേക്ക് നീളാൻ ഇടയാക്കിയത്. സുശാന്തിന്റെ കാമുകിയായായിരുന്നു നടി റിയ.

താനും സുശാന്തും മയക്കുമരുന്ന് ഉപയോഗിച്ചിരുന്നതായി റിയ അന്വേഷണോദ്യോഗസ്ഥരോടു വെളിപ്പെടുത്തിയിരുന്നു. തന്റെ സഹോദരൻ ഷോവിക് ചക്രവർത്തിവഴിയാണ് മയക്കുമരുന്നു നിറച്ച സിഗരറ്റ് സുശാന്തിനു കൊടുത്തിരുന്നതെന്നും റിയ കുറ്റസമ്മതം നടത്തിയിരുന്നു. ബോളിവുഡിൽ 80 ശതമാനം താരങ്ങളും മയക്കുമരുന്നിന് അടിമയാണെന്ന് റിയ പറഞ്ഞതായി ദേശീയമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു.

മയക്കുമരുന്ന് ഉപയോഗിക്കുന്ന പന്ത്രണ്ടോളം താരങ്ങളുടെ പേരുവിവരവും റിയ നൽകിയിട്ടുണ്ട്. സാറാ അലിഖാൻ, രാകുൽ പ്രീത് സിങ്, ഡിസൈനർ സിമോൺഖംബാട്ട എന്നിവർതന്നോടൊപ്പം മയക്കുമരുന്ന് ഉപയോഗിച്ചിരുന്നതായി റിയ മൊഴിനൽകിയിരുന്നു. ദീപിക പദുക്കോൺ, സുശാന്തിന്റെ കൂട്ടുകാരി രോഹിണി അയ്യർ, സംവിധായകൻ മുകേഷ് ഛബ്ര എന്നിവരും മയക്കുമരുന്ന് ഉപയോഗിക്കുന്നതായി റിയയുടെ മൊഴിയിലുണ്ട്. റിയ, സഹോദരൻ ഷൗവിക് ചക്രവർത്തി, സാമുവൽ മിറാൻഡ എന്നിവരുൾപ്പെടെ നിരവധി പേരെ ഈ കേസുമായി ബന്ധപ്പെട്ട് ഇതിനോടകം അറസ്റ്റു ചെയ്തിട്ടുണ്ട്.

മയക്കുമരുന്ന് ഉപയോഗിക്കുന്ന 25 ബോളിവുഡ് താരങ്ങളെ മൂന്നു വിഭാഗങ്ങളായി തിരിച്ചു ചോദ്യം ചെയ്യാനുള്ള നീക്കം എൻ സി ബി തുടങ്ങിക്കഴിഞ്ഞു. ദീപിക പദുക്കോൺ, സാറാ അലിഖാൻ, രാകുൽ പ്രീത് സിംഗ്, ശ്രദ്ധ കപൂർ എന്നിവരെ നാർകോട്ടിക്സ് കൺട്രോൾ ബ്യൂറോ കഴിഞ്ഞ ആഴ്ച ചോദ്യം ചെയ്തിരുന്നു.


12


# ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു!

## കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ

കൊച്ചി: സംസ്ഥാന വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഉത്കണ്ഠയുമായി കെസിബിസി വിദ്യാഭ്യാസ കമ്മീഷനും കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനസമിതിയും രംഗത്ത്. കഴിഞ്ഞദിവസം കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം സർക്കാരിന്റെ വിദ്യാഭ്യാസനയങ്ങളിൽ പ്രതിഷേധം രേഖപ്പെടുത്തി.

2016 മുതൽ നിയമനാംഗീകാരം കാത്തുനിൽക്കുന്ന മൂവായിരത്തിലധികം അധ്യാപകർക്ക് കഴിഞ്ഞ അഞ്ചു വർഷമായി ശമ്പളം നൽകിയിട്ടില്ല. വിദ്യാഭ്യാസവകുപ്പിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സർക്കാർ വിമുഖത പ്രകടിപ്പിക്കുകയാണ്. വിട്ടുവീഴ്ചാമനോഭാവത്തോടെ മാനേജ്മെന്റുകൾ മുന്നോട്ടുവച്ച ക്രിയാത്മകനിർദേശങ്ങൾപോലും സർക്കാർ അവഗണിക്കുകയാണ്. ഭരണഘടന അനുവദിക്കുന്ന വിദ്യാഭ്യാസാവകാശങ്ങളെ ഇല്ലാതാക്കാനാണ് സർക്കാരിന്റെ ശ്രമം. വൺ ടൈം സെറ്റിൽമെന്റിലൂടെ സംരക്ഷിത അധ്യാപകരെ സ്വീകരിക്കാമെന്ന മാനേജ്മെന്റ് വാഗ്ദാനത്തോടുള്ള സർക്കാരിന്റെ മെല്ലെപ്പോക്കു സമീപനമാണ് ആശങ്കയുളവാക്കുന്നത്.

2014 മുതലുള്ള ഹയർസെക്കൻഡറി സ്കൂളുകൾ ഏഴാമത്തെ അധ്യയനവർഷത്തിലേക്കു പ്രവേശിച്ചിട്ടും തസ്തികനിർണയവും ശമ്പളവിതരണവും നടപ്പിലാക്കിയിട്ടില്ല. കേന്ദ്രവിദ്യാഭ്യാസ അവകാശനിയമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ച് ഗുണനിലവാരം മെച്ചപ്പെടുത്താൻ മാറ്റംവരുത്തിയ അധ്യാപക-വിദ്യാർഥി അനുപാതം അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ല. സുപ്രീം കോടതിയും കേരള ഹൈക്കോടതിയും അംഗീകരിച്ചിട്ടുള്ള അധ്യാപക-വിദ്യാർത്ഥി അനുപാതം മാറ്റുന്നത് പ്രതിഷേധാർഹമാണ്.

ഉന്നതവിദ്യാഭ്യാസരംഗത്ത് കോളജ് അധ്യാപകനിയമങ്ങൾക്ക് അംഗീകാരം നൽകാനുള്ള സ്വയംഭരണാധികാരമുള്ള സർവ്വകലാശാലകളുടെ അധികാരം ഏറ്റെടുത്ത സംസ്ഥാന സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപകനിയമനങ്ങൾ അംഗീകരിക്കാനുള്ള അധികാരം വിദ്യാഭ്യാസ ഓഫീസർമാരിൽനിന്ന് ഏറ്റെടുക്കുകയാണ്. ദേശീയവിദ്യാഭ്യാസനയത്തിലൂടെ കേന്ദ്രസർക്കാർ വിദ്യാഭ്യാസരംഗത്ത് അധികാരകേന്ദ്രീകരണം നടത്തുന്നു എന്ന് ആക്ഷേപിക്കുന്നവർതന്നെ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് അധികാരകേന്ദ്രീകരണം നടപ്പിലാക്കുന്നു.

സംസ്ഥാനസർക്കാരിന്റെ എയ്ഡഡ് വിദ്യാഭ്യാസമേഖലയോടുള്ള അവഗണനയ്ക്കെതിരേ പ്രത്യക്ഷസമരപരിപാടികളിലേക്കു നീങ്ങാനും വിദ്യാഭ്യാസകമ്മീഷന്റെയും ടീച്ചേഴ്സ് ഗിൽഡിന്റെയും സംസ്ഥാന നേതൃയോഗം തീരുമാനിച്ചു.

ഒക്ടോബർ രണ്ടാം വാരത്തിൽ സംസ്ഥാനത്തെ 32 രൂപതസമിതികളുടെയും നേതൃത്വത്തിൽ കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചു പ്രതിരോധസദസുകൾ നടത്തും.

വിവിധ രൂപതനേതൃത്വവും ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികളും പങ്കെടുക്കും. സർക്കാരിന്റെ നിഷേധാത്മകനിലപാടുകൾക്കെതിരേ അനിശ്ചിതകാല ഉപവാസപരിപാടികളുമായി മുന്നോട്ടുപോകുന്ന അധ്യാപകകൂട്ടായ്മകളെ പിന്തുണയ്ക്കാനും യോഗം തീരുമാനിച്ചു.

കെസിബിസി വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി റവ. ഡോ. ചാൾസ് ലിയോൺ, മുൻ സെക്രട്ടറി ഫാ. ജോസ് കരിവേലിക്കൽ, മാനേജേഴ്സ് അസോസിയേഷൻ പ്രസിഡന്റ് മോൺ. വർക്കി ആറ്റുപുറത്ത്, ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് സാലു പതാലിൽ, ജനറൽ സെക്രട്ടറി ജോഷി വടക്കൻ, ട്രഷറർ ജോസ് ആന്റണി എന്നിവർ പ്രസംഗിച്ചു.

കേരളത്തിലെ 32 രൂപതകളിൽനിന്നുള്ള അധ്യാപകപ്രതിനിധികളും മാനേജ്മെന്റ് പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

# സൂക്തിമഞ്ജരി

ഡോ. സി.ടി. ഫ്രാൻസീസ്



**"ദീയതേ വിമലം ജ്ഞാനം ക്ഷീയതേ കർമവാസനാ
തേന ദീക്ഷേതി സാ പ്രോക്താ തന്ത്രശാസ്ത്രവിശാരദൈഃ"**

***ദീയതേ – നൽകപ്പെടുന്നു; വിമലം ജ്ഞാനം – നിർമ്മലമായ അറിവ്; ക്ഷീയതേ – നശിപ്പിക്കപ്പെടുന്നു; കർമവാസനാ – കർമ്മങ്ങൾ ചെയ്തുകൊണ്ടുള്ള പ്രവണതകൾ; തേന – അതിനാൽ; ദീക്ഷാ ഇതി – ദീക്ഷാ എന്ന്; സാ പ്രോക്താ – അതു പറയപ്പെട്ടിരിക്കുന്നു; തന്ത്രശാസ്ത്രവിശാരദൈഃ – തന്ത്രശാസ്ത്രപണ്ഡിതന്മാരാൽ.***

## എന്താണു ദീക്ഷ?

നിർമ്മലമായ ജ്ഞാനത്തെ ദാനം ചെയ്യുകയും കർമ്മവാസനകളെ ക്ഷയിപ്പിക്കുകയും ചെയ്യുന്നതിനാലാണ് തന്ത്രശാസ്ത്രമറിയുന്നവർ ദീക്ഷയെ ആ പേരിൽ വ്യവഹരിക്കുന്നത്.

വിസ്തരിക്കുക എന്നർത്ഥമുള്ള തനൂ എന്ന ധാതുവിൽനിന്നാണ് തന്ത്രമെന്ന പദമുണ്ടാകുന്നത്. മതപരമായ ആചാരങ്ങൾക്കു പിന്നിലുള്ള തത്ത്വസംഹിതകളെ വിസ്തരിക്കുന്ന ശാസ്ത്രമെന്നാണ് തന്ത്രശാസ്ത്രത്തിനു ലളിതമായ ഭാഷയിൽ പറയാവുന്ന അർത്ഥം. ക്ഷേത്രങ്ങളിലെ തന്ത്രിമാർ അതതു ക്ഷേത്രങ്ങളിലെ ആചാരങ്ങളെ സംബന്ധിച്ച അന്തിമവാക്കുകളാണല്ലോ! ആചാരാനുഷ്ഠാനങ്ങളുടെ മർമ്മമറിയുന്ന തന്ത്രജ്ഞർ 'ദീക്ഷ' എന്ന പാവനമായ നാമത്തിനു നൽകുന്ന നിർവചനമാണ് മുകളിൽ പറഞ്ഞത്.

എങ്ങനെയുള്ള ജീവിതരീതി കൊണ്ടാണോ നിർമ്മലമായ അറിവുണ്ടാകുകയും മുമ്പു ചെയ്ത പ്രവൃത്തികളുടെ വാസനകളനുസരിച്ച് വീണ്ടും പ്രവർത്തിക്കുവാനുള്ള പ്രവണതകൾ ഇല്ലാതാകുകയും ചെയ്യുന്നത്, ആ ജീവിതരീതിയെയാണ് ദീക്ഷയെന്നു പറയുന്നത്. പലതരം ദീക്ഷകളുണ്ട്. കുടുംബാംഗങ്ങളുടെ മരണം, പത്നിയുടെ ഗർഭകാലം മുതലായ സന്ദർഭങ്ങളിൽ പലരും ദീക്ഷ അനുഷ്ഠിക്കാറുണ്ട്. മന്ത്രദീക്ഷ ഇതിൽനിന്നു വ്യത്യസ്തമാണ്.

ആ സന്ദർഭങ്ങളിൽ ആർഭാടങ്ങൾ ഒഴിവാക്കുകയും ആത്മവിശുദ്ധി ലക്ഷ്യമാക്കിയുള്ള പ്രവൃത്തികളിൽ വ്യാപൃതരാവുകയുമാണു ചെയ്യുന്നത്. കാമപൂർത്തിക്കായുള്ള കർമ്മങ്ങളും നിഷിദ്ധകർമ്മങ്ങളും ഒഴിവാക്കി, നിത്യകർമ്മങ്ങളും വിശേഷാവസരങ്ങളിൽ ചെയ്യേണ്ട കർമ്മങ്ങളും പ്രായശ്ചിത്തങ്ങളും ഈശ്വരോപാസനയും അനുഷ്ഠിച്ച്, ജീവിതം സമൂലമായ വിശുദ്ധിക്കു വിധേയമാക്കുന്നതാണ് ദീക്ഷ. നിഷ്കർഷയോടുകൂടിയ ആ ജീവിതരീതിയിലൂടെ മനുഷ്യനു സുബോധമുദിക്കുക മാത്രമല്ല, മദ്യപാനം, പുകവലി മുതലായ പല തഴക്കദോഷങ്ങളും മാറിക്കിട്ടുകയും ചെയ്യും. ശരീരസൗഖ്യത്തിനും ബാഹ്യസൗന്ദര്യത്തിനും അവിടെ യാതൊരു സ്ഥാനവുമില്ല. മുടിയും താടിയും മുറിക്കലും മറ്റും ഒഴിവാക്കുന്നത് അതുകൊണ്ടാണ്.

എന്നാൽ, നമുക്കിന്ന് ദീക്ഷയെന്നാൽ താടി വളർത്തുക എന്നതു മാത്രമായി മാറിയിരിക്കുന്നു! താടി ഒരലങ്കാരമായിക്കണ്ട്, ദിവസവും അതിന്റെ പരിചരണത്തിനും മോടിപിടിപ്പിക്കലിനുമായി മണിക്കൂറുകൾതന്നെ ചെലവഴിക്കുന്നവരെപ്പോലും നാമിന്നു പാവനമായ ദീക്ഷ അനുഷ്ഠിക്കുന്നവരുടെ കൂട്ടത്തിൽ ഗണിക്കുന്നുവെങ്കിൽ അതു ധാർമ്മികമായ അജ്ഞതയല്ലാതെ മറ്റെന്താണ്?

■

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# അന്തശ്ഛിദ്രമോ അന്തച്ഛിദ്രമോ?

**സം**സ്കൃതസന്ധിനിയമങ്ങൾക്ക് മലയാളത്തിൽ സ്ഥാനമുണ്ട്. രണ്ട് സംസ്കൃതശബ്ദങ്ങൾ ചേർക്കുമ്പോൾ സംസ്കൃതസന്ധിനിയമമാണ് പാലിക്കേണ്ടത്. രണ്ടുപദവും മലയാളമാണെങ്കിൽ മലയാളസന്ധിനിയമമനുസരിച്ചു സമാസിക്കണം. ഒരു പദം മലയാളമാണെങ്കിലും മലയാളസന്ധിനിയമമാണ് ഉചിതം. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചില്ലെങ്കിൽ തെറ്റുകൾ പറ്റിപ്പോകാം. അനവധാനതകൊണ്ട് തെറ്റിലേക്കു വഴുതിപ്പോയ ഒരു ശബ്ദമാണ് 'അന്തശ്ഛിദ്രം'.

അന്തശ്ഛിദ്രം എന്ന ശുദ്ധരൂപത്തെ 'അന്തഛിദ്രം, അന്തച്ഛിദ്രം, അന്തശ്ചിദ്രം' എന്നെല്ലാം ഇപ്പോൾ എഴുതിവരുന്നു. ഇവയെല്ലാം തെറ്റാണെന്ന് ശ്രീകണ്ഠേശ്വരം ഉൾപ്പെടെയുള്ള നിഘണ്ടുകാരന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ, ഈ സ്ഖലിതരൂപങ്ങൾ നിർബാധം പ്രചരിച്ചുകൊണ്ടിരിക്കുന്നു. തിരുത്തിയിട്ടും പ്രയോജനമില്ലാത്ത സ്ഥിതി! സംസ്കൃതസന്ധിനിയമങ്ങളെക്കുറിച്ചുള്ള ധാരണയില്ലായ്മയും ഉച്ചാരണവൈകല്യവുമാകാം ഇത്തരം വികലശബ്ദങ്ങളുടെ പ്രചാരണത്തിനു നിദാനമെന്നു തോന്നുന്നു.

അന്തഃ+ഛിദ്രം, സന്ധി ചെയ്യുമ്പോൾ അന്തശ്ഛിദ്രം എന്നാകുന്നു. ആഭ്യന്തരകലഹം (Internal disorder) എന്നർത്ഥം. സംസ്കൃതസന്ധിനിയമമനുസരിച്ച് ഒരു പദത്തിന്റെ അവസാനത്തിൽ വരുന്ന രേഫം(ർ) വിസർഗ്ഗമാകും. അതിൻപ്രകാരം അന്തർ, അന്തഃ എന്നാകുന്നു. സംഹിതയിൽ ഈ വിസർഗ്ഗത്തിന് ആദേശം വരും. വിസർഗ്ഗത്തിനുശേഷം ഖരമോ(ച) അതിഖരമോ(ഛ) വന്നാൽ വിസർഗ്ഗം 'ശ' കാരമായി മാറും. അങ്ങനെ അന്തഃ+ഛിദ്രം സന്ധിയിൽ അന്തശ്ഛിദ്രമാകുന്നു. അന്തഃഛിന്നം, അന്തശ്ഛിന്നമാകുന്നതും ഇതേ നിയമമനുസരിച്ചുതന്നെ. ഛിന്നം എന്നതിന് ഛേദിക്കപ്പെട്ടത്, നശിപ്പിക്കപ്പെട്ടത് എന്നെല്ലാമാണർത്ഥം.

അന്തശ്ഛിദ്രം മാത്രം ശരിയായിരിക്കേ 'അന്തഛിദ്രം, അന്തച്ഛിദ്രം, അന്തശ്ചിദ്രം' എന്നീ രൂപങ്ങൾ പ്രചരിപ്പിക്കരുതെന്ന് അപശബ്ദബോധിനികാരനായ പി. ദാമോദരൻനായർ* ഉറപ്പിച്ചു പറയുന്നു.

*ദാമോദരൻ നായർ പി, അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം – 29.


ADMISSION 2020 - 2021

PARAMEDICAL COURSES



B.Sc. ANAESTHESIA

B.Sc. DIALYSIS

B.Sc. MLT

B.Sc. OPERATION THEATRE TECHNOLOGY (B.Sc. OTT)

B.Sc. RADIOGRAPHY

B.Sc. CARDIOVASCULAR TECHNOLOGY

+2 PASS IN ANY GROUP

DMLT- 2 years

DRIT - 2 years

DOTT- 2 years

DNT - 2 years

D.ANAESTHESIA -2 years

D.DIALYSIS-2 years

KERALA'S NO. 1 PARAMEDICAL TRAINING COLLEGE

യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റിയുടെ 3 വർഷ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്ക് ഏതാനും സീറ്റുകൾകൂടി ലഭ്യമാണ്. പ്രമുഖ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഓരോ വർഷവും 2 മാസം വീതം പ്രാക്ടിക്കൽ സൗകര്യം ലഭ്യമാണ്. സംവത്സരങ്ങളുടെ പ്രവർത്തനപാരമ്പര്യമുള്ള, കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന, കേരളത്തിൽനിന്ന് ഏറ്റവും കൂടുതൽ കുട്ടികൾക്കു വിദേശജോലി നേടിക്കൊടുത്ത സ്ഥാപനം. താത്പര്യമുള്ളവർ ഉടൻ നേരിൽ ബന്ധപ്പെടുക.

SSLC PASSED / +2 FAILED

BHARAT

EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE, NEW CAMPUS - ANDOOR (PALA-VAIKOM ROUTE), PALA, KOTTAYAM,

Phone: 04822 214234, 9447507858, 9446900866

# സഭ തുറന്നിടുന്ന സംവാദവാതായനങ്ങൾ

**■ ഫാ. സാജു കൂത്തോടിപുത്തൻപുരയിൽ**

കത്തോലിക്കാസഭയുടെ നിലപാടുകൾ സഭയുടെ സ്വഭാവംപോലെതന്നെ എക്കാലവും സാർവ്വത്രികമാണ്. കാലത്തിനും ദേശത്തിനും അതീതമാണത്. സാമുദായിക മൈത്രി, സാഹോദര്യം തുടങ്ങിയവ യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത ക്രൈസ്തവ ആദർശങ്ങളാണ്. എന്നാൽ, എല്ലാ മതങ്ങളോടും സമുദായങ്ങളോടും സാഹോദര്യവും സമഭാവനയും കാത്തുസൂക്ഷിക്കുന്നതോടൊപ്പം, വിവേകപൂർവ്വകമായ സാമൂഹിക ഇടപെടലുകളും സഭയുടെ ഉത്തരവാദിത്വമാണ്. ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്ന സമാനതകളില്ലാത്ത വർഗ്ഗീയ ധ്രുവീകരണത്തിനു പരിഹാരം വിവേകപൂർണ്ണമായ ഇടപെടലുകൾ മാത്രമാണ്. മുമ്പൊരിക്കലുമില്ലാത്ത വിധത്തിൽ ഈ സമൂഹം ചില പ്രതിസന്ധികളെ നേരിടുമ്പോൾ സഭ നിശ്ശബ്ദത പാലിക്കണം എന്ന വാദം യുക്തിസഹമല്ല. നമുക്കു ചുറ്റുമുള്ള ഇന്നത്തെ പടപ്പുറപ്പാടുകളെ നാം തിരിച്ചറിയാതെപോകുന്നത് ആത്മഹത്യാപരമാണ്.

തുറന്നുപറയലുകൾ ചിലപ്പോൾ കോളിളക്കങ്ങൾ സൃഷ്ടിച്ചേക്കാം. സങ്കീർണ്ണമായ സാമൂഹിക സംവിധാനങ്ങളിലുള്ള പതിവില്ലാത്ത ഇടപെടലുകൾ ആശയക്കുഴപ്പങ്ങൾക്കു കാരണമായെന്നും വരാം. എന്നാൽ, ശുഭകരമായ ഭാവിക്ക് അനിവാര്യമാണ് ചില പൊളിച്ചെഴുത്തുകളും തിരുത്തലുകളും. ഇത്തരമൊരു സങ്കീർണ്ണമായ സാമൂഹികപശ്ചാത്തലത്തിൽ അത്തരം സംവാദവേദികളെ യുദ്ധമോ പോർവിളിയോ ആയി കാണുന്നിടത്ത് ഗുരുതരമായ പിശകുണ്ട്.

ക്രിസ്തു പകർന്നുതന്ന സാഹോദര്യം, സ്നേഹം തുടങ്ങിയ മൂല്യങ്ങളെ ഫ്രാൻസിസ് പാപ്പായോടു ചേർന്ന് ഉയർത്തിപ്പിടിച്ചുകൊണ്ട് വിവേകപൂർവ്വം രാഷ്ട്രപുനർനിർമിതിയിൽ സഹകരിക്കുമ്പോഴാണ് സഭയുടെ സാമൂഹിക ഉത്തരവാദിത്വങ്ങൾ നിറവേറ്റപ്പെടുന്നത്. കരുണയുടെയും സ്നേഹത്തിന്റെയും ശക്തമായ സന്ദേശങ്ങൾക്കൊപ്പം, ഫ്രാൻസിസ് പാപ്പാ നിരന്തരം ആവർത്തിക്കുന്ന പദമാണ്, 'പറേസിയ' (ധീരത, തുറവി). ക്രൈസ്തവനും സഭയ്ക്കും ഉണ്ടായിരിക്കേണ്ട ധീരതയും തുറവിയുമാണ് അത് അർത്ഥമാക്കുന്നത്. സാമൂഹികവിഷയങ്ങളിലുള്ള സഭയുടെ നിലപാടുകളും തുടർന്നുള്ള ഇടപെടലുകളും എപ്രകാരമായിരിക്കണമെന്ന് പാപ്പായുടെ ഈ പ്രയോഗം വ്യക്തമാക്കുന്നുണ്ട്.

**അധിനിവേശത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ**

മതമൗലികവാദ ആശയങ്ങൾ ഉയർന്നുവരാനുള്ള സാധ്യതകൾ എല്ലാ മതവിഭാഗങ്ങളിലുമുണ്ട്. ക്രൈസ്തവസമൂഹവും ഇത്തരം സാധ്യതകളിൽനിന്നു വിമുക്തമല്ല. ഏതു സമുദായത്തിലെയും ചുരുക്കം ചില വിഭാഗങ്ങളിൽനിന്നാണ് മതമൗലികവാദവും തീവ്രവാദ ചിന്തകളും ഉടലെടുക്കുന്നത്. ആശയപ്രചാരണങ്ങൾക്കനുസരിച്ച് കാലക്രമേണ കൂടുതൽ പേർ അത്തരം കാഴ്ചപ്പാടുകളിലേക്കു കടന്നുവന്നേക്കാം. എന്നാൽ, സമൂഹത്തിലെ ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾ




ഇതുപോലുള്ള ആശയങ്ങളുടെ സ്വാധീനത്തിലൂടെ കടന്നുപോകുന്നെങ്കിൽ സാമൂഹികമായി അവരെ തിരുത്താനുള്ള ചുമതല അതേ സമുദായത്തിനു തന്നെയും മറ്റു സമുദായങ്ങൾക്കുമുണ്ട്. അവിടെയാണ് സംവാദങ്ങളുടെ പ്രസക്തി.

അധിനിവേശശ്രമങ്ങൾ വിവിധ രീതികളിൽ പല സ്വഭാവങ്ങളോടുകൂടിയവയുണ്ട്. ദേശീയതാവാദത്തിൽ ഊന്നിനിന്നുള്ള മൗലികവാദവും അതിന്റെ ഫലമായ അധിനിവേശങ്ങളുമുണ്ട്. തീവ്ര ഹിന്ദുത്വസംഘടനകൾ ഇത്തരത്തിൽപ്പെട്ട ആശയങ്ങളുടെ പിൻബലത്തിൽ നമുക്കിടയിൽ കരുക്കൾ നീക്കുന്നു. ഇന്നത്തെ ജനാധിപത്യസംവിധാനങ്ങളിൽ ഭൂരിപക്ഷവർഗ്ഗീയ – മതാധിപത്യത്തിന്റെ കടുത്ത സ്വാധീനങ്ങൾ കാണാം. നീതിന്യായവ്യവസ്ഥിതി, നിയമനിർമ്മാണം, ഭരണം തുടങ്ങിയ എല്ലാ മേഖലകളിലും ഈ നീരാളിപ്പിടുത്തം പ്രകടമാണ്. അതേസമയം, ഇസ്‌ലാമികതീവ്രവാദം ഒരു ആഗോള പ്രതിഭാസമാണ്. ഇസ്‌ലാമിക അധിനിവേശങ്ങളുടെ ഗുരുതരമായ പാർശ്വഫലങ്ങൾ അനുഭവിക്കുന്ന രാജ്യങ്ങൾ ഒട്ടേറെയുണ്ട്. ഇത്തരം കടന്നുകയറ്റങ്ങളുടെ പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വിവിധ വശങ്ങളെ അടുത്തറിഞ്ഞാൽ മാത്രമേ ശരിയായ വിധത്തിൽ അവയെക്കുറിച്ചു മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

വിശ്വാസിസമൂഹങ്ങൾക്കിടയിൽ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടുതുടങ്ങിയതോടെ, അനേകരുടെ കാഴ്ചപ്പാടുകളിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒപ്പം, സഭാനേതൃത്വങ്ങളുടെ നിശ്ശബ്ദതയിൽ 'പ്രതിഷേധിച്ച്' പുതിയ സംഘടനാസംവിധാനങ്ങൾ രൂപംകൊണ്ടിട്ടുമുണ്ട്. എന്നാൽ, അത്തരം ചില ചെറുസമൂഹങ്ങൾ കൈക്കൊണ്ടുവരുന്ന തീവ്രനിലപാടുകൾ അപകടകരമാണ്.

സംവാദങ്ങളെയും, തുറന്നുപറയലുകളെയും തെറ്റിദ്ധാരണാജനകമായി വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങളും ഈ ദിവസങ്ങളിൽ കാണുന്നുണ്ട്. അതിന്റെ ഭാഗമായി ഈ വിഷയത്തിൽ സഭാനേതൃത്വത്തെയും, തുറന്നു സംസാരിക്കാൻ തയ്യാറാവുന്നവരെയും കടന്നാക്രമിക്കാൻ ചിലർ മുന്നോട്ടുവരുന്നുമുണ്ട്. ഇന്ത്യയുൾപ്പെടെ നിരവധി

> **എല്ലാ മതങ്ങളോടും സമുദായങ്ങളോടും സാഹോദര്യവും സമഭാവനയും കാത്തുസൂക്ഷിക്കുന്നതോടൊപ്പം, വിവേകപൂർവ്വകമായ സാമൂഹിക ഇടപെടലുകളും സഭയുടെ ഉത്തരവാദിത്വമാണ്. മുമ്പൊരിക്കലുമില്ലാത്ത വിധത്തിൽ ഈ സമൂഹം ചില പ്രതിസന്ധികളെ നേരിടുമ്പോൾ സഭ നിശ്ശബ്ദത പാലിക്കണം എന്ന വാദം യുക്തിസഹമല്ല.**

രാജ്യങ്ങളിൽ കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ നടന്ന സംഭവങ്ങളും യുഎൻ ഉൾപ്പെടെയുള്ളവരുടെ റിപ്പോർട്ടുകളും, രാജ്യസഭയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള വസ്തുതകളും ഇന്നത്തെ അപകടകരമായ സാഹചര്യങ്ങൾക്കുള്ള സൂചനകളാണ്. കൂടാതെ, പ്രഗല്ഭരായ സ്വതന്ത്ര രാഷ്ട്രീയ നിരീക്ഷകർ ഒരേസ്വരത്തിൽ ഇതേ ആശയങ്ങൾ കാലങ്ങളായി ആവർത്തിക്കുന്നുമുണ്ട്. അതിനാൽ, ഈ മേഖലയിൽ ചെറുത്തുനില്പ് അനിവാര്യവും അടിയന്തരവുമായ ഒരു കാലഘട്ടമാണ് ഇത് എന്നുള്ളത് നിസ്സംശയം പറയാം.

ഭൂരിപക്ഷവർഗ്ഗീയതയോടു സഭ കൈകോർക്കുന്നു എന്ന ആരോപണമുയർത്തി ഇത്തരം പ്രതികരണങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമങ്ങൾ പതിവായി കണ്ടുവരുന്നുണ്ട്. എന്നാൽ, ഭൂരിപക്ഷ/സവർണ്ണ വർഗ്ഗീയതയും ദേശീയതാവാദവും സംബന്ധിച്ച് ഒട്ടേറെ അവസരങ്ങളിൽ സഭ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. യാതൊരുവിധ വർഗ്ഗീയപ്രസ്ഥാനങ്ങളോടും യോജിച്ചു പ്രവർത്തിക്കാൻ കത്തോലിക്കാസഭയ്ക്കു സാധ്യവുമല്ല. കൂടാതെ, കേന്ദ്രസർക്കാരിന്റെ ചില നയങ്ങളുടെ ഭാഗമായി പ്രതിഷേധാർഹമായ തീരുമാനങ്ങൾ ഉണ്ടായിട്ടുള്ള സാഹചര്യങ്ങളിൽ കേരളസഭ ശക്തമായ വിയോജിപ്പ് പ്രകടിപ്പിക്കുകയാണ് ഉണ്ടായിട്ടുള്ളത്. പൗരത്വബിൽ, കാർഷികനയങ്ങൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. എന്നാൽ, നിലവിലുള്ള ഭരണപക്ഷ രാഷ്ട്രീയപ്പാർട്ടിയെ പൂർണ്ണമായി മാറ്റിനിർത്താൻ കത്തോലിക്കാസഭയ്ക്കെന്നല്ല ആർക്കും കഴിയില്ല എന്നതാണു വാസ്തവം. ഒരുകാര്യം വ്യക്തമാണ് – തീവ്രവർഗ്ഗീയനിലപാടുകൾ കാത്തുസൂക്ഷിക്കുന്ന പ്രസ്ഥാനങ്ങളോട്, അവ പ്രതിപക്ഷത്തിന്റെയോ ഭരണപക്ഷത്തിന്റെയോ ഒത്താശയോടെ ആണെങ്കിലും അകൽച്ച പാലിക്കുകയെന്നതുതന്നെയാണ് സഭയുടെ നിലപാട്.




**സംവാദത്തിൽ ചരിത്രം വിഷയമാക്കാമോ?**

പലതും കുഴിച്ചുമൂടിയിട്ടുള്ള ശവക്കുഴിയാണ് ചരിത്രം. അതിൽനിന്ന് സമൂഹത്തിന് ഉൾക്കൊള്ളാനുള്ളത് ചില പാഠങ്ങൾ മാത്രമാണ്. അതിനപ്പുറമുള്ള ചരിത്രത്തിന്റെ പുനർവായന അനാവശ്യമായ ദിശയിലേക്കു സംവാദങ്ങളെ നയിക്കും. അവ ഇടയ്ക്കിടെ ചർച്ച ചെയ്യപ്പെടുന്നതോ, ചർച്ചകളുടെ മറവിൽ സമുദായങ്ങൾക്കുനേരേ കുറ്റപ്പെടുത്തലുകൾ ഉയരുന്നതോ ഇന്നത്തെ സാമൂഹികപശ്ചാത്തലത്തിൽ സത്ഫലങ്ങൾക്കിടയാക്കുകയില്ല എന്നു നിസ്സംശയം പറയാം. കാരണം, സാമൂഹികസാഹചര്യങ്ങളും സംസ്കാരങ്ങളും പരിണാമവിധേയമാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് കഴിഞ്ഞുപോയ പലതും അടഞ്ഞ അധ്യായങ്ങളാണ്.

എന്നാൽ, ചരിത്രങ്ങൾ ചർച്ച ചെയ്യപ്പെടേണ്ട ചില സാഹചര്യങ്ങൾ ഉടലെടുത്തേക്കാം. വിപരീതപരിണാമത്തിനുള്ള കൊടിയ ശ്രമങ്ങളുണ്ടാകുമ്പോഴും, ചരിത്രത്തിൽ തിരുത്തെഴുത്തുകൾ നടക്കുമ്പോഴും, സ്ഥാപിതതാത്പര്യങ്ങൾക്കായി അർദ്ധസത്യങ്ങളെ ഉയർത്തിക്കാണിക്കുമ്പോഴും, ചില സത്യങ്ങളെ തമസ്കരിക്കുമ്പോഴും നിശ്ശബ്ദത യുക്തമല്ല. ഭൂതകാലത്തിലേക്കു തിരികെ സഞ്ചരിക്കാനുള്ള ശ്രമത്തിൽ ഹാഗിയ സോഫിയയുടെ ഒരു ഘട്ടംവരെയുള്ള ചരിത്രം വിസ്മരിക്കപ്പെട്ടത് കഴിഞ്ഞയിടെ നാം കണ്ടു. മലബാർ കലാപം സംബന്ധിച്ചുള്ള സമീപകാലവിവാദങ്ങൾക്കു പിന്നിൽ, ചരിത്രത്തിന്റെ തിരുത്തെഴുത്തലുകൾക്കുള്ള ആസൂത്രിതശ്രമങ്ങളുണ്ട്.

ചരിത്രത്തെ ചരിത്രമായിത്തന്നെ നിലനിൽക്കാൻ അനുവദിക്കുകയാണ് ആധുനികസമൂഹത്തിന് ചരിത്രത്തോടു പുലർത്താൻ കഴിയുന്ന നീതി. യഥാർത്ഥ ചരിത്രങ്ങളിൽനിന്നു പാഠമുൾക്കൊള്ളാനുള്ള തലമുറകളുടെ അവകാശത്തെ നിഷേധിക്കാൻ പാടില്ലാത്തതാണ്. അതിനപ്പുറം ചരിത്രത്തിൽ കൈകടത്താനുള്ള ശ്രമങ്ങളുണ്ടെങ്കിൽ അവിടെ സംവാദങ്ങൾ നടക്കട്ടെ. അത് പൂർവ്വികരോടു പുലർത്തുന്ന നീതികൂടിയാണ്.

**അധിനിവേശശ്രമങ്ങൾ കേരളത്തിൽ**

കഴിഞ്ഞ ചില വർഷങ്ങളായി കേരളത്തിൽ നടപ്പാക്കപ്പെട്ടുകൊണ്ടിരിക്കുന്ന അധിനിവേശപദ്ധതികൾ പലതുണ്ട്. മുഖ്യധാരാരാഷ്ട്രീയംമുതൽ നാട്ടിൻപുറങ്ങളിൽ വരെ അതിന്റെ ലക്ഷണങ്ങൾ പ്രകടമാണ്. സമീപകാലങ്ങളായി അന്വേഷണം പുരോഗമിക്കുന്ന കള്ളക്കടത്ത് – തീവ്രവാദ ഇടപാടുകൾക്കു പിന്നിലെ സഖ്യങ്ങൾക്ക് രാഷ്ട്രീയപ്രസ്ഥാനങ്ങളുമായുള്ള ബന്ധങ്ങൾക്കുള്ള സൂചനകൾ വർഷങ്ങൾക്കു മുമ്പുമുതലേ ഇവിടെ പ്രകടമായിരുന്നു. ഇവിടെ സംഭവിച്ച വർഗ്ഗീയധ്രുവീകരണത്തിൽ തീവ്ര മുസ്ളീം സംഘടനകൾക്കും, സംഘപരിവാർ അനുകൂല സംഘടനകൾക്കും വ്യക്തമായ പങ്കുണ്ട്.

രാഷ്ട്രീയത്തിലേക്കും, വിവിധ ബിസിനസ് മേഖലകളിലേക്കും, സാംസ്കാരിക-മാധ്യമ രംഗങ്ങളിലേക്കുമുള്ള ഇത്തരം പ്രത്യയശാസ്ത്രങ്ങളുടെ കടന്നുകയറ്റം വലിയ പ്രത്യാഘാതങ്ങൾക്കു വഴിവച്ചു. പലപ്പോഴും യോജിച്ചു പ്രവർത്തിച്ച രാഷ്ട്രീയ – കച്ചവട – മാധ്യമ സഖ്യങ്ങൾ, തങ്ങൾ ലക്ഷ്യംവച്ചതെന്തും അതീവ സൂക്ഷ്മതയോടെ നേടിയെടുക്കാൻ പര്യാപ്തമായിരുന്നു. പലതും മറച്ചുവയ്ക്കാൻ മാധ്യമങ്ങളും, സ്വാധീനം ചെലുത്താൻ ബിസിനസുകാരും, എന്തിനും അവസരമൊരുക്കാൻ രാഷ്ട്രീയപ്പാർട്ടികളും സന്നദ്ധരായതോടെ കേരളം കൈപ്പിടിയിലൊതുക്കാമെന്ന ആത്മവിശ്വാസം ചിലർക്ക് കൈവന്നു. തുടർന്നാണ് കേരളം അധിനിവേശങ്ങളുടെ പൂരപ്പറമ്പായി മാറിയത്.

---

*ലേഖകൻ കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറിയാണ്.*

# രാഷ്ട്രീയത്തിലെ നന്മമരം

വിളക്കുമരം



ഡോ. സിറിയക് തോമസ്

**പാലായുടെ സാമൂഹികസാംസ്കാരികമണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന ജോർജ് തോമസ് കൊട്ടുകാപ്പള്ളി അന്തരിച്ചിട്ട് ഒക്ടോബർ പതിനൊന്നിന് 50 വർഷം**

**ഒ**രു കാലഘട്ടത്തിൽ ഒരുപക്ഷേ, കേരളത്തിൽ ഏറ്റവും കൂടുതൽ അറിയപ്പെട്ടിരുന്ന പേരുകളിൽ ഒന്നായിരുന്നു കൊട്ടുകാപ്പള്ളി. ഒരു തലമുറക്കാലം മധ്യതിരുവിതാംകൂറിൽ നിറഞ്ഞുനിന്ന പേരുകളിൽ ഒന്നെന്നും പറയാം. സ്വന്തം കുടുംബപ്പേര് പേരിനുപകരമായി ഇതുപോലെ ഉപയോഗിക്കപ്പെട്ട മറ്റധികം ഉദാഹരണങ്ങളുമില്ല. എന്നാൽ പിതൃവഴിയിൽ മേനാംപറമ്പിലും മാതൃവഴിയിൽ കൊട്ടുകാപ്പള്ളിയും ആയിരുന്നു ജോർജ് തോമസ് കൊട്ടുകാപ്പള്ളിയുടെ കുടുംബവേരുകൾ. മീനച്ചിലാറിനക്കരെയായിരുന്നു മേനാംപറമ്പിൽ കുടുംബം. കൊട്ടുകാപ്പള്ളിത്തറവാട് പാലാ ടൗണിനു നടുക്കും. ജോർജ് തോമസ് കൊട്ടുകാപ്പള്ളിയെന്ന കൊട്ടുകാപ്പള്ളി തൊമ്മച്ചൻ ജനിച്ചതും വളർന്നതും അവിടെയായിരുന്നുവെന്നതും ആ പേരിനു കാരണമായിരിക്കണം. പിൽക്കാലത്ത് അദ്ദേഹത്തെ ജനങ്ങൾ വിളിച്ചതും അവർക്കിടയിൽ അദ്ദേഹം പ്രശസ്തനായതും കൊട്ടുകാപ്പള്ളി തൊമ്മച്ചൻ എന്ന പേരിലാണ്. ഇന്ത്യൻ പാർലമെന്റിൽ മാത്രമല്ല, ഐക്യരാഷ്ട്രസഭയിൽ വരെ പിന്നീട് ആ പേരു പ്രസിദ്ധമായി. രണ്ടു തവണ പാർലമെന്റിൽ പോയ കൊട്ടുകാപ്പള്ളി രണ്ടു പ്രാവശ്യം ഇന്ത്യൻ പ്രതിനിധിസംഘാംഗം എന്ന നിലയിൽ ഐക്യരാഷ്ട്രസഭയിലും പോയി. അവിടെ ഒന്നാന്തരം ഇംഗ്ലീഷിൽ പ്രസംഗിക്കുകയും ചെയ്തു. കൊട്ടുകാപ്പള്ളിയുടേത് നക്ഷത്രവശാൽ എന്തുകൊണ്ടും ഒരു ഭാഗ്യജാതകമായിരുന്നിരിക്കണം.

ഉറച്ച വിശ്വാസിയും ഭക്തനുമായിരുന്നു കൊട്ടുകാപ്പള്ളി. മേനാംപറമ്പിലും കൊട്ടുകാപ്പള്ളിയും പാലാ വലിയപള്ളിയിടവകയിൽപ്പെട്ട കുടുംബങ്ങളാണ്. എന്നാൽ, തൊമ്മച്ചൻ എന്നും വൈകാരികമായ ഒരടുപ്പം പുലർത്തിയത് വീടിനു തൊട്ടുണ്ടായിരുന്ന പാലാ കുരിശുപള്ളിയോടാണ്. കുരിശുപള്ളി മാതാവിന്റെ വലിയ ഭക്തനായിരുന്നു കൊട്ടുകാപ്പള്ളി. പഴയ കുരിശുപള്ളി പുതുക്കിപ്പണിയുമ്പോൾ അതു കരിങ്കല്ലിൽ തീർക്കുന്ന ഒരു കാവ്യമായിരിക്കണമെന്നു പറഞ്ഞതും കൊട്ടുകാപ്പള്ളിതന്നെയാണ്. ചെത്തിമിനുക്കിയ ഒരു കരിങ്കല്ല് ഒരു ദിവസം എന്ന കണക്കിലായിരുന്നു കൊട്ടുകാപ്പള്ളിയുടെ വക സംഭാവന. പണമായി വേറേയും. പാലാക്കാർക്കു കുരിശുപള്ളിഭക്തി എന്നത് ആഴമായ ഒരു പൊതുവികാരമാണ്. അതിൽ ജാതിമതഭേദവുമില്ല.

മാന്നാനം ഹൈസ്കൂളിൽ നിന്നു സ്കൂൾഫൈനൽ പാസായ ജോർജ് തോമസ് കൊട്ടുകാപ്പള്ളിയും സഹോദരൻ ജോർജ് ജോസഫ് കൊട്ടുകാപ്പള്ളിയും ഉപരിപഠനത്തിനു പോയത് കൊൽക്കൊത്തയ്ക്കാണ്. ഡിഗ്രിപഠനത്തിനു ചേർന്നെങ്കിലും അവിടെവച്ചു ദേശീയനേതാക്കളുടെ പ്രഭാഷണങ്ങൾ കേട്ടതോടെ ദേശീയബോധം തലയ്ക്കുപിടിച്ചു മനസ്സുമാറ്റി രണ്ടു പേരും തിരിയെ പാലായിലേക്കു വരികയായിരുന്നു. ഇവിടെ എത്തിയ ശേഷം വക്കീൽ, രാമപുരം ആർ.ടി. മാണിയുമായിച്ചേർന്നു ടൗണിലെ തെരുവിൽമാളികയിൽ ഒരു ദേശീയ വായനശാല ആരംഭിച്ചുവെന്നു മാത്രമല്ല പാലായിൽ ആദ്യമായി അവർ മൂവരും ചേർന്നാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒരു ശാഖ രൂപീകരിക്കുന്നതും.

1934 ൽ ആർ.ടി. മാണി വക്കീലിന്റെ മൂത്ത സഹോദരപുത്രൻ ആർ.വി. തോമസ് പാലായിൽനിന്നു നിയമസഭാ കൗൺസിലിലേക്ക് എം.എൽ.സി. ആയി തിരഞ്ഞെടുക്കപ്പെടുകയും നിവർത്തനപ്രക്ഷോഭത്തിലും തുടർന്ന് സംയുക്ത രാഷ്ട്രീയസഖ്യസമരത്തിലുംകൂടി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരണത്തിന് പട്ടം താണുപിള്ള, ടി.എം. വർഗീസ്, സി. കേശവൻ, എ.ജെ. ജോൺ, ആനി മസ്ക്രീൻ, ഇ. ജോൺ ഫിലിപ്പോസ് തുടങ്ങിയവർക്കൊപ്പം നേതൃത്വം നൽകുകയും ചെയ്തു. പാലായിൽ ആദ്യകാലത്ത് ആർ.വി.ക്കൊപ്പം മുൻനിരയിൽവന്നത് ഡേവിഡ് മഹാപിള്ള, ഡോ. എൻ.കെ. വാര്യർ തുടങ്ങിയവരാണ്. പി.ടി. ചാക്കോ, കെ.എം. ചാണ്ടി, ചെറിയാൻ കാപ്പൻ തുടങ്ങിയവർ യുവനിരയിലും. സ്റ്റേറ്റ് കോൺഗ്രസ് വിരോധം മൂത്ത് ദിവാൻ സർ സി.പി. നാഷണൽ ക്വയിലോൺ ബാങ്കു പൊളിക്കുകയും കെ.സി. മാമ്മൻ മാപ്പിളയെയും സഹോദരങ്ങളെയും സി.പി. മാത്തൻ തുടങ്ങിയവരെയും തടവിലാക്കുകയും ചെയ്തപ്പോൾ ടി.എം. വർഗീസാണ് കൊട്ടുകാപ്പള്ളിയോടു സജീവകോൺഗ്രസ് രാഷ്ട്രീയത്തിൽനിന്നു മാറിനിൽക്കാനും പാലാ ബാങ്കിനെ ദിവാന്റെ കോപത്തിൽപ്പെടാതെ സൂക്ഷിക്കാനും രഹസ്യമായി ഉപദേശിച്ചത്. പാലാ കോളജിന്റെ സ്ഥാപനത്തിലും കൊട്ടുകാപ്പള്ളി ബിഷപ് മാർ വയലിലിനോടൊപ്പംനിന്ന് ആദ്യവസാനം പ്രവർത്തിക്കുകയുണ്ടായി.

പാലാ മുനിസിപ്പാലിറ്റിയുടെ ആദ്യ കൗൺസിലിൽ തൊമ്മച്ചനും അംഗമാവുകയും ആദ്യചെയർമാനായിരുന്ന ആർ.വി. തോമസ് നിയമസഭാസ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പകരം മുനിസിപ്പൽ ചെയർമാനാവുകയും ചെയ്തു. 1953 ൽ പി.ടി. ചാക്കോ തന്റെ എം.പി. സ്ഥാനം രാജിവച്ച ഒഴിവിൽ അന്നത്തെ മീനച്ചിൽ പാർലമെന്റുമണ്ഡലത്തിൽനിന്നു കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ചു ജയിച്ചതും കൊട്ടുകാപ്പള്ളി തൊമ്മച്ചനായിരുന്നു. പ്രശസ്ത സ്വാതന്ത്ര്യസമരസേനാനിയായിരുന്ന അക്കാമ്മ ചെറിയാനായിരുന്നു എതിർസ്ഥാനാർത്ഥി.

അക്കാമ്മ സ്റ്റേറ്റ് കോൺഗ്രസിന്റെ മുൻനിര പടയാളിയായിരുന്നു. അക്കാമ്മയെ ഒരിക്കൽ മഹാത്മാ ഗാന്ധി വിശേഷിപ്പിച്ചത് തിരുവിതാംകൂറിന്റെ ഝാൻസി റാണിയെന്നാണ്. പിൽക്കാലത്ത് എന്തുകൊണ്ടോ അവർക്ക് കോൺഗ്രസ് നേതൃത്വത്തിൽനിന്ന് അർഹമായ ഒരു പരിഗണനയും കിട്ടിയിരുന്നില്ല. ആദ്യനിയമസഭയിൽ അംഗമായെങ്കിലും മന്ത്രിസഭയിൽ ഉൾപ്പെടുത്തിയത് മിസ് ആനി മസ്ക്രീനെയായിരുന്നു. 1952 ൽ മീനച്ചിൽനിന്നു ലോക്സഭാ ടിക്കറ്റു ചോദിച്ചപ്പോഴും പാർട്ടി ടിക്കറ്റ് കൊടുത്തത് പി.ടി. ചാക്കോയ്ക്കായിരുന്നു. 53 ൽ ചാക്കോ രാജിവച്ചപ്പോഴും പാർട്ടി അവർക്കു ടിക്കറ്റു നിഷേധിച്ചപ്പോഴാണ് അവർ സ്വതന്ത്രയായി മത്സരിച്ചത്. കൊട്ടുകാപ്പള്ളിയും അക്കമ്മയും തമ്മിൽ നടന്നത് തീ പാറുന്ന മത്സരവുമായിരുന്നു. പക്ഷേ, അവരുടെ ആദ്യപ്രസവത്തിന് ആരോഗ്യകാരണങ്ങളാൽ പെട്ടെന്നുതന്നെ വെല്ലൂർ ആശുപത്രിയിൽ അഡ്മിറ്റാക്കേണ്ടിവന്നതുകൊണ്ട് അക്കാമ്മയ്ക്കു പ്രചാരണത്തിനിറങ്ങാനും കഴിഞ്ഞില്ല. മീനച്ചിൽ അന്നു കോൺഗ്രസിന്റെ ഒരു ശക്തികേന്ദ്രമായിരുന്നുവെന്നു മാത്രമല്ല, കൊട്ടുകാപ്പള്ളിക്കു നായർ-ക്രിസ്ത്യൻ സമുദായങ്ങളുടെയും മനോരമ-ദീപിക-ദേശബന്ധു പത്രങ്ങളുടെയും സഭയുടെയും ശക്തമായ പിന്തുണയും ഉണ്ടായിരുന്നു. എന്നിട്ടും കോൺഗ്രസിന്റെ പരമ്പരാഗതവോട്ടുകളിൽ കാര്യമായ ചോർച്ചയുണ്ടാക്കാൻ അവരുടെ സ്ഥാനാർത്ഥിത്വത്തിനു കഴിഞ്ഞു. പക്ഷേ, കമ്യൂണിസ്റ്റുപാർട്ടി അവർക്കു പരസ്യപിന്തുണ പ്രഖ്യാപിച്ചത് ഒരു പക്ഷേ, അവർക്കു കിട്ടാമായിരുന്ന ഒട്ടുവളരെ യാഥാസ്ഥിതിക വോട്ടുകൾ നഷ്ടപ്പെടുത്തിയിരിക്കാനും ഇടയുണ്ട്.



ജോർജ് തോമസ് കൊട്ടുകാപ്പള്ളി

തിരഞ്ഞെടുപ്പുഫലം വന്നശേഷം കൊട്ടുകാപ്പള്ളി ആദ്യം ചെയ്തത് അക്കാമ്മയെ പോയി കാണുകയാണ്. നേരത്തേയും അവർ നല്ല സുഹൃത്തുക്കളായിരുന്നു. പിന്നീടു രണ്ടു പേരും അവരുടെ പഴയ സൗഹൃദം കോട്ടംവരാതെ നിലനിറുത്തുകയും ചെയ്തു. അക്കാലത്തെ രാഷ്ട്രീയത്തിന്റെ ഒരു നന്മവശമായിരുന്നു അത്. എന്നാൽ അദ്ഭുതം സംഭവിച്ചത് കുറച്ചുകാലം കഴിഞ്ഞാണ്. അക്കാമ്മയ്ക്കു തിരഞ്ഞെടുപ്പ് വലിയ കടമുണ്ടാക്കിയിരുന്നു. സ്വാതന്ത്ര്യസമരത്തിലും അവർക്ക് ഒട്ടുവളരെ സ്വത്തു നഷ്ടപ്പെട്ടിരുന്നല്ലോ. ഒരുദിവസം കൊട്ടുകാപ്പള്ളി അക്കമ്മയുടെ വീട്ടിൽ ചെന്നു. അക്കാമ്മയും ഭർത്താവ് വി.വി. വർക്കി(അദ്ദേഹവും സ്വാതന്ത്ര്യസമരസേനാനിയും എം.എൽ.എയുമായിരുന്നു)യുമായി ദീർഘമായി പഴയ കഥകളൊക്കെ പറഞ്ഞുമടങ്ങുമ്പോൾ ഒരു കവർ (അന്ന് ഇതൊരു വലിയ തുകതന്നെയായിരുന്നു) അക്കമ്മയുടെ കൈയിൽ കൊടുത്തു പറഞ്ഞുവത്രേ: "അന്നത്തെ തിരഞ്ഞെടുപ്പിൽ അക്കമ്മയ്ക്കു നല്ല ഒരു തുക കടം വന്നുവെന്ന് എനിക്കറിയാം. ഇതൊരു ചെറിയ പരിഹാരമാകട്ടെ. വേണ്ടെന്നു മാത്രം പറയരുത്." രണ്ടുപേർക്കും കണ്ണുനിറഞ്ഞുവെന്നാണ് പറഞ്ഞുകേട്ട കഥ. ലോകത്ത് ആദ്യമായിരിക്കണം ജയിച്ച ഒരു സ്ഥാനാർത്ഥി തനിക്കെതിരേ മത്സരിച്ചു തോറ്റ സ്ഥാനാർത്ഥിക്ക് ഇങ്ങനെയൊരു നഷ്ടപരിഹാരം നൽകുന്നത്. വ്യംഗ്യമായ ക്ഷമാപണം! കൊട്ടുകാപ്പള്ളിയുടെ നന്മയുടെ ഒരു വശംകൂടി സൂചിപ്പിച്ചുവെന്നു മാത്രം.

കൊട്ടുകാപ്പള്ളി എം.പിയായിരിക്കുമ്പോഴാണ് ഇടുക്കി ജലവൈദ്യുതപദ്ധതി നടപ്പാകുന്നതും ഈരാറ്റുപേട്ട-വാഗമൺ റോഡുണ്ടാകുന്നതും. അന്ന് (1960-62) സംസ്ഥാനവൈദ്യുതമന്ത്രി പി.ടി. ചാക്കോ ആയിരുന്നു. മരാമത്തു മന്ത്രി ഡി. ദാമോദരൻപോറ്റിയും. അതു തീർച്ചയായും അന്നു കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കിയിരിക്കണം. അക്കാലത്തു തന്നെയാണ് തികച്ചും ദുരൂഹമായ സാഹചര്യത്തിൽ പാലാ സെൻട്രൽ ബാങ്ക് ലിക്വിഡേഷനു വിധേയമായത്. ബാങ്കിന്റെ തകർച്ച കൊട്ടുകാപ്പള്ളിയെ രാഷ്ട്രീയമായും ശാരീരികമായും മാനസികമായും വല്ലാതെ ഉലച്ചുവെന്നതിൽ തർക്കമില്ല. പോരാത്തതിന് കോടതിയിൽ പരസ്യവിചാരണയുംകൂടി വന്നതോടെ അദ്ദേഹത്തിന്റെ മനസ്സിൽ ആഴത്തിൽ മുറിവേറ്റു. പൊതുരംഗത്തുനിന്നു മാറിനിൽക്കേണ്ട സാഹചര്യമുണ്ടായപ്പോഴും പ്രതിസന്ധികളുടെ മധ്യത്തിൽ കൊട്ടുകാപ്പള്ളി സ്ഥിതപ്രജ്ഞനായി നിലകൊണ്ടു.

കൊട്ടുകാപ്പള്ളി ഒരു നല്ല വായനക്കാരനായിരുന്നു. ഒരു പക്ഷേ, അക്കാലത്ത് കേരളത്തിലെ ഏറ്റവും നല്ല ഹോംലൈബ്രറിയും കൊട്ടുകാപ്പള്ളിയിലേതുതന്നെ ആയിരിക്കണം. പ്രായവ്യത്യാസം പരിഗണിക്കാതെ എല്ലാവരെയും ഹൃദയത്തോടു ചേർത്തുനിർത്തുന്നതായിരുന്നു കൊട്ടുകാപ്പള്ളിയുടെ രീതി. അതിൽ ജാതിമതഭേദമോ രാഷ്ട്രീയവ്യത്യാസമോ ഒന്നും തടസ്സമായതുമില്ല. മറ്റുള്ളവരെ സഹായിക്കുന്നതിൽ എന്നും സന്തോഷം കണ്ടിരുന്നയാളായിരുന്നു കൊട്ടുകാപ്പള്ളി. സംഭാഷണകലയിലും അദ്ദേഹം ഒരസാമാന്യവിദഗ്ധനായിരുന്നു. ഇംഗ്ലീഷും മലയാളവും കൊട്ടുകാപ്പള്ളിക്ക് ഒരുപോലെ വഴങ്ങിയിരുന്നു. എത്രസമയം കേട്ടിരുന്നാലും കേൾക്കുന്നവർക്കു മടുപ്പില്ല. നർമ്മവും പരിഹാസവും സാഹിത്യവും രാഷ്ട്രീയവും സ്വന്തജീവിതാനുഭവങ്ങളും ദേശീയനേതാക്കളെയും നാട്ടുനേതാക്കളെയും കുറിച്ചുള്ള വിലയിരുത്തലുകളും എല്ലാം ചേർന്നതായിരുന്നു തൊമ്മച്ചന്റെ സംഭാഷണരീതി. അടുപ്പമുള്ളവരുമായി അനുഭവകഥകൾ പങ്കുവയ്ക്കുന്നതും അദ്ദേഹത്തിനു ഹരമായിരുന്നു.

ആത്മസ്നേഹിതന്റെ മകനെന്ന നിലയിൽ എന്നോടും വലിയ വാത്സല്യമായിരുന്നു, വിശ്വാസവും. സജീവരാഷ്ട്രീയത്തിലും എനിക്കദ്ദേഹം വഴികാട്ടിയും മാർഗ്ഗദർശിയുമായി. 1969 ൽ പാലായിലെ ഗാന്ധി ജന്മശതാബ്ദി കമ്മിറ്റിയുടെ പ്രസിഡന്റായി കൊട്ടുകാപ്പള്ളി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ജനറൽ സെക്രട്ടറിയായി എന്നെയാണ് അദ്ദേഹം നിർദ്ദേശിച്ചത്. യാത്രകളിൽ പലപ്പോഴും ഒപ്പംകൂട്ടി. നെഹ്റുവിനെയും കൃഷ്ണമേനോനെയും മറ്റും പറ്റിയുള്ള ഒട്ടേറെ കഥകൾ പറഞ്ഞുകേൾപ്പിച്ചു. എന്നാൽ 1969 ൽ ദേശീയതലത്തിലുണ്ടായ കോൺഗ്രസിന്റെ പിളർപ്പിൽ കൊട്ടുകാപ്പള്ളി ഇന്ദിരാപക്ഷത്ത് ഉറച്ചുനിന്നപ്പോൾ ഞാൻ മൊറാർജി ഭാഗത്തു നിൽക്കുന്നതിനോട് എതിർപ്പൊന്നും പ്രകടിപ്പിച്ചതുമില്ല.

ജീവിതത്തിലെന്നതുപോലെ മരണത്തിലും കൊട്ടുകാപ്പള്ളി സവിശേഷത പുലർത്തി. പാർലമെന്റിൽ തന്റെ സഹപ്രവർത്തകനായിരുന്ന പ്രഫ. സി.പി. മാത്യുവിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നതിന് കോട്ടയം എം.ടി. സെമിനാരി ഹാളിൽ ചേർന്ന യോഗത്തിൽ തന്റെ പ്രിയമിത്രത്തെക്കുറിച്ചുള്ള വികാരഭരിതമായ ഓർമ്മകൾ പങ്കുവയ്ക്കുന്നതിനിടെയിലാണ് ഹൃദയാഘാതംമൂലം കൊട്ടുകാപ്പള്ളി അന്തരിച്ചത്. ജീവിതത്തെയെന്നപോലെ തന്റെ മരണത്തെയും കൊട്ടുകാപ്പള്ളി തൊമ്മച്ചൻ താനറിയാതെ വൻവാർത്തയാക്കി. നിർത്താതെ പെയ്ത പെരുമഴയിലും പിറ്റേന്നു പതിനായിരങ്ങളാണ് കൊട്ടുകാപ്പള്ളിക്കു സ്നേഹപൂർവ്വം യാത്രാമൊഴി ചൊല്ലിയത്.

ആരെന്തു പറഞ്ഞാലും കൊട്ടുകാപ്പള്ളി തൊമ്മച്ചൻ ജീവിച്ചതും മരിച്ചതും ഒരു കോൺഗ്രസുകാരനായിത്തന്നെയാണ്. തന്റെ ഇരുപത്തിയൊന്നാം വയസ്സിൽ (1923 ൽ) പാലായിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യശാഖയ്ക്കു രൂപം കൊടുത്ത ത്രിമൂർത്തികളിലൊരാളായിരുന്ന ജോർജ് തോമസ് കൊട്ടുകാപ്പള്ളി നമ്മെ കടന്നുപോയിട്ട് 2020 ഒക്ടോബർ മാസത്തിൽ 50 വർഷമാവുന്നു. ദേശഭക്തനായ ജനനേതാവെന്ന നിലയിലും അഭിജാതനായ നഗരപിതാവെന്ന നിലയിലും കഴിവുറ്റ പാർലമെന്റംഗമെന്ന നിലയിലും ഐക്യരാഷ്ട്രസഭയിലെ ഇന്ത്യൻ പ്രതിനിധിയെന്ന നിലയിലും പാലായുടെ അഭിമാനഭാജനമായിരുന്ന കൊട്ടുകാപ്പള്ളി തൊമ്മച്ചൻ എന്നും നമുക്ക് ഒരു ദീപ്തസ്മരണയാണ്.

□

ദീപനാളം
ESTD-1968

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**ക്ഷമാശീലനു കുറച്ചുകാലത്തേക്കു മാത്രമേ സഹിക്കേണ്ടിവരൂ. അതുകഴിഞ്ഞാൽ അവന്റെ മുമ്പിൽ സന്തോഷം പൊട്ടിവിടരും.**

പ്രഭാഷകൻ 1:23

## എഡിറ്റോറിയൽ

### സൈബറിടങ്ങളിലെ അതിക്രമങ്ങൾ

# നിയമം നോക്കുകുത്തിയാകരുത്

സൈബർലോകം അശ്ലീലങ്ങളുടെയും ആഭാസങ്ങളുടെയും കൂത്തരങ്ങായി അധഃപതിച്ചിട്ടു നാളുകളേറെയായി. സൈബറിടങ്ങളിലെ സാമൂഹികവിരുദ്ധരുടെ അഴിഞ്ഞാട്ടങ്ങൾ കണ്ടില്ലെന്നു നടിക്കാനാവാത്തവിധം ഇന്നു ജനസംസാരമായിത്തീർന്നിരിക്കുന്നു. സ്ത്രീകൾക്കെതിരേ അപകീർത്തികരമായ വീഡിയോകളും മറ്റും പോസ്റ്റു ചെയ്യുന്ന നീചന്മാരെ കൂച്ചുവിലങ്ങിടാൻ നിയമവും നീതിപാലകരും നീതിപീഠങ്ങളും കണ്ണടയ്ക്കുന്നിടത്ത്, അതു 'കൈകാര്യം' ചെയ്യാനറിയാവുന്ന ഫെമിനിസ്റ്റുകളെയും സോഷ്യൽ ആക്ടിവിസ്റ്റുകളെയും അവരുടെ ചെയ്തികളെയും പ്രബുദ്ധകേരളം സശ്രദ്ധം വീക്ഷിക്കുകയും വിഷയം ചർച്ചയ്ക്കെടുക്കുകയും ചെയ്തു.

കയ്യേറ്റങ്ങൾ അതിൽത്തന്നെ തെറ്റായതുകൊണ്ടും നിയമം കൈയിലെടുക്കാൻ ആർക്കും അവകാശമില്ലാത്തതുകൊണ്ടും ഫെമിനിസ്റ്റുകളുടെ തുറന്ന പ്രതികരണരീതികൾ നീതീകരിക്കാനാവില്ലെന്നു തീർത്തുപറയുമ്പോഴും, 'ഞങ്ങൾക്കും ഇവിടെ മാന്യമായി ജീവിക്കണ്ടേ, എത്ര കാലമാണ് ഇങ്ങനെ മൗനംപൂണ്ടു സഹിക്കുന്നത്' എന്നിങ്ങനെയുള്ള സ്ത്രീപക്ഷവാദങ്ങളെയും പോരാട്ടങ്ങളെയും വെറുതെയങ്ങു തള്ളിക്കളയാനുമാവില്ല.

അധ്യാപികമാർക്കു നേരേ സൈബറാക്രമണം നടത്തിയായിരുന്നല്ലോ സാക്ഷരകേരളത്തിന്റെ ഇത്തവണത്തെ അധ്യയനവർഷം പിറന്നത്. ഐ.ടി. അറ്റ് സ്കൂളിന്റെ നേതൃത്വത്തിൽ നടന്ന 'ഫസ്റ്റ്ബെൽ' ഓൺലൈൻ ക്ലാസ്സിനെത്തുടർന്ന് സായി ശ്വേത എന്ന അധ്യാപികയാണ് സൈബറാക്രമണത്തിനിരയായത്. ആദ്യത്തെ വനിതാകമ്മീഷൻ അധ്യക്ഷയായിരുന്ന പ്രശസ്ത സാഹിത്യകാരി സുഗതകുമാരിയും ഇപ്പോഴത്തെ വനിതാകമ്മീഷൻ അധ്യക്ഷയായ എം.സി. ജോസഫൈനും ഉൾപ്പെടെയുള്ളവർ സൈബറാക്രമണത്തിൽ മുറിവേറ്റിട്ടുണ്ടെന്നു പറയുമ്പോൾ ഒരു സാധാരണ സ്ത്രീയുടെ ദയനീയാവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. മാത്രമല്ല, താൻ നേരിട്ടനുഭവിച്ച അക്രമത്തിനെതിരേ പോലും നീതി നടത്തിത്തരാൻ കഴിയാത്ത ദുർബലമായ ഒരു നിയമസംവിധാനമുള്ള ഈ നാട്ടിൽ, സൈബറാക്രമണത്തിന് ഇരകളായ മറ്റു സ്ത്രീകളുടെ കാര്യത്തിൽ തനിക്കെന്തു ചെയ്യാനാവുമെന്ന് വനിതാകമ്മീഷൻ അധ്യക്ഷതന്നെ പരാതിപ്പെടുമ്പോൾ, നമ്മുടെ സർക്കാരും നിയമപാലകരുമൊക്കെ പ്രതിക്കൂട്ടിലാവുകയാണ്.

സന്ന്യാസിനികളെയും സ്ത്രീത്വത്തെയും താറടിക്കുന്ന രീതിയിൽ ഒരു യൂട്യൂബ് ചാനലിൽവന്ന വീഡിയോയ്ക്കെതിരേ പലവട്ടം പൊലീസിൽ പരാതിപ്പെട്ടിട്ടും ഇതുവരെ നടപടികളൊന്നുമുണ്ടായില്ല. സമൂഹമാധ്യമങ്ങളിൽത്തന്നെ പ്രതിഷേധം ശക്തമായതോടെ വീഡിയോ പിൻവലിച്ചെങ്കിലും വിശദീകരണവുമായി പോസ്റ്റു ചെയ്ത വീഡിയോയിലും സമാനമായ അവഹേളനം ആവർത്തിക്കുകയാണുണ്ടായത്. ഏറ്റവുമൊടുവിലാണ്, ഇക്കഴിഞ്ഞ ദിവസം തിരുവനന്തപുരത്തു നടന്ന സൈബറാക്രമണവും അതിനെച്ചൊല്ലിയുള്ള സ്ത്രീആക്ടിവിസ്റ്റുകളുടെ പ്രതിഷേധക്കൈയേറ്റങ്ങളും വാർത്തയായത്.

ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 66 എ വകുപ്പ് 2015 മാർച്ച് 24 ന് സുപ്രീംകോടതി റദ്ദാക്കിയത് ഇന്ത്യൻ സൈബർലോകത്തെ നിർണായകമായ ഒരു തീരുമാനമായിരുന്നു. 2008 ൽ കൂട്ടിച്ചേർത്ത വകുപ്പ്, വ്യാപകമായി ദുരുപയോഗം ചെയ്യപ്പെട്ടതിനാലും സൈബറിടങ്ങളിലെ ജനങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു എന്നു കണ്ടെത്തിയതിനാലുമാണ് പ്രസ്തുത വകുപ്പ് സുപ്രീംകോടതി റദ്ദാക്കിയത്. എന്നാൽ അതിന്റെ ദുരിതം ഏറ്റുവാങ്ങിയത് നമ്മുടെ പാവം സ്ത്രീജനങ്ങളായിരുന്നു. മാത്രമല്ല, സ്ത്രീകളെ സൈബറിടങ്ങളിൽ അപമാനിക്കുന്നവരെ നിയമത്തിനു മുന്നിലെത്തിച്ച് അർഹമായ ശിക്ഷ വാങ്ങിക്കൊടുക്കാൻ പോലീസിന് ശക്തമായ ഒരു വകുപ്പില്ലാതായി എന്നതാണ് അവരുടെ നിസ്സഹായതയ്ക്കും നിസ്സംഗതയ്ക്കും കാരണം. പോലീസിനു പിടിച്ചുനില്ക്കാൻ ആകെപ്പാടെയുള്ള ആയുധം ഐപിസി 499, 500 പോലുള്ള ചില വകുപ്പുകൾ മാത്രമായി; അശ്ലീലമുണ്ടെങ്കിൽ ഐ.ടി. ആക്ട് 67 എന്ന വകുപ്പും.

റദ്ദാക്കപ്പെട്ട 66 എ വകുപ്പിനു പകരം കുറ്റമറ്റതും കാര്യക്ഷമവുമായ വകുപ്പുകൾ വിവരസാങ്കേതികനിയമത്തിൽ ഉൾപ്പെടുത്താൻ അഞ്ചരവർഷമായിട്ടും നമുക്കു സാധിച്ചിട്ടില്ല. ജനപ്രതിനിധികൾ ആ നിലയ്ക്കു ശ്രമിച്ചിട്ടില്ല എന്നതാണു വാസ്തവം. മതിയായ നിയമമില്ലെന്നു പറഞ്ഞ് പോലീസ് നിഷ്ക്രിയരായിരിക്കാതെ ഇന്നും നിലനില്ക്കുന്ന 67 വകുപ്പനുസരിച്ച് അവർക്കു കേസെടുത്ത് നടപടി സ്വീകരിക്കാവുന്നതേയുള്ളൂ.

അതിനുമപ്പുറം, നമ്മുടെ പൊതുസമൂഹം മൗനംവെടിഞ്ഞ് വെടിപ്പുള്ള ചിന്തകളുമായി മുന്നോട്ടുവരാതെ നമ്മുടെ നാടു നന്നാവുകയില്ല. ഇക്കഴിഞ്ഞ ദിവസങ്ങളിൽ ചർച്ചയായ, അശ്ലീലം മാത്രം പടച്ചുവിടുന്ന അപ്രശസ്തനായ യൂട്യൂബർക്ക് ഇരുപത്തയ്യായിരത്തോളം ഫോളവേഴ്സ് അഥവാ 'ആരാധകരു'ണ്ടെന്നു പറയുമ്പോൾ നമ്മുടെ സംസ്കാരം എവിടെ നില്ക്കുന്നുവെന്നു ചിന്തിക്കണം. വിവാദമായ വീഡിയോ മാത്രം ഒന്നരമാസത്തിനിടെ കണ്ടത് ഏഴു ലക്ഷം പേരാണ്.

നാടു നന്നാവാത്തതിനെപ്പറ്റി പരിതപിച്ചിട്ടോ പ്രതികരിച്ചിട്ടോ കാര്യമില്ല, സ്വയം നന്നാവുകയാണു പ്രധാനം. മനസ്സിന്റെയും ശരീരത്തിന്റെയും ആത്മാവിന്റെയും പരിശുദ്ധീകരണത്തിനു പ്രാധാന്യം കൊടുക്കാം. ആത്മീയധാർമ്മികസദാചാരനിയമങ്ങളിലുള്ള ചിട്ടയായ പരിശീലനം കൊണ്ടേ സാംസ്കാരികവെളിച്ചം ലഭിക്കുകയുള്ളൂവെന്ന് നമ്മുടെ വിദ്യാഭ്യാസവിദഗ്ധരും സാംസ്കാരികനായകരുമുൾപ്പെടെയുള്ളവർ ഇനിയെങ്കിലും തിരിച്ചറിഞ്ഞാൽ നന്ന്. □

# കൈയിൽ പണമില്ലേ? സാരമില്ല, ഇവിടെ ഭക്ഷണമുണ്ട്

കൊച്ചി: കാഷ്കൗണ്ടറില്ലാത്ത ഹോട്ടൽ എന്നുള്ളത് സങ്കല്പങ്ങളിൽ മാത്രമുള്ളതാണ്. എന്നാൽ തൃപ്പൂണിത്തുറയിലെ 'കപ്പൂച്ചിൻ മെസ്' ഒരു സങ്കല്പമല്ല, യാഥാർത്ഥ്യമാണ്. ഇവിടെ വരുന്ന ആർക്കും അവിടെയുള്ള എന്തു ഭക്ഷണവും കഴിക്കാം. ഭക്ഷണശേഷം ബില്ല് ഉണ്ടാവില്ല. ആരും കണക്കു പറയുന്നില്ല. ഒരു ചെറിയ വിലവിവരപ്പട്ടിക ചുവരിൽ തൂക്കിയിട്ടുണ്ട്. അധികം തുകയിട്ടാൽ പണമില്ലാതെ വരുന്നവർക്കുള്ള ഭക്ഷണത്തിനായി ഉപയോഗിക്കുമെന്നും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാളേക്കുള്ള കരുതലിനായി നമ്മുടെ വിഹിതം അവിടെ സ്ഥാപിച്ചിട്ടുള്ള തപാൽപ്പെട്ടിയിൽ സൗകര്യവും സന്മനസ്സുമുള്ളവർക്കു നിക്ഷേപിക്കാം.



എന്തുകൊണ്ടിവിടെ ഒരു ക്യാഷ് കൗണ്ടർ ഇല്ല എന്നു ചോദിച്ചാൽ ഇതൊരു ഹോട്ടലല്ല; മെസാണ് എന്ന മറുപടി ഒരു പുഞ്ചിരിയോടൊപ്പം നമുക്കു ലഭിക്കും.

ഈ കൊവിഡ്കാലത്ത് സമീപവാസികളെങ്കിലും പട്ടിണി കിടക്കരുതെന്ന തീരുമാനത്തിലാണ് ധ്യാനഗുരുവും എഴുത്തുകാരനുമായ കപ്പൂച്ചിൻ സന്ന്യാസി ഫാ. ബോബി ജോസ് കട്ടികാട് മുൻകൈയെടുത്ത് ഇങ്ങനെയൊരു കാരുണ്യപദ്ധതി ആരംഭിച്ചത്.

കപ്പൂച്ചിൻ ശാന്തി ആശ്രമത്തിന്റെ കീഴിലാണ് ഈ മെസ് പ്രവർത്തിക്കുന്നത്. ആശ്രമത്തിലെ അന്തേവാസികൾക്കുണ്ടാക്കുന്ന അതേ ആഹാരംതന്നെ ഇവിടെയും വിളമ്പുന്നു. അതുകൊണ്ടുതന്നെ വീട്ടിലുണ്ടാക്കുന്നതുപോലെതന്നെയുള്ള ഭക്ഷണമാണ് ഇവിടെ ലഭിക്കുന്നത്.

ശാന്തമായ അന്തരീക്ഷത്തിലിരുന്ന് ഭക്ഷണം കഴിക്കാമെന്ന ചിന്തയിലും, ഒരു നേരത്തെ ആഹാരം കഴിക്കാൻ നിവൃത്തിയില്ലാത്തവർക്ക് ഒരു കൈത്താങ്ങാകട്ടെ എന്നു കരുതിയും ഇവിടെ ഭക്ഷണം കഴിക്കാനെത്തുന്നവരും ഭക്ഷണം കഴിക്കാതെ തന്നെ പണം പെട്ടിയിൽ നിക്ഷേപിക്കുന്നവരും നിരവധിയാണ്.

നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ അലഞ്ഞുതിരിയുന്ന ഒരുപാടു പേർക്ക് കപ്പൂച്ചിൻ മെസ് ആശ്രയമാകുന്നുണ്ട്. അതിജീവനത്തിന്റെ ഇക്കാലത്ത് ആഹാരത്തിനൊപ്പം സ്നേഹംകൂടി വിളമ്പുകയാണിവിടെ.

# തൊണ്ണൂറ്റിയെട്ടിലും സ്ത്രീശക്തിയുടെ കരുത്തുകാട്ടി കാർത്ത്യായനിയമ്മ

**ഇന്ത്യയിലെ വനിതകൾക്കു ലഭിക്കുന്ന പരമോന്നതബഹുമതിയായ നാരീശക്തി പുരസ്കാരം നേടിയ ആലപ്പുഴ ചേപ്പാട് സ്വദേശിനി കാർത്ത്യായനിയമ്മ ലോകവയോജനദിനത്തിൽ മാധ്യമശ്രദ്ധ നേടിയിരിക്കുന്നു.**

പ്രപഞ്ചത്തിലെ ഏറ്റവും വലിയ പോരാളിയാണ് അമ്മ. അമ്മയുടെ നിശ്ശബ്ദസമരത്തിന്റെ ഊർജ്ജത്തി



ലാണ് ഓരോ മനുഷ്യന്റെയും ജീവിതവിജയം. പ്രായമോ ശാരീരികാവശതകളോ ഒരിക്കലും ഒരു അമ്മയെ തന്റെ ദൗത്യങ്ങളിൽനിന്നു പിന്തിരിപ്പിക്കാറില്ല.

ഇന്ത്യയിലെ വനിതകൾക്കു ലഭിക്കുന്ന പരമോന്നത ബഹുമതിയായ നാരീശക്തിപുരസ്കാരം, ഇക്കഴിഞ്ഞ ലോകവനിതാദിനത്തിൽ രാഷ്ട്രപതി രാംനാഥ് കോവിന്ദിൽനിന്ന് ഏറ്റുവാങ്ങിയ ചേപ്പാട് പടീറ്റതിൽ കാർത്ത്യായനിയമ്മ സ്ത്രീശക്തിയുടെ മികവുറ്റ ഉദാഹരണമാണ്.

പെൺകുട്ടികൾക്കു വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന സാഹചര്യത്തിലും വീട്ടിലെ കഷ്ടപ്പാടുകൾ നിമിത്തവും കാർത്ത്യായനിയമ്മ വളരെ ചെറുപ്പത്തിൽത്തന്നെ മാവേലിക്കരയിലെ വിവിധ ക്ഷേത്രങ്ങളിൽ തൂപ്പുജോലി ചെയ്തുതുടങ്ങി; അത് തൊണ്ണൂറു വയസ്സുവരെ തുടർന്നു. അടങ്ങാത്ത വിജ്ഞാനദാഹം ഉള്ളിലൊതുക്കിയിരുന്ന അവർ, 2018 ൽ സാക്ഷരതാമിഷൻ നടത്തിയ അക്ഷരലക്ഷം പരീക്ഷയിൽ വിജയിയായി. 2020 ഡിസംബറിൽ നടക്കാനിരിക്കുന്ന 4-ാംക്ലാസ് തുല്യതാപരീക്ഷയ്ക്കു തയ്യാറെടുക്കുകയാണ് കാർത്ത്യായനിയമ്മ ഇപ്പോൾ. പത്താംക്ലാസ് പാസാകുകയാണ് തന്റെ ജീവിതാഭിലാഷമെന്ന് പ്രധാനമന്ത്രിയുമായുള്ള അഭിമുഖത്തിൽ കാർത്ത്യായനിയമ്മ പറഞ്ഞു.

സമപ്രായക്കാർ പ്രായാധിക്യത്തിന്റെ അവശതകളിൽപ്പെട്ടുകഴിയുമ്പോൾ അക്ഷരമുറ്റത്ത് പിച്ചവച്ചുനടക്കുകയാണ് ഈ മുത്തശ്ശി വിദ്യാർത്ഥിനി. അറിവിന്റെ ലോകത്തേക്കു കടന്നുവരാൻ പ്രായം ഒരു തടസ്സമല്ലെന്ന് കാർത്ത്യായനിയമ്മ നമ്മെ ഓർമിപ്പിക്കുന്നു. പരിശ്രമത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഉജ്വലമാതൃകയാണ് കാർത്ത്യായനിയമ്മയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയും എടുത്തു പറഞ്ഞു. 53 രാജ്യങ്ങൾ ഉൾപ്പെടുന്ന കോമൺവെൽത്ത് ലേണിങ്ങിന്റെ ഗുഡ്‌വിൽ അംബാസഡറാണ് കാർത്ത്യായനിയമ്മ.





# പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കപ്പെടുമ്പോൾ

റ്റി.ആർ. രഘുനാഥൻ

സുദീർഘമായ സമരത്തിന്റെ ഫലമായി 1947 ൽ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചു. ഒരു സാമ്പത്തികശക്തിയായി രാഷ്ട്രം വളരുന്നതിനുവേണ്ടി ഏതു കാഴ്പ്പാടിലൂടെ നീങ്ങണമെന്ന ഗൗരവമായ വിഷയം ഉയർന്നുവന്ന സന്ദർഭത്തിലാണ് സമ്മിശ്രസമ്പദ്‌വ്യവസ്ഥ (Mixed Economy) എന്ന ആശയം ഭരണകൂടം സ്വീകരിക്കുന്നത്. ഈ വ്യവസ്ഥയിൽ പൊതുമേഖലയും സ്വകാര്യമേഖലയും തുല്യപ്രാധാന്യത്തോടെ പങ്കുചേരണം എന്നതായിരുന്നു രാജ്യത്തിന്റെ സാമ്പത്തികാടിത്തറയുടെ ആധാരശില. വ്യവസായകാർഷികമേഖലയിൽ തികച്ചും അവികസിതമായി നിന്ന നമ്മുടെ രാജ്യത്ത് സ്വകാര്യനിക്ഷേപത്തിന് അനുകൂലമായ പശ്ചാത്തലസൗകര്യമൊരുക്കുക അനിവാര്യമായിരുന്നു. വൻമുതൽമുടക്ക് അത്യാവശ്യമായ ഈ പശ്ചാത്തലസൗകര്യവികസനത്തിനു പൊതുമേഖലയെയാണ് നാം ആശ്രയിച്ചത്. വൻകിട വൈദ്യുതി - ജലസേചനപദ്ധതികൾ, ഗതാഗതസൗകര്യങ്ങൾ വാർത്താവിനിമയസംവിധാനങ്ങൾ തുടങ്ങിയവ പൊതുനിക്ഷേപമായി സ്വീകരിക്കപ്പെട്ടു.

ഇന്ത്യയിലെ പൊതുമേഖല സ്ഥാപനങ്ങൾ ഗവൺമെന്റിന്റെ വൻനിക്ഷേപത്താൽ ഉയർന്നുവന്നവയാണ്. അളവറ്റ ലാഭം കൊയ്യുന്ന സ്ഥാപനങ്ങളായി ഇവ വികസിച്ചു. താറുമാറായിക്കിടന്ന രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണർവു നല്കാൻ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചിട്ടയായ പ്രവർത്തനങ്ങൾക്കു സാധിച്ചു. ഇന്ത്യൻ പഞ്ചവത്സരപദ്ധതി ആരംഭിച്ച 1951 ൽ അഞ്ചു പൊതുമേഖല സ്ഥാപനങ്ങൾക്കാണ് തുടക്കം കുറിച്ചത്. ഇന്ന് 348 കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തു പ്രവർത്തിക്കുന്നു. 2018-2019 ലെ കണക്കുപ്രകാരം കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 1640628 കോടി രൂപയാണ്. ഇവയുടെ വരുമാനമാവട്ടെ 2543370 കോടി രൂപയും. വരുമാനത്തിന്റെയും ലാഭത്തിന്റെയും അടിസ്ഥാനത്തിൽ നവരത്ന, മഹാരത്ന, മിനിരത്ന I, മിനി രത്ന II എന്നിങ്ങനെ പൊതുമേഖല സ്ഥാപനങ്ങളെ തരംതിരിച്ചിട്ടുണ്ട്. മൂന്നുവർഷം തുടർച്ചയായി 2500 കോടി രൂപയിലേറെ ലാഭം ലഭിക്കുന്ന പദ്ധതികളാണ് മഹാരത്ന വിഭാഗത്തിൽപ്പെടുന്നത്. ഇന്ത്യയിൽ 10 മഹാരത്നകമ്പനികളും 14 നവരത്ന കമ്പനികളും 63 മിനിരത്ന I, കമ്പനികളും 15 മിനിരത്ന II കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലതിന്റെ 18-19 വർഷത്തിലെ ലാഭം ചുവടെ ചേർക്കുന്നു.

ഓയിൽ ആൻഡ് നാഷണൽ ഗ്യാസ് കോർപ്പറേഷൻ - 26716 കോടി, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ - 16894 കോടി, നാഷണൽ തെർമൽ പവർ കോർപ്പറേഷൻ - 11750 കോടി, കോൾ ഇന്ത്യാ ലിമിറ്റഡ് - 10470 കോടി, ഭാരത് പെട്രോളിയം കോർപ്പറേഷൻ - 6953 കോടി, പവർ ഫിനാൻസ് കോർപ്പറേഷൻ - 6953 കോടി, പത്തു പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളുടെ 18-19 ലെ ലാഭം 107947 കോടി രൂപയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന എന്നു പറയപ്പെടുന്ന 10 പൊതുമേഖല സ്ഥാപനങ്ങളുടെ വരുമാനം (2018-19) - 29783 കോടി രൂപ.

പൊതുമേഖലാ സ്ഥാപനങ്ങൾ വൻ നഷ്ടത്തിലാണെന്നും അവ സർക്കാരിന് ബാധ്യതയായിക്കൊണ്ടിരിക്കുകയാണെന്നും ഒരു ധാരണ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അവ സ്വകാര്യമേഖലയെ ഏല്പിച്ചതിൽ മാത്രമേ ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കൂ എന്ന ഒരു വിശ്വാസവും ഉറച്ചിരിക്കുന്നു. മേൽപ്പറഞ്ഞ കണക്കുകളുടെ അടിസ്ഥാനത്തിൽ രണ്ടു പ്രമുഖ പൊതുമേഖല സ്ഥാപനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കാം.

**ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ**

ലോകത്തിലെ ഏറ്റവും വലിയ ഇൻഷുറൻസ് കമ്പനിയാണ് എൽ.ഐ.സി. 1956 ൽ പാസാക്കിയ ലൈഫ് ഇൻഷുറൻസ് ഇന്ത്യാ ആക്ട് പ്രകാരമാണ് എൽ.ഐ.സി. നിലവിൽ വന്നത്. അതിനുമുമ്പ് ഇരുനൂറ്റിനാല്പത്തഞ്ചിലധികം സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ (വിദേശകമ്പനികളടക്കം) ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നു. ഇവ പലതും സാമ്പത്തികതട്ടിപ്പുകളും ക്രമക്കേടുകളും നടത്തിയ പശ്ചാത്തലത്തിൽ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്ന സന്ദർഭത്തിലാണ് നെഹ്രു ഗവൺമെന്റ് സ്വകാര്യകമ്പനികളെ നിരോധിക്കുവാനും പൊതുമേഖലയിൽ ഇൻഷുറൻസ് കമ്പനി ആരംഭിക്കുവാനും തീരുമാനിച്ചത്. നെഹ്രുമന്ത്രിസഭയിലെ ധനകാര്യവകുപ്പുമന്ത്രി വി.ഡി. ദേശ്മുഖ് തന്റെ ബഡ്ജറ്റിൽ നീക്കിവച്ച അഞ്ചുകോടി രൂപയുടെ മൂലധനവുമായാണ് എൽ.ഐ.സി. പ്രവർത്തനമാരംഭിച്ചത്. രാജ്യത്തിന്റെ സാമ്പത്തികവികസനരംഗത്ത് എൽഐസി എന്ന പൊതുമേഖല ഇൻഷുറൻസ് കമ്പനിയുടെ സംഭാവന അദ്ഭുതാവഹമാണ്. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിൽ എൽ.ഐ.സി. യുടെ വിഹിതം 184 കോടി രൂപയായിരുന്നു. 12-ാം പഞ്ചവത്സരപദ്ധതിയിലെത്തുമ്പോൾ ഇത് 14,23,055 കോടി രൂപയായി വർദ്ധിച്ചു. നിലവിൽ 114000 ജീവനക്കാരും 10711945 ഏജന്റുമാരും ഇൻഷുറൻസ് മേഖലയിൽ പ്രവർത്തിക്കുന്ന ബൃഹത്തായ സ്ഥാപനമാണ് എൽ.ഐ.സി. സ്വകാര്യവത്കരണം എന്ന ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രമുഖ പൊതുമേഖലാ സ്ഥാപനമാണിത്.

**ഇന്ത്യൻ റെയിൽവേ**

ലോകത്തിലെതന്നെ ഏറ്റവും വലിയ രണ്ടാമത്തെതും ഏഷ്യയിലെ ഏറ്റവും വലുതുമായ റെയിൽവേ ശൃംഖലയാണ് ഇന്ത്യൻ റയിൽവേ (68153 കി.മീ). 1853 ഏപ്രിൽ 16 ന് നിലവിൽവന്ന ഇന്ത്യൻ റെയിൽവേയിൽ 2019 മാർച്ചിലെ കണക്കനുസരിച്ച് 12.27 ലക്ഷം ജീവനക്കാരുണ്ട്. ലോകത്തിലെ ഏറ്റവും വലിയ തൊഴിൽ ദാതാക്കളിലൊന്നാണ് ഇന്ത്യൻ റയിൽവേ. ഇന്ത്യൻ റെയിൽവേയുടെ 2018-19 ലെ വരുമാനം 197214 കോടി രൂപയാണ്.

2019 - 20 സാമ്പത്തിക വർഷത്തിൽ 2 ട്രില്യൻ രൂപ ലാഭം നേടിയ ഈ പൊതുമേഖലാ സ്ഥാപനം വൻനഷ്ടത്തിലാണെന്ന പ്രഖ്യാപനത്തെത്തുടർന്നാണ് റെയിൽവേ സ്വകാര്യഏജൻസികളെ ഏല്പിക്കാൻ തീരുമാനമെടുത്തിരിക്കുന്നത്. 109 ജോഡി റൂട്ടുകളിലായി 151 ട്രെയിനുകൾ സ്വകാര്യമേഖലയിൽ സർവീസ് നടത്തുമെന്ന് 2020 ജൂലൈ ഒന്നിന് റെയിൽവേ മന്ത്രാലയം അറിയിച്ചു. 30,000 കോടി രൂപ സ്വകാര്യ മേഖലയിൽനിന്നു നിക്ഷേപമായി ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. സ്വകാര്യ ട്രെയിൻ പ്രവർത്തനങ്ങൾ 2023 ഏപ്രിലിൽ ആരംഭിക്കും എന്നാണ് അറിവ്.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കണക്കുകൾ വ്യക്തമാകുന്നത് നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ എല്ലാംതന്നെ മികച്ച ലാഭം കൊയ്യുന്നവയാണെന്നുതന്നെയാണ്. ഇവ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്കു നല്കുന്ന സേവനം എത്ര മഹത്താണെന്ന് ഭരണകർത്താക്കൾ വിസ്മരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ദീർഘകാല കരാറുകളുണ്ടാക്കി അവ സ്വകാര്യവ്യക്തികൾക്കു കൈമാറാൻ തിടുക്കം കൂട്ടുന്നത്.

സമ്മിശ്ര സമ്പദ്‌വ്യവസ്ഥയിൽനിന്ന് മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിലേക്കുള്ള അതിവേഗചുവടുമാറ്റത്തിന്റെ ലക്ഷണങ്ങളാണ് സ്വകാര്യവത്കരണം. ആഗോളവത്കരണനയം സഫലമാകുന്നതാണ് ഇപ്പോൾ നാം കാണുന്നത്. ഭരണകൂടവും സ്വകാര്യമൂലധനനിക്ഷേപകരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് (ചങ്ങാത്തമുതലാളിത്തം) ലോകത്ത് മേധാവിത്വം നേടിക്കൊണ്ടിരിക്കുന്നു. 1991 മുതൽ രാജ്യത്തു നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവത്കരണനയങ്ങൾ കഴിഞ്ഞ 30 വർഷങ്ങളായി പൊതുമേഖലയെ പൂർണ്ണമായും കൈവെടിഞ്ഞ് സ്വകാര്യമേഖലയ്ക്ക് മത്സരമില്ലാതെ വളരുവാനും ലാഭം കൊയ്യാനുള്ള അവസരം സൃഷ്ടിച്ചിരിക്കുന്നു.

സ്വകാര്യനിക്ഷേപം പൂർണ്ണമായും ഒഴിവാക്കണമെന്നല്ല നമ്മുടെ വാദം. പൊതുമേഖലകളെ പൂർണ്ണമായും തകർക്കുന്ന നിലപാട് രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അപകടം സൃഷ്ടിക്കുന്നവയാകരുതെന്നാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ രാജ്യത്തിനു നല്കുന്നത് അളവറ്റ സമ്പത്തും സാമൂഹികസേവനവുമാണ്. സ്വകാര്യവത്കരണംവഴി ഇത് ശിഥിലമാകുന്ന അവസ്ഥയാണ് വരാൻ പോകുന്നത്. സ്വകാര്യനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തത്പരരക്ഷികൾക്ക് ലാഭം കൊയ്യുകയെന്ന ഉദ്ദേശ്യം മാത്രമാണ് ഇതിന്റെ പിന്നിലെന്നു വ്യക്തം.

---

കവിത — ഏലിക്കുട്ടി എം. തടത്തിൽ

## മൃത്യു

മൃത്യു വിരുന്നുവരുന്നേരം മാനുജൻ
ദൃഷ്ടികൾ പൂട്ടി മയക്കമാകും
സ്രഷ്ടാവയച്ചിടും ദൂതന്മാരെത്തിടും
നിദ്രവിട്ടാത്മാവുണരും വേഗം
"ഇത്ര മതീലോകവാസം നിനക്കിപ്പോൾ
പോയിടാം സ്രഷ്ടാവിൻ സന്നിധിയിൽ"
ദൂതന്റെ വാക്കു ശ്രവിക്കുന്ന മാത്രയി-
ലാത്മാവിൻ നെഞ്ചിടിപ്പെന്തു ചൊല്ലാം?
കെഞ്ചിപ്പറഞ്ഞിടു"മൊട്ടുനേരംകൂടി
ബന്ധുജനങ്ങളെ കണ്ടിടാനും,
ലോകത്തിൻ സൗന്ദര്യമാസ്വദിച്ചിടാനും
ആഗ്രഹമൊത്തിരി ബാക്കിയെന്നിൽ."
"തെല്ലിട ബാക്കി നിനക്കില്ല, സോദരാ,
താതൻവിധിയാളൻ കാത്തിരിപ്പൂ"
ജീവിതവൈകല്യമോർത്തോർത്തു ഭീതിയാൽ
താതന്റെ സന്നിധീലാത്മാവെത്തും
"ഭീതിവേണ്ടെന്നുടെ വത്സലാ, നീയിപ്പോൾ
എന്നുടെയിച്ഛപോൽ ജീവിച്ചില്ലേ?
സ്വർഗ്ഗഭാഗ്യം നിനക്കേകിടും ഞാനിപ്പോൾ
ആർത്തുപാടീ നൃത്തമാടൂ വേഗം."

സ്വർഗ്ഗീയതാതന്റെ പൊൻമുഖം ദർശിക്കേ
പൊൻപാദം ചുംബിക്കുമാത്മാവപ്പോൾ
സ്വർഗ്ഗകവാടം തുറന്നിടും ദൂതന്മാർ
സ്വർഗ്ഗവൃന്ദങ്ങളോടൊപ്പം ചേർക്കും.
ഈ ലോകജീവിതം നന്മപൂർണ്ണമെങ്കി-
ലന്ത്യത്തിൽ ഭീതിവേണ്ടേതൊരാൾക്കും
സന്മാർഗ്ഗജീവിതം പാലിച്ചുജീവിച്ചോൻ
സ്വർഗ്ഗസൗഭാഗ്യത്തിന്നർഹനാകും.
കൊല്ലും കൊലയുമഭ്യാസമായി ജീവിച്ചാൽ
ആത്മാവിൻ രക്ഷയകലെത്തന്നെ.
ദുർമ്മാർഗ്ഗജീവിതം പാലിച്ചോനന്ത്യത്തിൽ
ആർപ്പുവിളിയുമട്ടഹാസവും,
പൈശാചികവേഷമൊന്നൊന്നായ് കാട്ടിടും
ദുഷ്ടാത്മാവെത്തുമിരുട്ടറയിൽ
എപ്പോൾ മരണമെന്നാർക്കുമറിഞ്ഞൂടാ
ശാന്തി ലഭിക്കാനൊരുക്കം വേണം.
തമ്പുരാൻതൻവിളി കാതോർത്തു നന്മയിൽ
ജീവിച്ചാൽ രക്ഷ കരസ്ഥമാക്കാം.
ലോകത്തെ ഞെട്ടിക്കും കോവിഡുരോഗത്താ-
ലെത്രപേർ ഞെട്ടറ്റു വീഴുന്നയ്യോ!!
ബന്ധുമിത്രാദികളാരെയും കാണാതെ
മൃത്യുവന്നെത്തിടുന്നയ്യോ കഷ്ടം!!
ജാതിമതഭേദമേതുമേ നോക്കാതെ
സോദരത്വേന നാം വാഴ്കവേണം.
പാപമാർഗ്ഗം വെടിഞ്ഞീശ്വരചിന്തയിൽ
പുണ്യമാർഗ്ഗത്തിൽ ഗമിച്ചിടേണം.

# ദേവതകൾ വസിക്കുന്ന കാലം വരുമോ?






ഡോ. കുര്യാസ് കുമ്പളക്കുഴി

**അ**ത്രയ്ക്കു വേണ്ടിയിരുന്നില്ല എന്നാണു കണ്ടപ്പോൾ തോന്നിയത്. തിരുവനന്തപുരത്ത് ഒരു പുരുഷനെ രണ്ടുമൂന്നു സ്ത്രീകൾ ചേർന്നു മർദ്ദിക്കുകയും കരിഓയിൽ ഒഴിച്ച് അപമാനിക്കുകയും ചെയ്യുന്ന ദൃശ്യം. തെറ്റു ചെയ്യുന്ന വ്യക്തിയെ കുറ്റമെത്ര ഗൗരവമുള്ളതാണെങ്കിലും, നേരിട്ടു ശിക്ഷിക്കാൻ ആർക്കും അനുവാദമില്ലല്ലോ. അതും കുറ്റക്കാരൻ ചെയ്തതുപോലെയോ അതിലും ഗുരുതരമോ ആയ മറ്റൊരു കുറ്റമാണ് – നിയമം കൈയിലെടുക്കൽ.

സംഭവം നടന്നത് സെപ്റ്റംബർ 26 ശനിയാഴ്ചയാണ്. അപ്രതീക്ഷിതമായിരുന്നിരിക്കണം ആക്രമണം. അയാൾ മുറിയിൽ ഒറ്റയ്ക്കായിരുന്നു. വാതിൽ തടഞ്ഞു സ്ത്രീകൾ നിന്നപ്പോൾ അയാൾക്ക് ഓടി രക്ഷപ്പെടാനും കഴിഞ്ഞിരിക്കില്ല. ഏതായാലും കണക്കിനു കിട്ടി. അടിയും കരിഓയിൽ അഭിഷേകവും! ഇടതു കൈകൊണ്ട് ഉടുമുണ്ടു മുറുകെപ്പിടിച്ചിരുന്നതുകൊണ്ട് വലതുകൈകൊണ്ടു മാത്രമേ അയാൾക്കു പ്രതിരോധിക്കാൻ കഴിഞ്ഞുള്ളൂ. അവർ ഉടുമുണ്ടുകൂടി പറിച്ചെറിഞ്ഞ് ആക്ഷേപിക്കുമോ എന്നും അയാൾ ഭയന്നിരിക്കണം.

ഡോ. വിജയ് പി. നായരെന്ന ആളാണ് ഇപ്രകാരം ആക്രമിക്കപ്പെട്ടതും അപമാനിക്കപ്പെട്ടതും. അദ്ദേഹമൊരു സിനിമാപ്രവർത്തകനാണത്രേ. ഒപ്പം ഒരു യൂട്യൂബറുമാണ്. സമൂഹമാധ്യമങ്ങളിൽ സ്ത്രീകൾക്കെതിരേ അശ്ലീലം നിറഞ്ഞ പോസ്റ്റുകളിട്ട് അവരെ ആക്ഷേപിക്കുന്നത് ഇദ്ദേഹത്തിന്റെ വിനോദമായിരുന്നെന്നാണ് വനിതാ ആക്ടിവിസ്റ്റുകൾ പറയുന്നത്. അതിനെതിരേ പോലീസിലും സൈബർ സെല്ലിലും വനിതാ കമ്മീഷനിലും പല പരാതികൾ നൽകിയിട്ടും യാതൊരു പ്രയോജനമുണ്ടായില്ലെന്നും അവർ പറയുന്നു. അതുകൊണ്ട് സഹികെട്ടാണത്രെ ഒടുവിൽ ആളെ നേരിട്ടു കൈകാര്യം ചെയ്യാൻ അവർ തീരുമാനിച്ചത്.

അടി കിട്ടിയപ്പോൾ ബോധം തെളിഞ്ഞുവെന്നും താൻ ചെയ്തതു തെറ്റായിപ്പോയെന്നു ബോധ്യപ്പെട്ടുവെന്നും, അതുകൊണ്ടു മാപ്പു പറഞ്ഞെന്നും മേലിൽ ആവർത്തിക്കില്ലെന്ന് ഉറപ്പുനല്കിയെന്നുമാണ് വിജയ് പി. നായർതന്നെ വെളിപ്പെടുത്തിയിരിക്കുന്നത്. അതോടെ സംഗതി അവസാനിക്കേണ്ടതാണ്. അല്ലെങ്കിൽ ഒത്തുതീരേണ്ടതാണ്. പക്ഷേ, സംഭവിച്ചതങ്ങനെയല്ല.

ആക്രമണദൃശ്യങ്ങൾ ആക്രമണകാരികൾതന്നെ വീഡിയോയിൽ പകർത്തി വാർത്താചാനലുകൾക്കു



നല്കി. സമൂഹമാധ്യമങ്ങളിലും പോസ്റ്റു ചെയ്തു. വിജയ് നായരുടെ ലാപ്ടോപ്പും മൊബൈലും പിടിച്ചെടുത്തു പോലീസ് സ്റ്റേഷനിൽ ഏല്പിച്ചു. പോലീസിൽ വീണ്ടും പരാതി നല്കി.

അടിയുംകൊണ്ടു പുളിയും കുടിച്ചു മൗനമായിരിക്കാൻ വിജയ് നായർക്കും കഴിയില്ലല്ലോ. അയാളും പോലീസിൽ പരാതി നല്കി. അതോടെ സംഭവത്തിന്റെ മാനം മാറി. വനിതാ ആക്ടിവിസ്റ്റുകൾ വെട്ടിലാവുകയും ചെയ്തു. ഭവനഭേദനം, അതിക്രമിച്ചുകടക്കൽ, ശാരീരികാക്രമണം, മോഷണം, പിടിച്ചുപറി തുടങ്ങിയ കുറ്റങ്ങളൊക്കെ അവർക്കെതിരേ ചുമത്തപ്പെട്ടിരിക്കുകയാണ്. ജാമ്യമില്ലാ വകുപ്പനുസരിച്ചാണ് കേസെടുത്തിരിക്കുന്നതും. വാദിയും പ്രതിയും ശിക്ഷാർഹരായിത്തീർന്നിരിക്കുന്നു!

ഇവിടെ ഒരു മറുവശംകൂടി അന്വേഷിക്കാനുണ്ട്. ഇത്തരത്തിൽ തുടരെത്തുടരെ അശ്ലീലപോസ്റ്റുകളിട്ടു സ്ത്രീകളെ അപമാനിക്കാൻ വിജയ് പി. നായരെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരിക്കാം? വഴിതെറ്റിപ്പോകുന്നവരെ ശരിയായ മാർഗ്ഗത്തിലേക്കു തിരികെക്കൊണ്ടുവരികയെന്ന സദുദ്ദേശ്യത്തോടുകൂടിയ വിമർശനമാണോ? കുഞ്ചൻനമ്പ്യാരെപ്പോലുള്ള കവികളും ഹാസ്യസാഹിത്യകാരന്മാരുമൊക്കെ അങ്ങനെ ചെയ്തിട്ടുണ്ടല്ലോ. അങ്ങനെയൊരു പ്രതിഭാശാലിയും ഉദ്ബോധകനുമാണ് വിജയ് പി നായരെന്ന് ഇതുവരെ ആരും പറഞ്ഞുപോലും കേട്ടിട്ടില്ല. മനോവിജ്ഞാനീയത്തിൽ ഗവേഷണബിരുദമുണ്ടെന്ന് ആൾ അവകാശപ്പെടുന്നുണ്ടെങ്കിലും.

അശ്ലീലം എഴുതിയും പറഞ്ഞും രസിക്കുന്നത് മനോവൈകല്യമാണെന്നു മനോവിജ്ഞാനീയം ഓർമ്മിപ്പിക്കുന്നുണ്ട്. പൊതുസ്ഥാപനങ്ങളുടെ ഭിത്തികളിലും പൊതു ടോയ്‌ലറ്റുകളിലും അശ്ലീലസാഹിത്യരചനകൾ നടത്തി സംതൃപ്തിയടയുന്നത് ഒരുതരം ലൈംഗികവൈകൃതംതന്നെയാണത്രേ. ഇത്തരത്തിലുള്ള ഒരു മനോരോഗിയാണ് വിജയ് നായരെന്ന് ആക്ഷേപമുള്ളതായും കേട്ടിട്ടില്ല.

> **പുരുഷനു പ്രകൃതി നല്കിയിരിക്കുന്ന അധികകായികബലം സ്ത്രീയെ സംരക്ഷിക്കാൻ കൂടിയാണ്. സംസ്കാരസമ്പന്നനായ പുരുഷനു മാത്രമേ സ്ത്രീയുടെ സംരക്ഷകനായിരിക്കാൻ കഴിയൂ.**

ആരോടെങ്കിലും തനിക്കുള്ള രോഷം നേരിട്ടു പ്രകടിപ്പിക്കാൻ കഴിയാതെവരുമ്പോൾ മറ്റു മാർഗ്ഗങ്ങളിലൂടെ അതു ശമിപ്പിക്കാനും ചിലർ ശ്രമിക്കാറുണ്ട്. ഇതിനെ ആദേശീകരണം എന്നു മനോചിന്തകർ പരാമർശിക്കുന്നു. 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്ന പഴമൊഴി ഉള്ളടക്കുന്ന വസ്തുത ഇതു തന്നെയാണ്. അങ്ങനെ എന്തെങ്കിലുമൊരു ദൗർബല്യത്തിൽ അജയ് പി. നായർ പെട്ടുപോയതുമാവാം.

മറിച്ച്, ആരെയും ആക്ഷേപിക്കണമെന്ന ദുരുദ്ദേശ്യമില്ലാതെ, ഒരു തമാശയെന്ന നിലയിൽ അല്പം 'എ' എഴുതിപ്പോയതാണെന്നും വരാം. അതെന്തായാലും ശരി, നമുക്കറിയാൻ കഴിഞ്ഞിടത്തോളം ഒരടി വിജയ് പി. നായർ അർഹിക്കുന്നുണ്ടായിരുന്നു. അതദ്ദേഹത്തിനു കിട്ടുകയും ചെയ്തിരിക്കുന്നു.

പക്ഷേ, അതു കൊടുക്കുന്നതിനു വനിതാ ആക്ടിവിസ്റ്റുകൾ തിരഞ്ഞെടുത്ത മാർഗ്ഗം ശരിയായില്ല. കുറ്റക്കാരെ ശിക്ഷിക്കാൻ ഇവിടെ നിയമവും നിയമപാലകരുമുണ്ട്. പരാതി കൊടുത്തിട്ടു പ്രതികരണമുണ്ടായില്ല എന്നതും കൈയേറ്റവും ദേഹോപദ്രവും ഏല്പിക്കുന്നതിനു ന്യായീകരണമല്ല. സ്വയരക്ഷയ്ക്കുവേണ്ടിയായിരുന്നു വീടുകയറിയുള്ള അതിക്രമമെങ്കിൽ അതു നീതീകരിക്കപ്പെടുമായിരുന്നു. മറിച്ച്, തങ്ങളെ ആക്രമിക്കാൻ വരുന്ന ഒരു പുരുഷനെ സ്ത്രീകൾ സംഘംചേർന്നു നേരിടുകയായിരുന്നെങ്കിൽ അത് അഭിനന്ദനാർഹം കൂടിയാകുമായിരുന്നു.

ഇവിടെ സംഭവിച്ചത് അങ്ങനെയല്ലല്ലോ. ഒറ്റയ്ക്കു തന്റെ മുറിയിൽ ഇരുന്നു ജോലി ചെയ്തിരുന്ന ഒരാളെ വനിതകൾ സംഘംചേർന്ന് ആക്രമിക്കുകയായിരുന്നു. അതു കൃത്യമായി ആസൂത്രണം ചെയ്തതാണെന്നു ബോധ്യപ്പെടുത്തുന്നതാണ് അനന്തരനടപടികൾ. ആക്രമണദൃശ്യങ്ങൾ വീഡിയോയിൽ പകർത്തി സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ചതു തന്നെ ഉദാഹരണം.

ഒന്നുകൂടി ഓർക്കണം. അയാൾ കുറെക്കൂടി കായികബലമുള്ള ആളായിരുന്നെങ്കിൽ വനിതകളുടെ ശിക്ഷ നടപ്പാക്കൽ അത്ര എളുപ്പമാകുമായിരുന്നില്ല. വീടു കയറിയുള്ള ആക്രമണമാകുമ്പോൾ അയാൾ എന്തെങ്കിലും കടുംകൈ ചെയ്തിരുന്നെങ്കിൽ സ്വരക്ഷയ്ക്കുവേണ്ടി എന്ന ആനുകൂല്യം അയാൾക്കു ലഭിക്കുകയും ചെയ്യുമായിരുന്നു.

ഇങ്ങനെയൊക്കെ വിശകലനം ചെയ്യുമ്പോഴും, ഈ ആധുനികയുഗത്തിലും പുരുഷന്റെ സംസ്കാരശൂന്യത സ്ത്രീയുടെമേൽ അഴിച്ചുവിടുന്ന അതിക്രമങ്ങൾ എത്രയോ ദാരുണമാണ്. സമയം വൈകിയും വിജനസ്ഥലങ്ങളിലും ഇന്നും നമ്മുടെ സ്ത്രീകൾക്ക് ഒറ്റയ്ക്കു യാത്ര ചെയ്യാനുള്ള സുരക്ഷയുണ്ടോ? ഇന്നു സ്ത്രീ സ്വയം പ്രതിരോധിക്കാൻ ശേഷിയുള്ളവരാണ് എന്നതു വെറും ഭംഗിവാക്കു മാത്രമാണ്. സംസ്കാരശൂന്യനായ പുരുഷന്റെ കായികബലത്തിനുമുമ്പിൽ അവൾ നിസ്സഹായയായിപ്പോകുന്നു.

പുരുഷനു പ്രകൃതി നല്കിയിരിക്കുന്ന അധികകായികബലം സ്ത്രീയെ സംരക്ഷിക്കാൻ കൂടിയാണ്. സംസ്കാരസമ്പന്നനായ പുരുഷനു മാത്രമേ സ്ത്രീയുടെ സംരക്ഷകനായിരിക്കാൻ കഴിയൂ. അജയ് പി. നായർ അക്കൂട്ടത്തിൽപ്പെടുന്നില്ല. അയാൾ സ്ത്രീകളെ മാനിക്കുന്നവനല്ല, അപമാനിക്കുന്നവനാണ്. അത്തരക്കാരോടു സമൂഹം അറപ്പോടും വെറുപ്പോടുംകൂടിയേ പെരുമാറുകയുള്ളൂ. നിയമം അവരോടു യാതൊരു കരുണയും കാണിക്കാനും പാടില്ല. ആ വഴിക്കാണിപ്പോൾ കാര്യങ്ങൾ നീങ്ങുന്നത്.

സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഏറെ പ്രബുദ്ധരെന്നു സ്വയം അഭിമാനിക്കുന്നവരാണ് കേരളീയർ. എങ്കിലും അവരിൽ ചിലരുടെ മനസ്സുകളിൽ സംസ്കാരശൂന്യതയുടെ ഇരുണ്ട തലംകൂടിയുണ്ട്. അതിന്റെ ആൾരൂപമാണ് വിജയ് പി. നായർ. ഇത്തരക്കാർ അപമാനിക്കുന്നതു കേരളജനതയെ മുഴുവനാണ്. നിയമം അനുശാസിക്കുന്ന കടുത്ത ശിക്ഷ അവർക്കു നല്കിയേ തീരൂ.

മനുസ്മൃതി ഇങ്ങനെ ഓർമ്മിപ്പിക്കുന്നു. "എവിടെയാണോ സ്ത്രീകൾ ബഹുമാനിക്കപ്പെടുന്നത്, അവിടെ ദേവതകൾ വസിക്കുന്നു. എവിടെയാണോ സ്ത്രീകൾ അപമാനിതരാകുന്നത്, അവിടെ പുരുഷന്റെ എല്ലാ കർമ്മങ്ങളും ഫലശൂന്യമായിത്തീരുന്നു."

എന്നാണാവോ, കേരളത്തിൽ ദേവതകൾ വസിക്കുന്ന നല്ല കാലം വരുന്നത്?

□

# നിക്ഷേപം സമാഹരണം സംസ്കരണം



കാരിത്തടം വർക്കി

രാത്രി പന്ത്രണ്ടു മണി. മിക്ക വീടുകളിലും ലൈറ്റ് ഓഫ് ചെയ്തിരിക്കുന്നു. എല്ലാവരും ഗാഢമായ നിദ്രയിലാണ്. ഒരു വീട്ടിൽ കുറച്ചു വെളിച്ചം കാണുന്നുണ്ട്. നമുക്ക് അവിടേക്കൊന്നു പോയിനോക്കാം. വളരെ സൂക്ഷ്മമമായി, ഭംഗിയായി പൊതിഞ്ഞ കുറെ പൊതികൾ ഒരു കിറ്റിലാക്കി ശ്രദ്ധയോടെ ഭാര്യ ഭർത്താവിനെ ഏല്പിക്കുന്നു.

''എല്ലാവരും ഉറങ്ങിയോ?'' ഭർത്താവിന്റെ ചോദ്യം.

"ഉറങ്ങി. അതേ, ആരും കാണാതെ ശ്രദ്ധിക്കണം."

'ശരി' എന്നു പറഞ്ഞ് ടിപ്ടോപ്പായി ഡ്രസ്സ് ചെയ്ത ഭർത്താവ് വളരെ ഭേദമായ ആ കിറ്റ് കയ്യിലെടുത്തു. എന്നിട്ട് ടു വീലർ പതുക്കെ സ്റ്റാർട്ട് ചെയ്തു.

കുറച്ചുദൂരം ചെന്നപ്പോൾ ഒരു ഒഴിഞ്ഞ മൂല കണ്ടു. ഭർത്താവ് പതുക്കെ ടൂ വീലർ നിർത്തി. ആ പൊതിയെടുത്തു. ചുറ്റുപാടും ഒന്നുകൂടി നിരീക്ഷിച്ചിട്ട് ആ വിശിഷ്ടവസ്തു അവിടെ നിക്ഷേപിച്ചു. എന്നിട്ട് പതുക്കെ ദീർഘമായി ഒന്നു ശ്വസിച്ചു. തിരിച്ച് ടു വീലർ ഡ്രൈവ് ചെയ്ത് വീട്ടിലേക്ക്, വീട്ടിലെത്തിയതും ഭാര്യ ആകാംക്ഷയോടെ ചോദിച്ചു: "അതു കളഞ്ഞോ?"

"അങ്ങനെ ഒരുവിധം അതു കളഞ്ഞു. ഇപ്പോ എന്തൊരാശ്വാസം" ഭാര്യയുടെയുടെയും ഭർത്താവിന്റെയും അന്നത്തെ ടെൻഷൻ അങ്ങനെ നീങ്ങി.

പിന്നീട് പല ദിവസങ്ങളിലും ഇത് ആവർത്തിച്ചു. ആ വിശിഷ്ടവസ്തു അവിടെക്കിടന്നു പെരുകി. അതൊരു കൂമ്പാരമായി മാറി. ദുർഗന്ധം കാരണം നാട്ടുകാരുടെ ഉറക്കം കെട്ടു. അവർ ഉറക്കമിളച്ചിരുന്ന് കള്ളനെ പിടിച്ചു. അതോടെ ആ പരിപാടി ഫ്ളോപ്പായി, ഇത്തരം കലാപരിപാടികൾ നഗരത്തിൽ എല്ലായിടവുമുണ്ട്. മാലിന്യപ്രശ്നം ഇന്ന് നഗരവാസികളുടെ പേടിസ്വപ്നമായിക്കഴിഞ്ഞു. മാലിന്യം എന്ന ഭീകരൻമൂലം അവർ ഊണും ഉറക്കവുമില്ലാതെ ശ്വാസംമുട്ടിക്കഴിയുന്നു. ചിലർ നടക്കാനിറങ്ങുന്നതുതന്നെ കൂളിംഗ് ഗ്ലാസ്സും അരപ്പാന്റും കൂടെയൊരു പട്ടിയും കുട്ടയുമൊക്കെയായിട്ടാണ്. പട്ടി വിസർജിക്കുന്ന സ്ഥലം ആരുടെയെങ്കിലും വീടിനു മുൻവശമെന്നോ പിൻവശമെന്നോ നോക്കാറില്ല. രാവിലെ ഗൃഹനാഥൻ കണികണ്ടുണരുന്നത് ഇത്തരം മാലിന്യങ്ങളായിരിക്കും.

ബസ് സ്റ്റോപ്പിലും മറ്റും നിൽക്കുന്നവർ ദേഹത്തു വെള്ളം വീഴുമ്പോൾ അതു മഴയാണെന്നു കരുതി കുടയെടുക്കും. പക്ഷേ, അത് ബസിനുള്ളിലിരിക്കുന്നവരുടെ തുപ്പലും ഛർദ്ദിലും മറ്റു വിസർജ്യങ്ങളുമാണെന്ന് പലപ്പോഴും അവർ മനസ്സിലാക്കാതെ പോകുന്നു. ചെരിപ്പിടാതെ ഒരുനിമിഷം നാം കാല് തറയിലൊന്നു കുത്തിയാൽ മൂക്കിൽനിന്നും വായിൽനിന്നും ഒഴുകിവന്ന സ്രവങ്ങൾ ഒരു 'ഗം' പോലെ ആക്ട് ചെയ്ത് അത് ചവിട്ടാനിടയായ ഹതഭാഗ്യനെ സ്റ്റാച്ച്യുവായി അവിടെ നിർത്താൻ വഴിയൊരുക്കും. പഴത്തൊലിയും മറ്റു പച്ചക്കറിവേസ്റ്റുകളും നേരേ നിൽക്കുന്ന ആളിനെ തലതിരിച്ചു നിർത്തുവാൻ സഹായിക്കുന്നു. അതുമൂലം ധനനഷ്ടവും മാനഹാനിയും ഉണ്ടാകുന്നു.

ദുർഗന്ധം തങ്ങിനിൽക്കുന്ന മാലിന്യക്കൂമ്പാരത്തിനു സമീപത്തുകൂടി പോകുന്ന ടു വീലർ യാത്രക്കാരൻ മൂക്കിനെയും ഹാൻഡിലിനെയും ഒരുമിച്ച് എങ്ങനെ ബാലൻസ് ചെയ്യുമെന്നറിയാതെ റോഡിൽ കസർത്തു നടത്തുന്നു. ഏ.സി. കാറിൽ അതുവഴി പോകുന്നവർ കാറിന്റെ ഗ്ലാസ് അല്പമൊന്നു തുറന്നാൽ ദുർഗന്ധം കാറിനുള്ളിലേക്കു പ്രവേശിക്കുന്നു. അതുകാരണം ഗ്ലാസ് പെട്ടെന്നുയർത്തുന്ന യാത്രക്കാരൻ സുരക്ഷിതമായി ആ ഗന്ധത്തെ അടുത്ത സ്ഥലങ്ങളിലേക്ക് ക്യാരി ഓവർ ചെയ്യുന്നു.

ഡ്രെയിനേജ് പൊട്ടിയൊലിക്കുന്ന ഇടങ്ങളിൽ 'കസ്തൂരി മണക്കുന്നല്ലോ കാറ്റേ' എന്നതിനു പകരം 'കക്കൂസ് വമിക്കുന്നല്ലോ റോഡിൽ' എന്ന് പാടേണ്ടിയിരിക്കുന്നു.

ഒരു മഴ പെയ്താലുള്ള കാര്യമോ? പൂമുഖവാതിൽ തുറന്നു നോക്കുന്ന വീട്ടമ്മ കാണുന്നത് എവിടെനിന്നോ മഴ ക്യാരി ചെയ്തുകൊണ്ടുവന്ന മാലിന്യങ്ങളെയായിരിക്കും.

ഡെങ്കി, ചിക്കൻ, എലിപ്പനി, പന്നിപ്പനി, പക്ഷിപ്പനി മുതലായ സ്റ്റാറ്റസ് പനികൾ വരുന്നതും ഇത്തരം സ്റ്റാറ്റസില്ലാത്ത മാലിന്യങ്ങളിൽനിന്നാണ്.

മാലിന്യങ്ങൾ ചവറുഫാക്ടറികളിൽ സംസ്കരിക്കണമോ എന്നതു മാത്രമല്ല ഇവിടത്തെ പ്രശ്നം. മാലിന്യങ്ങൾ എങ്ങനെ ഉണ്ടാകാതെ നോക്കാം എന്നതാണ് നാം ചിന്തിക്കേണ്ട വിഷയം. പ്ലാസ്റ്റിക് നിരോധനം, ആഹാരസാധനങ്ങളുടെ ശരിയായ ഉപയോഗം, കെമിക്കലുകളുടെ മിതമായ ഉപയോഗം, ഡിസ്പോസിബിൾ വസ്തുക്കളുടെ അമിതോപയോഗം തടയുക എന്നിവ മാലിന്യം തടയാനുള്ള ചില മാർഗ്ഗങ്ങളാണ്. എന്നിരുന്നാലും പിന്നെയും ശേഷിക്കുന്ന മാലിന്യങ്ങൾ കണ്ട്രോൾഡ് ടിപ്പിംഗ് ഇൻസിനറേഷൻ, കമ്പോസ്റ്റിംഗ്, സ്വിവേജ് പിറ്റ്, ജൈവവളനിർമ്മാണം തുടങ്ങിയ സംസ്കരണമാർഗ്ഗങ്ങളിലൂടെ ഒരുവിധം പരിഹരിക്കാം. കോയമ്പത്തൂരിലും മറ്റും വീടുകളിൽ കാശുകൊടുത്ത് മാലിന്യം ശേഖരിച്ച് ജൈവവള നിർമ്മാണം നടത്തുന്ന പ്ലാന്റുകളുണ്ട്. മാലിന്യം ഒഴിവാകുകയും ചെയ്യും. കാശും കിട്ടും. വിലകുറഞ്ഞ മാലിന്യങ്ങളിൽനിന്നു വിലകൂടിയ ജൈവവളങ്ങൾ ഉണ്ടാക്കിയെടുക്കുകയും ചെയ്യും. ഒരു പരസ്പരധാരണയിലൂടെയുള്ള മാലിന്യനിർമ്മാർജനരീതി. മാലിന്യസംസ്കരണം സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമല്ല. പൊതുജനങ്ങളും കൂടി ശ്രദ്ധയർപ്പിക്കേണ്ട വിഷയമാണ്. പരസ്പരസഹകരണത്തിലൂടെയും കൂട്ടായ്മയിലൂടെയും നമുക്കതിനു ശ്രമിക്കാം. അങ്ങനെ മാലിന്യമുക്തമായ ഒരു നല്ല കേരളം നമുക്കു വാർത്തെടുക്കാം.



പ്രണയപാഠാവലി 56



ഡോ. ആന്റണി ജോസ്

# ആശയവിനിമയത്തിലെ അടിയൊഴുക്കുകൾ



ദമ്പതിമാരുടെ ആശയവിനിമയരീതി അവർക്കിടയിലുള്ള ഇഴയടുപ്പത്തെ നിശ്ചയിക്കുന്നുണ്ട്. ഭാര്യ ഭർത്താവിനോടും അയാൾ ഭാര്യയോടും ബന്ധപ്പെടുക മുഖ്യമായും സംസാരത്തിലൂടെയാണ്. സംഭാഷണം പൂർത്തിയാകുക, ഒരാൾ പറയുകയും മറ്റൊരാൾ മനസ്സിലാക്കുകയും ചെയ്യുമ്പോഴാണല്ലോ. ഇതേത്തുടർന്ന് ശ്രോതാവിൽനിന്നു പ്രതികരണവും ഉണ്ടാകാം.

ആശയവിനിമയത്തിൽ വന്നുചേരാവുന്ന ചില അടിയൊഴുക്കുകൾ ബന്ധങ്ങളെ ഉലയ്ക്കാറുണ്ട്. ഇതു പലപ്പോഴും ബോധപൂർവ്വമായ ഒരു ഇടപാടായിരിക്കില്ല.

സംസാരത്തിന് ഒരു വിഷയം ഉണ്ടായിരിക്കും. ഉദാഹരണത്തിന്, ഭർത്താവ് വയ്ക്കുന്ന ഒരു നിർദ്ദേശം നോക്കുക. അനുജന്റെ സാമ്പത്തികസ്ഥിതി അത്ര മെച്ചമല്ല. അവന്റെ മകന്റെ വിദ്യാഭ്യാസത്തിന് എന്തെങ്കിലും സഹായം ചെയ്യണ്ടേ! വിഷയം ഭാര്യ തന്നാലാവുന്നതുപോലെ മനസ്സിലാക്കുന്നു. ഒരു തീരുമാനം അറിയിക്കുകയും ചെയ്യുന്നു. ഈ തീരുമാനം രൂപപ്പെടുന്ന സമയത്ത്, ഒട്ടനവധി ആന്തരികപ്രക്രിയകൾ അവളിൽ പ്രവർത്തിച്ചിട്ടുണ്ടാകും. ഈ പ്രക്രിയകളുടെ ആകത്തുകയാണ് അവൾ നൽകുന്ന പ്രതികരണം.

ഒരു കമ്പ്യൂട്ടറിൽ പലവിധത്തിലുള്ള 'പോർട്ടു'കൾ ഉണ്ടാകും. ഓരോ പോർട്ടിലും ചില 'പിന്നു'കൾ പ്രവേശിക്കേണ്ടതുണ്ട്. പ്രഭാഷകന്റെ വിഷയം ശ്രോതാവിൽ എത്തുന്നത് ഏതാണ്ട് പിൻ - പോർട്ട് രീതിയിലാണ്.

ശ്രോതാവിലെ പോർട്ടുകൾ എന്തൊക്കെയാണ്? അവനിലോ അവളിലോ പ്രവർത്തനക്ഷമമായിട്ടുള്ള സാത്വികഭാവങ്ങൾ ആദ്യവിഭാഗത്തിൽപ്പെടുന്നു. അവ വിവേകം, ആത്മവിശ്വാസം, ധൈര്യം, പ്രത്യാശ, വിശ്വാസം, ഉത്സാഹം, സ്നേഹം, മിതത്വം, സത്യസന്ധത, സർവ്വോപരി കാരുണ്യം എന്നിങ്ങനെയാകുന്നു. ഇനിയുള്ളത് തമോഭാവങ്ങളാണ്. അതാകട്ടെ, കുറ്റബോധം, അപകർഷത, നിരാശ, ഭയം, അവിശ്വാസം, അലസത, പക, അസൂയ, മത്സരം, വഞ്ചന എന്നിവയാണ്. പോർട്ടുകളിൽ മുന്നിലുള്ളത് ആന്തരികക്ഷതങ്ങളാകുന്നു. കാരുണ്യത്തിനേറ്റ കടന്നാക്രമണങ്ങൾ! കരുതലും അംഗീകാരവും വിശ്വസ്തതയും സാമീപ്യവും കൊതിച്ച ഇടങ്ങളിൽ സംഭവിച്ച ഉൽക്കാപതനങ്ങൾ!

ഒരു വ്യക്തിയിൽ ഏതു മാനസികഭാവമാണ് സജീവമായിരിക്കുന്നത് എന്നതാണ് നിർണായകം. അതനുസരിച്ചായിരിക്കും, ഒരു വിഷയത്തോടുള്ള പ്രതികരണം. തമോഭാവങ്ങൾക്കുമേൽ കൈയുണ്ടെങ്കിൽ, സോദ്ദേശപരമായ കാര്യങ്ങളോടുപോലും മറുതലിച്ചെന്നിരിക്കും. ആദ്യം പറഞ്ഞ ഉദാഹരണം നോക്കാം. ഭർത്താവിന്റെ പ്രണയനിരാസത്തിൽ നിരാശപ്പെട്ടിരിക്കുന്നവളാണ് ഭാര്യയെങ്കിൽ, ആ നിർദ്ദേശത്തെ തള്ളിക്കളഞ്ഞെന്നിരിക്കും. തുടർന്ന് വാക്കുതർക്കങ്ങളും വഴക്കുകളുമുണ്ടാകും. തന്റെ പ്രത്യേകപദവി നഷ്ടപ്പെടുമോ എന്ന ന്യായമായ ചിന്തയാണ് അവളെ അലട്ടുക. ഭർത്താവിനോ? നിർദ്ധനനെ സഹായിക്കുക എന്ന മനുഷ്യോചിതമായ പ്രവൃത്തി തടസ്സപ്പെട്ടതിന്റെ അമർഷവും. പോർട്ട് മാറിയാണ് പിൻ കുത്തിയതെന്ന് അയാൾ അറിയുന്നില്ല.

ഭർത്താവിന്റെ പ്രണയം അവൾക്ക് കരുണയാണ് സമ്മാനിച്ചിരുന്നതെങ്കിലോ? സാത്വികഭാവത്തിൽ പ്രേരിതയായി, അവൾ ഇക്കാര്യം ആദ്യമേതന്നെ ഭർത്താവിനെ ഓർമ്മിപ്പിച്ചെന്നുമിരിക്കും.

പങ്കാളിയിലുള്ള മാനസികഭാവങ്ങളെ തിരിച്ചറിയുക. കരുണകൊണ്ട് സാത്വികത വളർത്തിയെടുക്കുക. തമോഭാവങ്ങളെ കഴുകി വെടിപ്പാക്കുക. വിവാഹാന്തസ്സിൽ പ്രവേശിക്കുന്ന ഓരോരുത്തരുടെയും കർത്തവ്യമാണിത്. പിന്നെ പിൻ - പോർട്ട് സംവിധാനം ആയാസരഹിതമായി പ്രവർത്തിച്ചുകൊള്ളും.

■

ആരോഗ്യം



# അറിയണം ഈ ഹൃദയരഹസ്യങ്ങൾ

## സെപ്റ്റംബർ 29 - ഒരു ലോകഹൃദയദിനംകൂടി കടന്നുപോയി



ഡോ. ജോണി ജോസഫ്

**കാ**ലത്തിന്റെ തികവിൽ മനുഷ്യരുടെ രൂപത്തിലും ഭാവത്തിലുമൊക്കെ വലിയ വ്യതിയാനം സംഭവിക്കുന്നു. ഒരു ചെറുപ്പക്കാരനെയും കൗമാരക്കാരനെയും മധ്യവയസ്കനെയും പ്രായം ചെന്ന ആളെയും ഒറ്റനോട്ടത്തിൽത്തന്നെ നമുക്കു തിരിച്ചറിയാം. എന്നാൽ, ഹൃദയത്തിന്റെ കാര്യത്തിൽ അങ്ങനെയല്ല. കാർഡിയോളജിസ്റ്റുകൾ എക്കോ കാർഡിയോഗ്രാം എന്ന പരിശോധനയിലൂടെ ആളുകളുടെ ഹൃദയം നേരിട്ടുകാണാറുണ്ട്. അതിന്റെ ഘടനയും ചലനവും പമ്പിംഗ് ശക്തിയുമെല്ലാം മനസ്സിലാക്കാറുണ്ട്. ഒന്നോ രണ്ടോ ലക്ഷത്തിലധികം ഹൃദയങ്ങൾ കണ്ടിട്ടുള്ള എനിക്ക് ഒരാളിന്റെ എക്കോ കാർഡിയോഗ്രാം, പേരും വയസ്സും കാണിക്കാതെ തന്നാൽ അതിന്റെ ഉടമസ്ഥൻ കൗമാരക്കാരനാണോ യുവാവാണോ വൃദ്ധനാണോ എന്നു നിർണയിക്കാൻ സാധിക്കില്ല. അതിന്റെയർത്ഥം ദൈവത്തിന്റെ നിർമിതികളിൽ ഹൃദയത്തിന്റെ നിർമ്മാണം ഒന്നുവേറേതന്നെയാണ്.

ചിലതരം ഹൃദ്രോഗങ്ങൾ പ്രായമായവരിൽ കൂടുതലായി കാണപ്പെടുന്നു. അവയെപ്പറ്റി ആദ്യം പറയാം. ഹൃദയതാളത്തിന്റെ എണ്ണം കുറഞ്ഞുപോകുന്നതിനു കാരണമായ ചില രോഗങ്ങളുണ്ട്. അവ വന്നാൽ ബോധക്കേടും തലകറക്കവും ഉണ്ടാകുന്നു. ഇത്തരം രോഗികളിൽ പേസ്മേക്കർ ഘടിപ്പിക്കാറുണ്ട്. ഈ അവസ്ഥ കൂടുതലും പ്രായമായവരിലാണ് കാണപ്പെടുന്നത്. ചിലർക്ക് വളരെ വേഗത്തിലും ക്രമരഹിതമായും നെഞ്ചിടിപ്പ് ഉണ്ടാകാറുണ്ട്. ഇത് അത്ര ഗുരുതരമാകാറില്ലെങ്കിലും ഹൃദയത്തിന്റെ പമ്പിങ്ശക്തി അല്പം കുറയ്ക്കും. അതുവഴി സ്ട്രോക്ക് വരാനുള്ള സാധ്യതയുണ്ട്. ഇതും പ്രായമായവരിലാണ് കൂടുതലായി കണ്ടുവരുന്നത്. പ്രായം കൂടുന്തോറും ബ്ലഡ്പ്രഷർ കൂടുതലുള്ളവർക്ക് അതു കൂടിക്കൂടി വരും. 80 വയസ്സാകുമ്പോഴേക്ക് 70% ആളുകൾക്കും ബി.പി. ഉണ്ടായിരിക്കും. പ്രായമാകുമ്പോൾ ഉണ്ടാകുന്ന ബി.പി., സിസ്റ്റോളിക് ബി.പി. അഥവാ ഹൃദയം രക്തം പമ്പു ചെയ്യുമ്പോഴുണ്ടാകുന്ന ബി.പി. അല്ലെങ്കിൽ മുകളിലത്തെ ബി.പി. (120 - 80 എന്നു പറയുന്നതിലെ 120) 140, 180, 200 തുടങ്ങി ഉയർന്നുപോകും. അതേസമയംതന്നെ ഡയസ്റ്റോളിക് ബി.പി. - ഹൃദയം പ്രവർത്തിക്കാതിരിക്കുമ്പോഴുള്ള ബി.പി. (120-180ലെ 80) ക്രമേണ കുറഞ്ഞുവരുന്നു. ഇത് വളരെ അപകടകരമൊന്നുമല്ല. ഇത് വർദ്ധിപ്പിക്കാനുള്ള മരുന്നുകളും പ്രത്യേകിച്ച് ഒന്നുമില്ല. പക്ഷേ, മിക്ക രോഗികളും ഇതിനെക്കുറിച്ച് ആശങ്കയുള്ളവരാണ്. രക്തക്കുഴലുകളുടെ ഇലാസ്റ്റിസിറ്റി കുറഞ്ഞുവരുന്നതിന്റെ ഒരു പ്രതിഫലനമാണിത്. ഈ അവസ്ഥയും പ്രായമായവരിലാണ് കൂടുതലായും പ്രകടമാകുന്നത്. ഈ ബി.പി.യും ചികിത്സിക്കേണ്ടതാണ്. പക്ഷേ, അവർ മരുന്നുകളോടു പ്രതികരിക്കുന്നത് കുറവായിരിക്കും. ചിലർക്ക് കിടക്കുമ്പോൾ ബി.പി. 180, 200 തുടങ്ങിയ നിലകളിലേക്കുയരും. പക്ഷേ, എഴുന്നേറ്റു നില്ക്കുമ്പോൾ വളരെ പെട്ടെന്ന് കുറഞ്ഞുപോകും. ഈ അവസ്ഥയ്ക്ക് പോസ്റ്റർ ഹൈപ്പർ ടെൻഷൻ എന്നു പറയും. ചിലർക്ക് അതിനോടുകൂടി ചെറിയ മന്ദതയോ, തലചുറ്റലോ ഉണ്ടാകാനും സാധ്യതയുണ്ട്. ഇത്തരം അവസ്ഥയുള്ളവർക്ക് വളരെ ശ്രദ്ധാപൂർവ്വം മരുന്നുകൾ ക്രമീകരിക്കേണ്ടതാണ്. ബി.പി. പരിശോധിക്കുമ്പോൾ നിൽക്കുന്ന അവസ്ഥയിലുള്ള ബി.പി.യും ഇടയ്ക്കൊക്കെ പരിശോധിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ തുടക്കത്തിൽത്തന്നെ ഈ അവസ്ഥ കണ്ടെത്താനും ഡോക്ടർക്ക് ചികിത്സ നിർദ്ദേശിക്കാനും സാധിക്കും.

ഹൃദയത്തിന്റെ ചില വാൽവുകളിൽ - അയോർട്ടിക് വാൽവുകൾ - തടസ്സം ഉണ്ടാകുന്നു, ചുരുങ്ങുന്നു. സ്റ്റിനോസിസ് എന്നാണ് ഇത് അറിയപ്പെടുന്നത്. പ്രായമായവരിലാണ് ഇത് സാധാരണയായി കണ്ടുവരുന്നത്. ഇത് അറുപതുകൾക്കുശേഷം ആരംഭിച്ച് ക്രമേണ വർദ്ധിച്ചുവരുന്നു. ഹൃദയമിടിപ്പിനു ശബ്ദവ്യത്യാസം ഉണ്ടാവാം. എക്കോ കാർഡിയോഗ്രാം ചെയ്യുന്നതിലൂടെ ഇത് നേരിട്ടു കണ്ടെത്താൻ കഴിയും. ഇത്തരം രോഗികൾക്ക് തലകറക്കം, ബലക്ഷയം, ശ്വാസംമുട്ടൽ, നെഞ്ചുവേദന തുടങ്ങിയവ ഉണ്ടാകാം. ഏതുപ്രായക്കാരിലാണെങ്കിലും ഇത് അപകടകരമായാൽ വാൽവ് മാറ്റിവയ്ക്കണം. ഇതിന് വൈദ്യശാസ്ത്രത്തിൽ സംവിധാനങ്ങളുണ്ട്. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ കൂടാതെതന്നെ ഇതു ചെയ്യാൻ സാധിക്കും.

ചില രോഗികളുടെ പ്രധാന രക്തക്കുഴലായ അയോർട്ടയുടെ തുടക്കത്തിലോ മധ്യഭാഗത്തോ വീർത്ത് ഭിത്തിക്കു ബലം കുറഞ്ഞുപോകുന്ന ഒരു അവസ്ഥയുണ്ട്. ഇതിന് അന്യൂറിസം എന്നു പറയും. അബ്ഡോമൻ അയോർട്ടിക് അന്യൂറിസം(AAA). ഇത് എക്കോ കാർഡിയോഗ്രാമിലൂടെയോ അൾട്രാസൗണ്ട സ്ക്രീനിങ്ങിലൂടെയോ എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതാണ്. ഒരു ജനറൽ ചെക്കപ്പിന്റെ ഭാഗമായിട്ടാണെങ്കിൽപ്പോലും ഇത് ഉണ്ടോ എന്ന് അറിഞ്ഞിരിക്കുന്നതു നല്ലതാണ്. അമിതമായി വികസിക്കുന്നതിനുമുമ്പ് ഇതിനെ സ്റ്റെന്റ് ചെയ്ത് നിയന്ത്രണ വിധേയമാക്കാൻ കഴിയും. അല്ലെങ്കിൽ ഇതു പൊട്ടാൻ സാധ്യതയുണ്ട്. അപ്രകാരം സംഭവിക്കുന്നത് വളരെ അപകടകരമാണ്.



അടുത്തത്, ഹാർട്ട് ഫെയിലിയർ - ഹൃദയത്തിന്റെ ശക്തിക്ഷയം. ഇത് ഉണ്ടാക്കുന്ന രോഗലക്ഷണങ്ങളും രോഗങ്ങളും പ്രായമായവരിൽ കൂടുതലാണ്. കാരണം, വർഷങ്ങളായി എന്തെങ്കിലുമൊക്കെ അസുഖങ്ങൾ - ബി.പി., ഹാർട്ടറ്റാക്ക് - അവർക്ക് ഉണ്ടായിട്ടുണ്ടായിരിക്കും. ഇതെല്ലാം ഒന്നിച്ചുചേരുമ്പോൾ പ്രായമായ ചില ആളുകളുടെയെങ്കിലും ഹൃദയം താരതമ്യേന ബലഹീനമായിരിക്കും. ഹാർട്ട് ഫെയിലിയറിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നത്, ഹൃദയത്തിനു രക്തം പമ്പുചെയ്യാനുള്ള കഴിവ് 50%ത്തിലും അധികം കുറയുമ്പോഴാണ്. ഏതു ഹൃദ്രോഗവും മൈൽഡ് ആയിരിക്കുമ്പോൾ കാര്യമായ ലക്ഷണങ്ങൾ ഒന്നും കാണുകയില്ല. അതു തീവ്രമാകുമ്പോൾ, രക്തം പമ്പുചെയ്യുന്നതിന്റെ അളവു കുറയുമ്പോൾ കിഡ്നിയുടെ പ്രവർത്തനത്തെ അതു ബാധിക്കും. ശരീരത്തിലെ ജലാംശം കുറയുന്നതായി തോന്നിയാൽ കിഡ്നി കൂടുതൽ ബ്ലഡ് ശേഖരിച്ചുവയ്ക്കും. അത് കിഡ്നിയുടെ ലോഡ് വർദ്ധിപ്പിക്കും. ഇത് രണ്ടും കൂടി വരുമ്പോൾ ശ്വാസകോശത്തിന് നീരുണ്ടായി ഭാരം വർദ്ധിക്കും. അങ്ങനെ ശ്വാസതടസ്സം അനുഭവപ്പെടും. കാലുകളിലെ നീര് രണ്ടാമത്തെ പ്രധാന രോഗലക്ഷണമാണ്. ഈ ലക്ഷണങ്ങളുമായി ആശുപത്രിയിലെത്തുന്ന രോഗികളെ പരിശോധനകൾക്കു വിധേയമാക്കി ആവശ്യമായ മരുന്നുകൾ നല്കി രോഗത്തെ നിയന്ത്രണവിധേയമാക്കാൻ സാധിക്കും. പ്രത്യേകം ശ്രദ്ധിക്കേണ്ടത് ശ്വാസംമുട്ടൽ ഉണ്ടാകുമ്പോൾ അത് വലിവായി തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയുണ്ട് എന്നതാണ്. അതുകൊണ്ട് ശ്വാസംമുട്ടലുമായി വരുന്ന പ്രായമായ രോഗിയെ നിർബന്ധമായും ഹാർട്ട് ഫെയിലിയർ പരിശോധനകൾക്കു വിധേയമാക്കേണ്ടതുണ്ട്. സാധാരണഗതിയിൽ ഇത് നിയന്ത്രണവിധേയമാക്കാവുന്ന ഒരു അസുഖമാണ്. അവഗണിച്ചാൽ ക്യാൻസറിനെക്കാൾ മോശവും അപകടകരവുമായ ഒരവസ്ഥയാണ് ഇത് എന്നുകൂടി മനസ്സിലാക്കണം. ഇതിന്റെ ചികിത്സയിൽ മരുന്നുകൂടാതെ ആഹാരക്രമത്തിനും വലിയ പ്രാധാന്യമുണ്ട്. രോഗത്തിന്റെ തീവ്രതയനുസരിച്ച് ഉപ്പ്, വെള്ളം എന്നിവയുടെ ഉപയോഗം ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് നിയന്ത്രിക്കണം. കാലുകളിലെ നീര് ഹാർട്ട് ഫെയിലിയറിനെ സംബന്ധിച്ച് അപ്രധാനമല്ലെന്നു മനസ്സിലാക്കണം.

മധ്യവയസ്സിനുശേഷം പൊതുവായി കാണപ്പെടുന്ന ഒരു അവസ്ഥയാണ് ഹാർട്ട് അറ്റാക്ക് രോഗങ്ങൾ. പ്രധാനമായും കൊറോണറി ധമനിരോഗങ്ങൾ എന്ന ബ്ലോക്കിനോട് ബന്ധപ്പെട്ട രോഗങ്ങളാണിത്. ഇതും സാധാരണമായി കാണപ്പെടുന്നത് മധ്യവയസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടത്തിലാണ്. പ്രായമായവർക്ക് ചികിത്സ ഏതു വിധമെന്ന് - മരുന്നുകൊണ്ടു ചികിത്സിക്കണോ, ആൻജിയോ പ്ലാസ്റ്റിയോ ബൈപ്പാസ് സർജറിയോ - എന്നു തീരുമാനിക്കുന്നത് പ്രായത്തെ മാത്രം കണക്കാക്കിയല്ല. രോഗിയുടെ ഫങ്ഷണൽ ഏജ് കണക്കാക്കിയതാണ്. അവരുടെ ശാരീരികമോ, മാനസികമോ ആയ കഴിവുകൾ എല്ലാം കണക്കിലെടുത്തുവേണം ചികിത്സ തീരുമാനിക്കാൻ. എങ്കിലേ ചികിത്സയുടെ പ്രയോജനം അനുഭവിക്കാനും തുടർന്ന് ആരോഗ്യപ്രദമായ ജീവിതം നയിക്കാനും സാധിക്കുകയുള്ളൂ.

ഒരിക്കൽ ഹാർട്ട് അറ്റാക്ക് വന്നവർക്ക് ഇനി വരാതിരിക്കാൻ പ്രധാനമായും ചെയ്യേണ്ടത് അതിലേക്കു നയിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയാണ്. പുകവലി, മദ്യപാനം, ബി.പി. നിയന്ത്രണം തുടങ്ങിയവയൊക്കെ അവയിൽ ചിലതാണ്. ഇതൊക്കെത്തന്നെയാണ് ചികിത്സാനന്തരം പ്രായമായവരുടെ കാര്യത്തിലും നമുക്കു ചെയ്യാവുന്നത്. ഒരിക്കൽ ഹാർട്ടറ്റാക്ക് വന്നവർ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ നിർദ്ദേശിക്കുന്ന കാലയളവുവരെ കൃത്യമായി കഴിക്കണം.

ഭക്ഷണക്രമീകരണം ഹൃദ്രോഗചികിത്സയ്ക്ക് അനിവാര്യമാണ്. അതുപോലെതന്നെ വ്യായാമം ഒഴിച്ചുകൂടാനാവാത്തതാണ്. രോഗിയുടെ പ്രായമല്ല, അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും മനോഭാവവുമാണ് രോഗചികിത്സയെ സ്വാധീനിക്കുന്നത്. അതനുസരിച്ചുവേണം അവരുടെ ആഹാരവും വ്യായാമവും ക്രമീകരിക്കേണ്ടത്.

ശ്രദ്ധിക്കേണ്ട പൊതുവായ ഹൃദ്രോഗലക്ഷണങ്ങൾ ഇനി പറയുന്നു. വാൽവുകളിൽ ബ്ലോക്ക് ഉള്ളതിന്റെ ലക്ഷണങ്ങൾ: നടക്കുമ്പോൾ നെഞ്ചിനുള്ളിൽ കഴപ്പുപോലെ തോന്നുക, പെട്ടെന്ന് കിതയ്ക്കുക, ചിലർക്ക് ഗ്യാസ്ട്രബിൾപോലെ തോന്നുക, തൊണ്ട വരളുക. ഇവ ചെറുപ്പക്കാർക്കും പ്രായമായവരിലും ഒരുപോലെ അനുഭവപ്പെടാം. ചിലരിൽ ഈ ലക്ഷണങ്ങൾ താരതമ്യേന കുറവായിരിക്കും. പ്രത്യേകിച്ച് പ്രായമായവരിൽ സൈലന്റ് അറ്റാക്കിനുള്ള സാധ്യതകളാണ് ലക്ഷണങ്ങളുടെ അഭാവം.

രക്തത്തിന്റെ പമ്പിങ് കുറഞ്ഞാലുള്ള ലക്ഷണം പ്രധാനമായും ശ്വാസംമുട്ടലാണ്. ബോധക്കേട്, തലകറക്കം മുതലായവയും ഹൃദയമിടിപ്പ് കുറയുന്നതിന്റെ ലക്ഷണങ്ങളാണ്. തീവ്രമായ ഹാർട്ട് ഫെയിലിയറിന്റെ ഒരു ഉപലക്ഷണമായി കാലുകളിൽ നീര് കണക്കാക്കാറുണ്ട്. ഇത് എല്ലായ്പോഴും ഹൃദ്രോഗസംബന്ധിയായിക്കൊള്ളണമെന്നുമില്ല.

*ലേഖകൻ തെള്ളകം കാരിത്താസ് ഹോസ്പിറ്റലിലെ ചീഫ് കാർഡിയോളജിസ്റ്റാണ്.*

# ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ പശ്ചാത്തലഭൂമികൾ






പ്രഫ. ചാണ്ടി സഖറിയാസ്


കെയ്റോ

**മാ**നവചരിത്രത്തിൽ നക്ഷത്രപ്രഭയുള്ള അധ്യായങ്ങൾ രചിച്ചിട്ടുള്ളത് 5000 വർഷത്തെ പഴക്കമുള്ള ഈജിപ്ഷ്യൻ സംസ്കാരമാണ്. 3100 ബി.സി. മുതൽ നൈൽനദീതീരങ്ങളിൽ വികസിച്ചുവന്ന ഒരു ജനപദത്തിന്റെ സാംസ്കാരികനേട്ടങ്ങൾ ഇന്നും നമ്മെ അതിശയിപ്പിക്കുന്നു. ദൈവതുല്യരായി കണക്കാക്കിയിരുന്ന ഫറവോമാരുടെ പട്ടികയിൽ ആദ്യം നാർമെറും (അദ്ദേഹം മെനെസ് എന്നറിയപ്പെട്ടിരുന്നു) അവസാന നാളുകളിൽ ക്ലിയോപാട്രയും സ്ഥാനം പിടിക്കുന്നു. കെയ്റോയ്ക്കടുത്തുള്ള പിരമിഡുകളും സ്ഫിംങ്സും ലക്സറിലെയും കാർണാക്കിലെയും ബൃഹത്തായ നക്ഷത്രസമുച്ചയങ്ങളും ശില്പകലാവൈദഗ്ധ്യത്തിലും എൻജിനീയറിംഗിലും ഇന്നും വെല്ലുവിളിക്കപ്പെടാതെ നില്ക്കുന്നു.

വിശുദ്ധനാടുകളിലൂടെയുള്ള ഒരു യാത്രയ്ക്കിടയിലാണ് ഒരു വിനോദയാത്രാസംഘത്തിൽപ്പെട്ട ഞങ്ങൾ സൂയെസ് കനാലിന്റെ അടിയിൽക്കൂടി കടന്ന് നൈൽനദീതീരത്തുള്ള കെയ്റോയിലെത്തിയത്. പകൽമുഴുവൻ നീണ്ടുനിന്ന സീനായ് മരുഭൂമിയിലൂടെയുള്ള ഒരു യാത്രയുടെ അവസാനത്തിലാണ് ഞങ്ങൾ അവിടെയെത്തിയത്. 350 കി.മീറ്ററോളം നീണ്ട ആ യാത്രയിൽ ഭക്ഷണത്തിനുവേണ്ടി മാത്രം ചില പച്ചപ്പുള്ള സ്ഥലങ്ങളിൽ വണ്ടി നിർത്തിയിരുന്നു. 40 വർഷത്തോളം തന്റെ ജനത്തെ വാഗ്ദത്തഭൂമിയിൽ എത്തിക്കാൻ യാതനാപൂർണ്ണവും അർപ്പിതവുമായ ഒരു യാത്രയ്ക്ക് മോശ നേതൃത്വം കൊടുത്തത് ഇതുവഴിയായിരുന്നു. ഇസ്രായേലും ഈജിപ്തും കുറെ അറബ് രാജ്യങ്ങളുമായും നടത്തിയ ചരിത്രപ്രധാനമായ ആറു ദിവസത്തെ യുദ്ധത്തിൽ ഈജിപ്തിന്റെ കൈവശത്തിലിരുന്ന സീനായ്മരുഭൂമിയുടെ ഒരു വലിയഭാഗം അവർക്കു നഷ്ടപ്പെട്ടിരുന്നു. വിൻസ്റ്റൺ ചർച്ചിലിന്റെ കൊച്ചുമകൻ എഴുതിയ 'ആറു ദിവസത്തെ യുദ്ധം' എന്ന പുസ്തകത്തിൽ ഒരു നോവലിലെന്നപോലെ വായനക്കാരെ പിടിച്ചിരുത്തുന്ന ആ യുദ്ധത്തിന്റെ വിവരണമുണ്ട്. പിരമിഡുപോലെ ഉയർന്നുനിന്നിരുന്ന അന്നത്തെ ഈജിപ്ഷ്യൻ പ്രസിഡന്റിന്റെ പരാജയവും ആത്യന്തികമായി അദ്ദേഹത്തിന്റെ പെട്ടെന്നുള്ള മരണവും യുദ്ധത്തിന്റെ പരിണതഫലമെന്നു പറയാം. പിന്നീടുവന്ന പ്രസിഡന്റ് അൻവർ സാദത്ത് ഒരു യുദ്ധത്തിലൂടെയും സന്ധിയിലൂടെയും നഷ്ടപ്പെട്ട ഈ പ്രദേശങ്ങൾ തിരിച്ചെടുക്കുകയുണ്ടായി.

ഈജിപ്റ്റിന്റെ പ്രതാപകാലത്തു ചരിത്രം ഒരു പഠനശാഖയായി വളർന്നിരുന്നില്ല. ബി.സി. 5–ാം നൂറ്റാണ്ടിൽ ഗ്രീസിൽ ജീവിച്ചിരുന്ന ഹെറോഡോട്ടസാണ് ചരിത്രത്തെ ഒരു വിജ്ഞാനശാഖയായി ഉയർത്തിയത്. വിപുലമായ യാത്രാനുഭവവും ഭൂമിശാസ്ത്രപരമായ അറിവും ഗവേഷണമനസ്സുമുള്ള അദ്ദേഹം 'Histories' (ഹിസ്റ്ററീസ്) എന്ന തന്റെ രചനയിൽക്കൂടി ചരിത്രം എന്ന വിഷയത്തിന്റെ ആദ്യപാഠങ്ങൾ ലോകത്തിനു നല്കി (Herodotus 550–479 ബി.സി.). റോമൻ എഴുത്തുകാരനും പ്രഭാഷകനുമായിരുന്ന സിസറോ അദ്ദേഹത്തെ 'Father of History' (ചരിത്രത്തിന്റെ പിതാവ്) എന്നു വിളിച്ചു. ഈ ഹെറോഡോട്ടസാണ് ഈജിപ്റ്റിനെ നൈലിന്റെ ദാനമെന്നു വിളിച്ചത്.

രാത്രിയുടെ നേരിയ പുതപ്പു നൈലിനെ പുതപ്പിച്ചപ്പോഴാണ് ഞങ്ങൾ നൈൽനദിയിലൂടെ ഒരു വിനോദയാത്രക്കപ്പലിൽ കുറെ മണിക്കൂറുകൾ യാത്ര ചെയ്തത്. ഇടയ്ക്ക് ഈജിപ്ഷ്യൻ സംഗീതജ്ഞരും നർത്തകികളും യാത്രയ്ക്കു നിറം പകർന്നിരുന്നു. കൂട്ടത്തിൽ രുചികരമായ ഈജിപ്ഷ്യൻ ഭക്ഷണവും. നൈലിന്റെ ഇരുവശങ്ങളും രാത്രിയിലേക്കും നിശാജീവിതത്തിലേക്കും കടന്നുവരികയായിരുന്നു.

**നൈൽ**

താഴ്വര എന്നർത്ഥമുള്ള Neilos എന്ന ഗ്രീക്കുപദത്തിൽനിന്നാണ് നൈൽ എന്ന പേരു വന്നത്. ലോകത്തിലെ ഏറ്റവും നീളമുള്ള നദിയാണ് നൈൽ. ഭൂമധ്യരേഖയ്ക്കു തെക്കുകിടക്കുന്ന Burundi ബറൂണ്ടി എന്ന ആഫ്രിക്കൻരാജ്യത്തുനിന്നാണ് നൈൽ ഉദ്ഭവിക്കുന്നത്. 6695 കി.മീ സുഡാൻ, എത്യോപ്യ, ഉഗാണ്ട, കോംഗോ, കെനിയ, ടാൻസാനിയ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിലൂടെ ഒഴുകി വരുന്ന നൈലിന് ശരാശരി 2.85 കി. മീ. വീതിയും 26 മുതൽ 36 അടി വരെ താഴ്ചയുമുണ്ട്. ഈജിപ്റ്റുംകടന്ന് അലക്സാണ്ഡ്രിയയുടെ അടുത്തു ചെല്ലുന്ന നൈൽ പലതായി ചിതറിപ്പിരിഞ്ഞ് മെഡിറ്ററേനിയൻ കടലിൽ പതിക്കുന്നു.

അലക്സാണ്ടർ സ്ഥാപിച്ചതും പിന്നീട് ക്ലിയോപാട്ര അവസാനത്തെ ഫറവോയായി ഭരിച്ചിരുന്നതുമായ നഗരമാണ് അലക്സാണ്ഡ്രിയ. അവിടെ ഫലഭൂയിഷ്ഠമായ 160 കി.മീ. നീളവും 240 കി. മീ. വീതിയുമുള്ള ഒരു ഡെൽറ്റ രൂപംകൊണ്ടിട്ടുണ്ട്– നാസാ. ഇതിന്റെ ശൂന്യാകാശത്തിൽനിന്നുള്ള ഫോട്ടോ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു മുഴുവൻ സമ്പന്നമായ കൃഷിയിടങ്ങളാണ്. നൈൽ ആയിരക്കണക്കിനു മൈലുകൾക്കപ്പുറംമുതൽ കൊണ്ടുവരുന്ന വളക്കൂറുള്ള മണ്ണും എക്കലും ഇവിടെയാണ് നിക്ഷേപിക്കുന്നത്. നൈൽ ഈജിപ്ഷ്യൻ സംസ്കാരത്തെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ടെന്നു പറയാൻ സാധ്യമല്ല. കൃഷിയും ജലസേചനവും വ്യാപാരവും ഒരു വലിയ പരിധിവരെ നൈലിനെ ആശ്രയിച്ചുനില്ക്കുന്നു. ഈജിപ്റ്റിനെ അപ്പർ ഈജിപ്റ്റ്, ലോവർ ഈജിപ്റ്റ് എന്നും രണ്ടായി തിരിക്കാറുണ്ട്. ഇതിന്റെ ലോവർ ഈജിപ്റ്റിൽ കെയ്റോ മുതൽ മെഡിറ്ററേനിയനിൽ പതിക്കുന്നതുവരെയുള്ള ഭാഗത്താണ് വിശാലമായ ഡെൽറ്റ അഥവാ തുരുത്ത് രൂപം കൊണ്ടിരിക്കുന്നതും.

**ഈജിപ്റ്റോളജി**

പുരാതനഈജിപ്റ്റിന്റെ ചരിത്രം, ഭാഷ, സാഹിത്യം, വാസ്തുവിദ്യ, കല എന്നിവയെക്കുറിച്ചുള്ള പഠനമാണിത്. ക്രിസ്തുവിന് അഞ്ചു സഹസ്രാബ്ദങ്ങൾക്കുമുമ്പുമുതൽ എ.ഡി. 4–ാം നൂറ്റാണ്ടിൽ ഈജിപ്ഷ്യൻ മതാചാരങ്ങൾ നാമാവശേഷമാകുന്നതുവരെയുള്ള കാലയളവാണ് ഇതിൽ പഠനവിഷയമാകുന്നത്.

ബി.സി. മൂന്നാംനൂറ്റാണ്ടിൽ ടോളമി–1, ടോളമി–2 എന്നിവരുടെ ഭരണകാലത്ത് ഈജിപ്റ്റിനെക്കുറിച്ചുള്ള ചരിത്രരേഖകൾ നല്കിയവരാണ് ഹെറോഡോട്ടസ്, ഡയഡോറൻ മുതലായവർ. പിന്നീടാണ് യൂറോപ്യന്മാർ ഈ രംഗത്തേക്കു വന്നത്. അതു മിക്കവാറും റോസറ്റാസ്റ്റോണിൽ (1799) കണ്ടെത്തിയ ലിപിയിൽക്കൂടി ഈജിപ്ഷ്യൻ സംസ്കാരത്തെ മനസ്സിലാക്കാമെന്നു വന്നപ്പോഴാണ്. ഇതിലെ ലിപികൾ മനസ്സിലാക്കിയതുകൊണ്ടാണ് ഈജിപ്ഷ്യൻ സംസ്കാരത്തെ അടുത്തറിയാൻ വിദഗ്ധരെ സഹായിച്ചത്.

ഇന്ന് ഈജിപ്ഷ്യൻ സംസ്കാരത്തെപ്പറ്റിയുള്ള പഠനങ്ങൾ യൂറോപ്പിലും അമേരിക്കയിലും ഗവേഷണപ്രാധാന്യമുള്ള ഒട്ടേറെ ചരിത്രാന്വേഷികളെയും വിദ്യാർത്ഥികളെയും ആകർഷിക്കുന്നതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള യൂണിവേഴ്സിറ്റികളിൽ ഈജിപ്റ്റോളജിയിൽ ഡിഗ്രിതരംവരെയുള്ള കോഴ്സുകൾ നടത്തപ്പെടുന്നുണ്ട്. ലോകപ്രസിദ്ധങ്ങളായ, പാരീസിലെയും ബ്രിട്ടനിലെയും മ്യൂസിയങ്ങളിൽ ഈജിപ്റ്റിനുവേണ്ടി പ്രത്യേക വിഭാഗങ്ങൾ മാറ്റിവച്ചിരിക്കുന്നു. അവിടെയൊക്കെ മമ്മികൾ ഉൾപ്പെടെയുള്ള വില തീരാത്ത ഈജിപ്ഷ്യൻ ശേഖരങ്ങൾ സൂക്ഷിച്ചുവച്ചിരിക്കുന്നു. ഈജിപ്റ്റിലെ ലക്ഷർ ക്ഷേത്രത്തിന്റെ പേരിലുള്ള ലാഡ്വിഗാസിലെ ലക്ഷർ കാസിനോയുടെ ഉൾവിസ്തീർണ്ണം 5 ഏക്കറാണ്. അതിന്റെ മുൻവശത്തുള്ള നയനമനോഹരവും നിറപ്പകിട്ടാർന്നതുമായ സ്ഫിംങ്സിന്റെ പ്രതിമയ്ക്ക് യഥാർത്ഥ സ്ഫിംങ്സിന്റെ ഒന്നരയിരട്ടി വലിപ്പമുണ്ട്. ഈജിപ്റ്റിൽനിന്നു പറിച്ചുനട്ട ഒരു ക്ഷേത്രസമുച്ചയവും ന്യൂയോർക്കിലെ സിംപ്സോണിയൻ മ്യൂസിയത്തിലുണ്ട്. ചുരുക്കത്തിൽ, ഇന്നും ഗവേഷകർക്കും ചരിത്രാന്വേഷികളായ വിദ്യാർത്ഥികൾക്കും ആവേശവും താത്പര്യവും ഹരവും പകരുന്ന ഒരു പഠനമേഖലയാണ് ഈജിപ്റ്റും അതിനെപ്പറ്റിയുള്ള പഠനമേഖലയായ ഈജിപ്റ്റോളജിയും.

(തുടരും)

---

## ഔഷധപോഷക ഗുണങ്ങൾ നിറഞ്ഞ നോനി



▶കാർഷികം ■ ജോഷി മുഞ്ഞനാട്ട്

**ഔ**ഷധപോഷകഗുണങ്ങളുള്ള ഒരു പഴമാണ് നോനി. 'മോറിണ്ടി സിട്രിഫോളിയ' എന്ന സസ്യനാമത്തിൽ അറിയപ്പെടുന്ന നോനി മൂന്നു മീറ്ററോളം ഉയരം വയ്ക്കുന്ന ചെറുമരമാണ്.

കേരളത്തിൽ ചതുപ്പുകളിലും മറ്റും വളർന്നിരുന്ന നോനി ഒരു പാഴ്മരമായി കരുതപ്പെട്ടിരുന്നു. എന്നാൽ നോനി പോഷകമേന്മയിലും ഔഷധഗുണത്തിലും നല്ലൊരു ഫ്രൂട്ടായി 2007 ലാണ് തിരിച്ചറിയുന്നത്. ഇന്ന് ഇവയ്ക്ക് നല്ല ഡിമാന്റുതന്നെയുണ്ട്. 150 ഓളം ഘടകങ്ങൾ നോനിപ്പഴത്തിലുള്ളതായി പറയപ്പെടുന്നു.

പ്രോകസിറോണിൻ, സ്റോണിൻ, സ്കോപോലെറ്റിൻ, ബീറ്റ സൈറ്റോസ്റ്റീറോൾ, പൊട്ടാസ്യം, കരോട്ടിനുകൾ, വിറ്റാമിൻ എ, സി, ഇരുമ്പ് തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

സംസ്കരിച്ച നോനിപ്പഴച്ചാറ് വേദനസംഹാരിയായും പ്രമേഹം, രക്തസമ്മർദ്ദം, സന്ധിവാതം, കരൾരോഗങ്ങൾ എന്നിവയുടെ ചികിത്സയിലും പ്രതിരോധൗഷധമായും ഒക്കെ ലോകത്തെമ്പാടും പ്രചാരം നേടിയിട്ടുണ്ട്. സിറപ്പ് മുതൽ കാപ്സ്യൂൾവരെ ഇതിൽനിന്ന് ഉണ്ടാക്കുന്നു.

നിസ്സാരനായി കണ്ടിരുന്ന നോനിയുടെ ആഭ്യന്തരപ്രിയവും കൂടിവരികയാണ്. കൃഷിയിടത്തിൽ നല്ല വെളിച്ചമുള്ള സ്ഥലത്ത് ഇവയുടെ തൈകൾ നടാം. തൈകൾ തമ്മിൽ 2 മീറ്റർ അകലം നൽകണം. ഹൈബ്രിഡ് ഇനങ്ങളും നടാൻ ഉപയോഗിക്കാം. കാലവർഷാരംഭത്തിൽ തുടർച്ചയായി മഴയില്ലാത്ത അവസരത്തിൽ തയ്യാറാക്കിയ കുഴികളിൽ അടിവളം ചേർത്ത് തൈകൾ നടാം. ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ അടിവളമായി ചേർക്കാം. നട്ടശേഷം മഴയില്ലെങ്കിൽ നനച്ചുകൊടുക്കണം. വേനൽക്കാലങ്ങളിൽ പുതയിടൽ നടത്തുന്നതും കടുത്ത ചൂടിൽനിന്നു സംരക്ഷിക്കുവാൻ ഓല ഉപയോഗിച്ച് മറച്ചുകെട്ടുന്നതും നല്ലതാണ്. ജലസേചനം ഇക്കാലയളവിൽ മുടക്കരുത്. തുടർന്നുള്ള കലയളവിൽ കളയെടുപ്പ് നടത്തി വളപ്രയോഗം നടത്തണം. ജൈവവളങ്ങൾ നൽകിയാൽ മതിയാകും. □




## അദ്ധ്യായം 6

"വക്കീൽസാറേ, ജിനേഷിന് പോലീസ് പ്രൊട്ടക്ഷൻ കിട്ടിയെന്നു പറഞ്ഞത്?" പുഴക്കര വക്കച്ചൻ വിശ്വസിക്കാനാവാതെ ചോദിച്ചു.

"സത്യമായ കാര്യം. രാത്രിയും പകലും ഉണ്ണുമ്പഴും ഉറങ്ങുമ്പഴും ഇരിക്കുമ്പഴും നടക്കുമ്പഴും അവന്റെകൂടെ ഒരു പോലീസുകാരനുണ്ടാകും. കൈയിൽ തോക്കുള്ള പോലീസ്!" അഡ്വ. ജയപാലൻ പറഞ്ഞു.

വക്കച്ചന്റെ മുഖം മുറുകി.

"തോക്കുള്ള പോലീസുകാരനല്ല, ഇന്ത്യൻ പട്ടാളം മുഴുവൻ അവനു കാവലുനിന്നാലും തീർക്കാൻ വക്കച്ചൻ തീരുമാനിച്ചാൽ അവൻ തീർന്നിരിക്കും." അയാൾ പറഞ്ഞു.

ജയപാലൻ പുഞ്ചിരിച്ചു.

"അച്ചായന്റെ ഈ വർത്തമാനം എനിക്കിഷ്ടമാ. പക്ഷേ, ഒന്നും അങ്ങു പ്രവൃത്തീലോട്ടു വരുന്നില്ല. മകളെക്കൊണ്ട് മൊഴി പറയിക്കാമെന്നുപറഞ്ഞ് വേണ്ടാത്ത പണിക്കു പോയിട്ടിപ്പം കൊടുത്ത പെറ്റീഷൻ പിൻവലിക്കാൻ ഞാൻ നാണം കെട്ടിറങ്ങണം. ഒരു കാര്യം പറഞ്ഞേക്കാം. ഈ കേസിങ്ങനെ നിൽക്കുമ്പം പരാതിക്കാരനെന്തു സംഭവിച്ചാലും പഴി നമുക്കിരിക്കും. തൽക്കാലം മകളെ ഹോസ്പിറ്റലിൽനിന്നു വീട്ടിലേക്കു മാറ്റാൻ നോക്ക്."

"ഞാൻ മടങ്ങുകാ. സാറ് സുപ്രീംകോടതിയിലെ വക്കീലിനെ വിളിച്ച് ഒന്നൂടെ ചൂടാക്ക്. സ്റ്റേ എത്രയും പെട്ടെന്ന് വാങ്ങിച്ചെടുക്കണം." വക്കച്ചൻ പറഞ്ഞു.

"അഡ്വക്കേറ്റ് മേനോനെ ഞാനുടനെ വിളിക്കുന്നുണ്ട്. പിന്നെ നമുക്കെതിരേ സ്റ്റേ കിട്ടാതിരിക്കാൻ അവനും ഒരു വക്കീലിനെ വച്ചിരിക്കുന്നു. ഒരു സുമിത്രാരാജൻ. മലയാളിയാ. പത്തു പൈസ വാങ്ങാതെയാ അവർ അവനുവേണ്ടി വാദിക്കുന്നത്. പരിസ്ഥിതിവാദിയായ അഡ്വക്കേറ്റാ. വീട്ടിൽ പൂത്ത പണവുമുണ്ട്. പ്ലെയ്നിലാ ഡൽഹിക്കുന്ന പോകുന്നതും വരുന്നതും..."

"ഹൊ! അതു സംഭവിച്ചോ? നമുക്ക് നല്ല വാർത്ത പ്രതീക്ഷിക്കാമല്ലേ വക്കീൽ സാറേ?" വക്കച്ചൻ ഭീതിയോടെ ചോദിച്ചു.

"എപ്പഴും നല്ലതു മാത്രം പ്രതീക്ഷിക്ക്."

"ശരി." അങ്ങനെ പറഞ്ഞ് പുഴക്കര വക്കച്ചൻ എഴുന്നേറ്റു. അയാൾ വക്കീൽ ആഫീസിൽ നിന്നിറങ്ങി തന്റെ കാറിനടുത്തേക്കു നടന്നു.

കായൽക്കര കൈയേറിയുണ്ടാക്കിയ വശ്യസുന്ദരമായ കൊട്ടാരം സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ അയാൾക്ക് തുടരെത്തുടരെ തിരിച്ചടികളാണ്. ഏറ്റവുമൊടുവിൽ സർവ്വപ്രതീക്ഷയും തകർത്തുകൊണ്ട് കാലൻമാത്തന്റെ മകൾ കളക്ടറായി വന്നിരിക്കുന്നു!

തന്റെ വീടു പൊളിപ്പിക്കാൻ മുന്നിട്ടിറങ്ങിയിരിക്കുന്നവന് കളക്ടർ പോലീസ് പ്രൊട്ടക്ഷൻവരെ കൊടുക്കുന്നു! വെറും പത്തു സെന്റിൽ രോഗിയായ അമ്മയ്ക്കും കെട്ടുപ്രായം കഴിഞ്ഞ പെങ്ങൾക്കുമൊപ്പം കഴിയുന്നവനാണ് ജിനേഷ്! അവന്റെയൊരു പരിസ്ഥിതിസ്നേഹം! കേസിൽനിന്നു പിന്മാറിയാൽ പത്തുലക്ഷംവരെ ഓഫർ ചെയ്തതാണ്. അവനു വേണ്ട! മിനിറ്റുകൊണ്ട് വക്കച്ചൻ ഹോസ്പിറ്റലിലെത്തി.

"പപ്പാ...." മീര സ്നേഹത്തോടെ അയാളെ വിളിച്ചു.

"എന്താ മോളേ?" മുഖപ്രസാദം തീരെയില്ലാതെ വക്കച്ചൻ തിരക്കി.

"പിണങ്ങിയല്ലേ എന്നോട്?"

"ഇല്ല. എനിക്കാരോടും ഒരു പിണക്കവുമില്ല."

"ഇപ്പഴെവിടുന്നാ ഇച്ചായൻ വരുന്നെ?" ഫിലോമിന ചോദിച്ചു.

"കേസ് പിൻവലിക്കാതെ തരമില്ലല്ലോ. വക്കീലിനെക്കണ്ട് എല്ലാം ഏർപ്പാടാക്കി. നിങ്ങളുടെയൊക്കെ തീരുമാനംപോലെ നടക്കട്ടെ."

"വാശിക്ക് ഓരോന്നു ചെയ്യുമ്പം അതിന്റെ വരുംവരായ്കകള് ചിന്തിക്കുകേല. മോളെ പോലീസും കളക്ടറും വിഷമിപ്പിച്ചെന്ന് മൊഴികൊടുത്താൽ മീഡിയാസിൽ അതെങ്ങനെയെല്ലാം വരും! നമ്മുടെ മോളുടെ മാനം കളഞ്ഞ് കേസ് ജയിക്കണോ?" ഫിലോമിനാ ചോദിച്ചു.

വക്കച്ചൻ മറുപടി പറയാതെ നിന്നു. ഫിലോമിന പറഞ്ഞതുപോലെ സംഭവിക്കാൻ സാധ്യതയുണ്ടായിരുന്നെന്ന് അയാൾക്കു തോന്നി. മനസ്സിൽ പക ആളിക്കത്തുമ്പോൾ പ്രതികാരചിന്ത കഠിനമാകും. ഏറ്റവും മൂർച്ചയുള്ള ആയുധമാണപ്പോൾ തിരയുന്നത്. മുറിവുകളും നാശവും ഇരുപക്ഷത്തുമുണ്ടാകാം. കളക്ടർക്കും എസ്.പി.ക്കുമെതിരേ കൊടുത്ത കള്ളക്കേസ് പിൻവലിക്കാൻ തീരുമാനിച്ചത് ഏറ്റവും ഉചിതമായെന്ന് വക്കച്ചനു തോന്നിത്തുടങ്ങി. അയാൾ ഹോസ്പിറ്റലിലെ ബില്ലു തീർക്കാനും മറ്റുമായി കൗണ്ടറിലേക്കു പോയി. ഇടനാഴിയിൽവച്ച് ഫിസിഷ്യൻ ഡോക്ടർ അലക്സ് ജോസഫിനെ കണ്ടു.

"അച്ചായാ, എന്തായി കാര്യങ്ങൾ? അന്വേഷണസംഘം എപ്പോൾ വരുമെന്ന് വല്ല ഇൻഫർമേഷനുമുണ്ടോ?" ഡോക്ടർ അലക്സ് തിരക്കി. പുഴക്കര വക്കച്ചൻ തെല്ലു വിളറി. തീരുമാനം മാറ്റിയതും പരാതി പിൻവലിക്കാൻ തീരുമാനിച്ചതുമായ വിവരങ്ങൾ ഡോക്ടറോടു പറഞ്ഞു.

ഡോക്ടർ അലക്സ് സന്തോഷത്തോടെ വക്കച്ചന് ഷേക്ക് ഹാൻഡ് നൽകി.

"അച്ചായനെടുത്തത് വളരെ നല്ല തീരുമാനമാ. ഞാനാകെ വിഷമത്തിലായിരുന്നു. ഇപ്പോൾ ഒരുവിധ ആരോഗ്യപ്രശ്നവുമില്ലാത്ത മീരയ്ക്ക് മെന്റൽ ഷോക്കുണ്ടായെന്ന് എങ്ങനെ പറഞ്ഞൊപ്പിക്കുമെന്ന വിഷമസന്ധിയിലായി ഞാൻ. എന്നെ ഇത്ര വലിയ ഫെസിലിറ്റിയുള്ള ഹോസ്പിറ്റലിൽ ജോലിക്കെടുപ്പിച്ച അച്ചായനിങ്ങനെയൊരു ഹെൽപ്പ് ചോദിച്ചപ്പം നിരസിക്കാനും പറ്റിയില്ല. വ്യാജറിപ്പോർട്ടെഴുതുന്ന തോർത്തപ്പം ആകെ ടെൻഷനുമായി. വെരിഗുഡ് ഡിസിഷൻ." അദ്ദേഹം നടന്നകന്നു. വക്കച്ചൻ പല പരിചയക്കാരെയും ഹോസ്പിറ്റലിൽവച്ചു കണ്ടുമുട്ടി. സമ്പന്നവിഭാഗം കൂടുതലിഷ്ടപ്പെടുന്ന ചികിത്സാകേന്ദ്രമായിരുന്നു മെഡികെയർ ഹോസ്പിറ്റൽ.

ക്യാഷ് കൗണ്ടറിനു മുമ്പിൽ നിൽക്കുമ്പോൾ വക്കച്ചന്റെ മൊബൈൽ റിങ് ചെയ്തു. ഓണാക്കി ചെവിയിൽ വച്ചു.

"ഹലോ... ആരാ..."

"ആരാന്നു പറയ്... ശബ്ദം കൂട്ടിപ്പറയ്."

"വക്കച്ചായാ, ഇതു ഞാനാ. സബ് ഇൻസ്പെക്ടർ മോഹൻദാസ്."

"എന്താ സാറേ നമ്പര് മാറിയോ?"

"പഴയ നമ്പരൊക്കെയുണ്ട്. ഔദ്യോഗികഫോണിൽക്കൂടെ പറയാവുന്ന കാര്യമല്ല."

"എന്നാ വിശേഷം, പറയ്. നിങ്ങടെ സ്റ്റേഷനീന്ന് ജിനേഷിന് പോലീസ് പ്രൊട്ടക്ഷൻ കൊടുത്തത് ഏതു വകുപ്പിലാ."

"വകുപ്പൊക്കെ പറഞ്ഞുതരാം. അർദ്ധരാത്രി കഴിഞ്ഞപ്പഴാ ജില്ലാ കളക്ടർ വിളിച്ചത്. ഉടനടി അവന് പോലീസ് പ്രൊട്ടക്ഷൻ



കൊടുക്കണോന്നുത്തരവായി. എസ്.പി. രാത്രീൽ ഫോണെടുക്കാഞ്ഞിട്ടാ കളക്ടർ എന്നെ നേരിട്ടു വിളിച്ചത്."

"അവൾക്ക് സൂക്കേട് കുറച്ചു കൂടുതലാ. ചാർജെടുത്തതേ എന്റെ മിറ്റത്തോട്ടാ എഴുന്നള്ളിയത്. എന്റെ വീട് പൊളിച്ചടുക്കാൻ..."

"അച്ചായാ, നമ്മള് തമ്മിലുള്ള അടുപ്പംവച്ച് ഞാൻ പറയുകാ. കളിക്കുന്നത് തീക്കളിയാ. ആ പരിസ്ഥിതിക്കാരൻ പയ്യനെ തീർക്കാൻ അച്ചായൻ കൊട്ടേഷൻ നൽകിയോ?"

"ഇല്ല. ഞാനൊന്നും ചെയ്തില്ല."

"നുണ പോലീസിനോടു പറയരുത്."

"ഇതെങ്ങനെ സാറിനു വിവരം കിട്ടി?"

"അച്ചായൻ ഏർപ്പാടു ചെയ്തവര് അവനെ വിളിച്ചു. ലൊക്കേഷൻ കണ്ടെത്താനായിരുന്നു. ഏതോ ഒരുത്തൻ കള്ളിന്റെ പൊറത്ത് അവനെ തട്ടിക്കളയുമെന്നു ഭീഷണിപ്പെടുത്തി."

"എന്നിട്ട്?"

"അവൻ പരാതി തന്നു. വിളിച്ച ഫോൺ നമ്പറും ഞങ്ങൾക്കു കിട്ടി. മിനിറ്റുകൾക്കകം മൂന്നെണ്ണത്തിനെ പൊക്കി. ചോദ്യം ചെയ്യലിൽ അച്ചായന്റെ പങ്കാളിത്തം കൃത്യമായി തെളിഞ്ഞു."

"അവന്മാര് എന്റെ പേര് പറയാൻ ഒരു സാധ്യതയുമില്ലല്ലോ."

"പേരു പറഞ്ഞില്ല. പറഞ്ഞില്ലേലും റൂട്ട് കണ്ടുപിടിക്കാൻ പോലീസിന് പല വഴികളുമുണ്ട്. അവന്മാരുടെ ഫോണിലേക്ക് അച്ചായൻ പല തവണ വിളിച്ചിട്ടുണ്ട്."

"എന്നിട്ടെന്തായി?"

"ജിനേഷിന് പോലീസ് പ്രൊട്ടക്ഷൻ കൊടുത്തു. അതോടെ അവനൊതുങ്ങി. ക്രിമിനൽസിനെ വിരട്ടിവിടുകേം ചെയ്തു. അച്ചായനെ ഓർത്തുമാത്രം. എന്റെ കൈയിൽക്കൂടെ വന്നതുകൊണ്ടു വിട്ടതാ. ഒരു കാര്യം ഓർത്തോണം. ഇപ്പം കുറ്റം ചെയ്തവനെ മാത്രമല്ല പിടിക്കുന്നെ. പ്രേരണക്കാരനെയും വിടുകേല. സിനിമാനടൻ ജയിലും കോടതീം കേറി നടക്കുന്നത് കുറ്റം ചെയ്തിട്ടല്ലല്ലോ. ചെയ്യിപ്പിച്ചിട്ടല്ലേ?"

"അതു ശരിയാ. ഒതുക്കിവിട്ടതിന് പ്രത്യേകം നന്ദി. നമുക്കു കാണാം."വക്കച്ചൻ പറഞ്ഞു നിർത്തി.

ക്യാഷ് കൗണ്ടറിൽ ബില്ലു തീർത്ത് രസീതു കൊടുത്തപ്പോൾ ഹോസ്പിറ്റലിൽനിന്നു മടങ്ങാനുള്ള ഏർപ്പാടുകൾ തുടങ്ങി. മീരയെ വീൽച്ചെയറിൽനിന്നെടുത്ത് കാറിൽ കയറ്റാൻ മെയിൽ നേഴ്സുമാർ സഹായിച്ചു. വക്കച്ചൻ കാർ മുമ്പോട്ടെടുത്തു.

"മനുഷ്യനെ ബുദ്ധിമുട്ടിക്കാൻ വേണ്ടി മാത്രമുള്ള ഒരു വരവ്."

ഫിലോമിന ആരോടെന്നില്ലാതെ പറഞ്ഞു. ഭാര്യയ്ക്കു നേരേ രൂക്ഷമായി നോക്കിയ വക്കച്ചൻ കാറിന്റെ സ്പീഡ് കൂട്ടി.

"പപ്പാ.... സ്പീഡ് കുറയ്ക്കുമോ? എനിക്ക് ഛർദ്ദിക്കാൻ വരുന്നു." മീര അസ്വസ്ഥതയോടെ പറഞ്ഞു.

വക്കച്ചൻ ആക്സിലറേറ്ററിൽ നിന്നു കാലയച്ചു.

കുറേ നേരത്തേക്ക് ആരും ഒന്നും മിണ്ടിയില്ല. വക്കച്ചൻ തന്നെ മൗനം മുറിച്ചു.

"അമ്മയോടും മകളോടും എനിക്കു ചില കാര്യങ്ങൾ പറയാനുണ്ട്."

ഫിലോമിനയും മീരയും ആകാംക്ഷയോടെ ശ്രദ്ധിച്ചു.

"കായൽക്കരയിലെ നമ്മുടെ വീട് പൊളിക്കാതിരിക്കാനുള്ള എല്ലാ പരിശ്രമവും ഞാൻ നടത്തും. ഏതെങ്കിലും സാഹചര്യത്തിൽ നമ്മളു തോറ്റാൽ പിന്നെ എന്റെ കാര്യം എങ്ങനെയാകുമെന്നു പറയാനാവില്ല. ജീവിതത്തിൽ രണ്ടുതവണ ഒടേതമ്പുരാൻ എന്റെ തലമണ്ടയ്ക്കിട്ടടിച്ചിട്ടുണ്ട്. മകൻ മരിച്ചപ്പഴും മീരമോള് തളർന്നുപോയപ്പഴും. ഇപ്പം മനുഷ്യന്മാരാ എന്നെ പൂട്ടാൻ മുൻ കൈയെടുക്കുന്നത്. ദൈവമല്ല."

"മീരമോൾ പറഞ്ഞതുപോലെ കളക്ടർ സലോമിയെ ഫോണിൽ വിളിച്ചാലോ. നമ്മൾക്ക് അവൾ അപരിചിതയല്ലല്ലോ?" ഫിലോമിന പറഞ്ഞു.

"വേണ്ട. അവളുടെ കാലുപിടിക്കാൻ നമ്മളാരും പോകുന്നില്ല."

"പിന്നെ?"

"വഴി കണ്ടെത്തണം. ഒരു കാര്യം ഉറപ്പിക്കാം. ഇക്കാര്യത്തിൽ വക്കച്ചൻ തോറ്റാൽ പിന്നെ..." അയാൾ പൂർത്തിയാക്കാതെ നിർത്തി.

*(തുടരും)*



മലയാളസിനിമയുടെ കാരണവർ നടൻ മധുവിന്റെ 87–ാം ജന്മദിന വേളയിൽ, നടി വിധുബാല അനുസ്മരിക്കുന്നു:

# മധുസാർ 'സൂപ്പർ കൊമേഡിയൻ' പക്ഷേ, മലയാളസിനിമ ഇതുപയോഗിച്ചില്ല – വിധുബാല

'ലൈഫിനെ ലൈറ്റായി കാണുന്നതാണ് മധുസാറിന്റെ ജീവിതാരോഗ്യ രഹസ്യം. സിനിമയിൽ സീരിയസ് റോളുകളാണ് ചെയ്തിട്ടുള്ളതെങ്കിലും ജീവിതത്തിൽ നിറഞ്ഞ കൊമേഡിയനാണ് സാർ. അദ്ദേഹത്തിന്റെ നർമ്മവൈഭവം മലയാളസിനിമ ഉപയോഗിച്ചിട്ടേയില്ല എന്നതാണു സത്യം.'

87ലെത്തിയ മഹാനടൻ മധുവിന്റെ 'അറിയപ്പെടാത്ത രഹസ്യങ്ങൾ' പരസ്യമാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാലനായികമാരിൽ ഒരാളായ വിധുബാല.

ജീവിതംപോലെതന്നെ സിനിമയെയും മധു സീരിയസായി കണ്ടില്ല. അല്ലെങ്കിൽ ഹിന്ദിസിനിമയിൽ ഉൾപ്പെടെ തിളങ്ങി ഇന്ത്യയിലെ നമ്പർ വൺ നടനെന്ന സ്ഥാനത്തേക്കുവരെ അദ്ദേഹം ഉയരുമായിരുന്നുവെന്നും വിധുബാല ചൂണ്ടിക്കാട്ടുന്നു. ജീവിതത്തെ ഇത്ര ലഘുവായ കാര്യമായിക്കാണുന്ന ഇദ്ദേഹത്തെ ഒരിക്കലും ടെൻഷനടിച്ചു കണ്ടിട്ടേയില്ലെന്നും ഈ ആദ്യകാല നായിക പറയുന്നു.

"മധുസാറിന്റെ ഉടമസ്ഥതയിലുള്ള ഉമാ സ്റ്റുഡിയോയിൽ ആദ്യമായി ഷൂട്ടു ചെയ്ത 'ധീര സമീരേ യമുനാ തീരേ' എന്ന ചിത്രത്തിൽ എനിക്കു പ്രധാന റോളുണ്ടായിരുന്നു. സംവിധാനം മധുസാറാണെങ്കിൽ ആ സെറ്റിൽ ടെൻഷനേയില്ല. ഞങ്ങൾ ചെറുപ്പക്കാർ ഒരുപാടുപേർ ആ സിനിമയിലുണ്ടായിരുന്നു. ഷൂട്ടിംഗ് വേഗം തീർത്ത് വൈകിട്ട് സിനിമയ്ക്കു പോകാൻ ഞങ്ങൾ മധുസാറിന്റെ അടുത്ത് തലചൊറിഞ്ഞു നിൽക്കും. കാര്യം മനസ്സിലാക്കുന്ന മധുസാർ നേരിട്ട് ഞങ്ങൾക്കു വാഹനംകൂടി ഏർപ്പാടാക്കിത്തരും." വിധുബാല പറഞ്ഞു.

'ഭൂമിദേവി പുഷ്പിണിയായി' എന്ന സിനിമയുടെ ഷൂട്ടിംഗിനിടയിലെ രസകരമായൊരു സംഭവംകൂടി വിധുബാല പങ്കുവച്ചു: 'സിനിമയിലെ പാട്ടുസീനിൽ ഞാൻ അദ്ദേഹത്തിന്റെ മടിയിൽ കിടക്കുന്നൊരു രംഗമുണ്ട്. ഷൂട്ടിംഗിനായി പാട്ട് പ്ലേ ചെയ്യുമ്പോൾ അദ്ദേഹം എന്റെ കവിളിൽ തലോടി 'കുഞ്ഞാവ വാവോ, വാവാവോ' എന്നു പറഞ്ഞു. അപ്പോൾ ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു, സാർ ഞാൻ കുഞ്ഞുവാവയല്ല, നമ്മൾ പ്രേമരംഗങ്ങൾ അഭിനയിക്കുന്ന ഭാര്യാ-ഭർത്താക്കന്മാരാണ്.

ഉടൻ വന്നു അദ്ദേഹത്തിന്റെ മറുപടി: "അതിന് നിന്റെ മുഖം കാണുമ്പോൾ എനിക്കു പ്രേമം വരണ്ടേ, നീയൊരു കൊച്ചുകുഞ്ഞാണെനിക്ക്." പൊട്ടിച്ചിരിച്ചുകൊണ്ട് വിധുബാല പറഞ്ഞു.

നായികാനായകന്മാരായും സഹോദരീസഹോദരന്മാരായുമൊക്കെ മുപ്പതോളം സിനിമകളിൽ മധുവും വിധുബാലയും ഒന്നിച്ച് അഭിനയിച്ചിട്ടുണ്ട്.

കൊവിഡിന്റെ ദുരിതമൊഴിഞ്ഞാൽ മധുവും ജയഭാരതിയുമൊക്കെ ഉൾപ്പെടെ പഴയകാലത്തെ എല്ലാവരും ഒന്ന് ഒത്തുചേരണമെന്നു തീരുമാനിച്ചിട്ടുണ്ടെന്നും വിധുബാല പറഞ്ഞു. മാസത്തിൽ ഒരു തവണയെങ്കിലും ഇവർ പരസ്പരം വിളിച്ച് വിശേഷങ്ങൾ കൈമാറാനും മറക്കാറില്ല.

**സുനിൽ പാലാ**

# മയക്കുമരുന്നിൽ മുങ്ങിത്താഴുന്നുവോ ?

1–ാം പേജ് തുടർച്ച

പ്രശസ്ത സംവിധായകനും നിർമാതാവുമായ കരൺ ജോഹർ സഹപ്രവർത്തകർക്കായി നല്കിയ വിരുന്നിൽ മയക്കുമരുന്നുകൾ വിളമ്പിയതായി അന്വേഷണോദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്. നടൻ വിക്കി കൗശൽ ഈ വിരുന്നിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നതിന്റെ വീഡിയോ ചിലർ പുറത്തുവിട്ടിരുന്നു. കരൺ ജോഹറിനെയും ചോദ്യം ചെയ്യുമെന്നാണ് ഒടുവിൽ പുറത്തുവരുന്ന വിവരം .

ബോളിവുഡിലെ മയക്കുമരുന്നു മാഫിയകൾക്കെതിരേ കങ്കണ റണാവത്ത് എന്ന നടി നേരത്തേ രംഗത്തുവന്നിരുന്നു. സുശാന്തിനെ എല്ലാവരും ചേർന്ന് മരണത്തിലേക്കു തള്ളിവിടുകയായിരുന്നെന്നും സുശാന്തിന്റേത് ആത്മ ഹത്യയല്ല കൊലപാതകമാണെന്നുമാണ് റിപ്പബ്ലിക് ടിവിക്ക് നല്കിയ അഭിമുഖത്തിൽ കങ്കണ പറഞ്ഞത്. ലഹരിമരുന്ന് ഉപയോഗിക്കുന്ന ബോളിവുഡ് താരങ്ങളുടെ വിവരങ്ങൾ അന്വേഷണഏജൻസിയോട് വെളിപ്പെടുത്താൻ തയ്യാറാണെന്നും കങ്കണ പറഞ്ഞിരുന്നു. നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ അന്വേഷണം വ്യാപിപ്പിച്ചാൽ നിരവധി പ്രമുഖ അഭിനേതാക്കൾ അഴിക്കുള്ളിലാകുമെന്നും അവർ വെളിപ്പെടുത്തിയിരുന്നു.

അതേസമയം, കങ്കണ മയക്കുമരുന്നുപയോഗിച്ചിരുന്നതായും അത് ഉപയോഗിക്കാൻ തന്നെ നിർബന്ധിച്ചിരുന്നതായും കങ്കണയുടെ മുൻ കാമുകൻ അദ്ധ്യായൻ സുമൻ വെളിപ്പെടുത്തി. ഇതിനെപ്പറ്റി മുംബൈ പൊലീസിന്റെ ആന്റി-നാർക്കോട്ടിക്സ് സെൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. മയക്കുമരുന്ന് ഉപയോഗിച്ചിട്ടുണ്ടോ എന്ന് അറിയുന്നതിനുള്ള വൈദ്യപരിശോധനയ്ക്കും ഫോൺ കോൾ പരിശോധന നടത്തുന്നതിനും താൻ തയ്യാറാണെന്ന് കങ്കണ വ്യക്തമാക്കി. മയക്കുമരുന്ന് മാഫിയയുമായി തനിക്കു ബന്ധമുണ്ടെന്നു തെളിഞ്ഞാൽ എന്നെന്നേക്കുമായി മുംബൈ വിടുമെന്നും അവർ പറഞ്ഞു.

കഴിഞ്ഞ ഒരു ദശാബ്ദമായി ബോളിവുഡ് മയക്കുമരുന്നിന്റെ പറുദീസയാണന്നാണ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയ്ക്കു ലഭിച്ച വിവരം. സിനിമാക്കാരുമായി അടുത്ത ബന്ധമുള്ള മയക്കുമരുന്ന് ഇടപാടുകാരൻ ബകുൽ ചന്ദ്രയാണ് മയക്കുമരുന്ന് എത്തിക്കുന്നതെന്നാണ് കിട്ടിയ വിവരം. പന്ത്രണ്ടരലക്ഷത്തിന്റെ മയക്കുമരുന്നുമായി ഇയാളെ പൊലീസ് അറസ്റ്റുചെയ്തിരുന്നു. ബോളിവുഡിലെ മുൻനിര താരങ്ങൾക്കെല്ലാം മയക്കുമരുന്ന് എത്തിക്കുന്നത് ബകുൽ ചന്ദ്രയാണെന്നാണ് എൻ.സി.ബിയുടെ നിഗമനം.

ബോളിവുഡിലെ താരങ്ങളുടെ മയക്കുമരുന്നുപയോഗം സംബന്ധിച്ചു മുൻപും വാർത്തകൾ പുറത്തുവന്നിരുന്നു. മുംബൈ സ്ഫോടനക്കേസുമായി ബന്ധപ്പെട്ട് തോക്ക് കൈവശം വച്ച കേസിൽ ജയിൽശിക്ഷ അനുഭവിച്ച സഞ്ജയ് ദത്ത് മുമ്പ് കൊക്കെയ്ൻ സൂക്ഷിച്ചതിന് അറസ്റ്റിലായിട്ടുണ്ട്. 2001 ൽ കൊക്കെയ്ൻ വാങ്ങാൻ ശ്രമിക്കുന്നതിനിടെ മറ്റൊരു ബോളിവുഡ് നടൻ ഫർദീൻ ഖാനെ പൊലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി.

ബോളിവുഡിലെ ലഹരിമരുന്ന് ഉപയോഗത്തെപ്പറ്റി ബിജെപി എംപിയും മുൻകാല നടിയുമായ രൂപ ഗാംഗുലി പറഞ്ഞത് ഇങ്ങനെയാണ്: "ഇത് പുതുമയുള്ള കാര്യമൊന്നുമല്ല. എന്നാൽ, ദീപിക പദുക്കോണും സാറാ അലിഖാനും ഇതിൽ ഉൾപ്പെട്ടത് ആശ്ചര്യപ്പെടുത്തി." അണിയറയ്ക്കു പിന്നിൽ പ്രവർത്തിക്കുന്നവരെ പിടികൂടാൻ ഈ താരങ്ങൾ ഇനി സഹായിക്കുകയാണു ചെയ്യേണ്ടതെന്നും രൂപ പറഞ്ഞു.

''സിനിമാരംഗത്തെ പല ആളുകളും വെളുത്ത പൊടി ഉപയോഗിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. മഹാഭാരതം ചെയ്തിരുന്ന സമയത്ത് ഒരു പ്രമുഖ ഡയറക്ടർ വിളിച്ചതനുസരിച്ച് ഒരു പാർട്ടിയിൽ ഞാൻ പങ്കെടുത്തിരുന്നു. അവിടത്തെ ഇരുട്ടു നിറഞ്ഞ, പുകമയമായ അന്തരീക്ഷം കണ്ടു പേടിച്ചു ഹോട്ടൽ മുറിയിലേക്കു മടങ്ങുകയാണ് ഞാൻ ചെയ്തത്. പല ആളുകളും വമ്പൻ വാഗ്ദാനങ്ങളുമായി എന്നെയും സമീപിച്ചിട്ടുണ്ട്. ദുബായിൽ ഷോ, കൈനിറയെ പണം തുടങ്ങി വമ്പൻ വാഗ്ദാനങ്ങളാണ് ഇവർ മുന്നോട്ടുവയ്ക്കുന്നത്. നമ്മളെ വലയിലാക്കി അവരുടെ റാക്കറ്റിൽ കണ്ണിയാക്കുകയാണ് ഇവരുടെ ലക്ഷ്യം. അക്കാലത്ത് മൊബൈൽ ഫോൺ ഇല്ലാതിരുന്നതിനാൽ ഒരു ടേപ്പ് റിക്കോർഡറിൽ ഇവരുടെ സംഭാഷണം ഞാൻ റെക്കോഡ് ചെയ്തു. അത് പൊലീസിനു കൈമാറുമെന്നു ഭീഷണിപ്പെടുത്തി ഈ റാക്കറ്റിൽനിന്നു ഞാൻ രക്ഷപ്പെടുകയാണു ചെയ്തത്." ഒരു ചാനലുമായുള്ള അഭിമുഖത്തിൽ രൂപ ഗാംഗുലി വ്യക്തമാക്കി. "വിദേശഷോകൾക്കും മറ്റും വലിയ പ്രതിഫലവും വമ്പൻ സമ്മാനങ്ങളും വാഗ്ദാനം ചെയ്യപ്പെടുമ്പോൾ അവ സ്വീകരിക്കുന്നതിനുമുമ്പ് പുതുതലമുറ താരങ്ങൾ നന്നായി ഒന്നു ചിന്തിക്കണം. പകരമായി ഈ ലോബികൾ ആവശ്യപ്പെടുന്നത് ലഹരിമരുന്ന് എത്തിച്ചുകൊടുക്കാനായിരിക്കും. അതുകൊണ്ട് പുതുതലമുറ സിനിമാക്കാർ കരുതലോടെയിരിക്കണം. അത്യാഗ്രഹം വേണ്ട." രൂപ ഗാംഗുലി പറഞ്ഞു.

□

# എപ്പോഴും അസംതൃപ്തർ



ഫാ. ജോസഫ് നെച്ചിക്കാട്ട്

**1969** ജൂലൈ 20-നാണ് നീൽ ആംസ്ട്രോങ്, എഡ്വിൻ ആൽഡ്രിൻ, മൈക്കിൾ കോളിൻസ് എന്നിവർ ചന്ദ്രനിലെത്തുന്നത്. ആംസ്ട്രോങ്ങാണ് ആദ്യം പുറത്തിറങ്ങിയത്. ഇറങ്ങിയപാടേ അദ്ദേഹം വിളിച്ചുപറഞ്ഞു:

‘A Small step for (a) man
A great leap for mankind.’

ആറര മണിക്കൂറിനുശേഷം എഡ്വിൻ ആൽഡ്രിനും ചന്ദ്രനിലിറങ്ങി നടന്നു-ഒന്നര മണിക്കൂർ സമയം.

വിജയകളായി തിരിച്ചെത്തിയ ആംസ്ട്രോങ്ങും ആൽഡ്രിനും കോളിൻസും ലോകപ്രശസ്തരായി മാറി. എങ്ങും എവിടെയും അഭിവാദനങ്ങളും അഭിനന്ദനങ്ങളും! വൈറ്റ് ഹൗസിലെ സ്വീകരണങ്ങൾ, ലോകപര്യടനങ്ങൾ, പതിനായിരങ്ങൾ പങ്കെടുത്ത പടുകൂറ്റൻ സമ്മേളനങ്ങൾ, റേഡിയോ ടി.വി. പ്രോഗ്രാമുകൾ... ഒക്കെ അവരെ കാത്തുനിന്നു. എങ്കിലും, എന്തുകൊണ്ടോ ആംസ്ട്രോങ് അവയിൽനിന്നെല്ലാം ബോധപൂർവ്വം ഒഴിഞ്ഞുമാറി. രണ്ടുമൂന്നു പരിപാടികളിൽ മാത്രമേ അദ്ദേഹം പ്രത്യക്ഷപ്പെട്ടുള്ളൂ. അവിടെയും ചാന്ദ്രയാത്രയെക്കുറിച്ചല്ലാതെ തന്നെക്കുറിച്ച് അദ്ദേഹത്തിന് ഒന്നും പറയുവാനില്ലായിരുന്നു.

ആംസ്ട്രോങ് സർവ്വതിൽനിന്നും ഒളിച്ചുമാറിയതോടെ അഭിനന്ദനങ്ങളും സത്കാരങ്ങളുമെല്ലാം എഡ്വിൻ ആൽഡ്രിന്റേതായി മാറി. അവയ്ക്കെല്ലാം സന്തോഷപൂർവ്വം അദ്ദേഹം നിന്നുകൊടുക്കുകയും ചെയ്തു-കിട്ടിയ ഒരവസരവും പാഴാക്കാതെ അതിനുള്ള പരമാവധി പ്രതിഫലവും കൈപ്പറ്റി.

എങ്കിലും, എന്തുകൊണ്ടോ ആൽഡ്രിൻ അസംതൃപ്തിയുടെയും അസ്വസ്ഥതയുടെയും ആൾരൂപമായി മാറുകയായിരുന്നു:

“കഷ്ടം, എനിക്ക് ആദ്യമിറങ്ങാൻ കഴിഞ്ഞില്ലല്ലോ! എന്റെ പേര് എപ്പോഴും രണ്ടാമതാണു വിളിച്ചുപറയുന്നത്.”

“പ്രസിഡന്റ് നിക്സൺപോലും ആദ്യം പറഞ്ഞത് ആംസ്ട്രോങ്ങിന്റെ പേരാണ്.”

അങ്ങനെ, തികച്ചും അസംതൃപ്തനായി മാറിയ ആൽഡ്രിൻ അന്നുമുതൽ മദ്യപിച്ചുതുടങ്ങി. കൂട്ടത്തിൽ വിഷാദരോഗവും. മടുത്ത ഭാര്യ അയാളെ പിരിഞ്ഞുപോയി. എങ്കിലും, പുതിയൊരു ഭാര്യയെ അയാൾക്കു കിട്ടി-ലേഡി ലോയീസ്. സ്വയം അംഗീകരിക്കാൻ അവളാണ് ആൽഡ്രിനെ പ്രേരിപ്പിച്ചത്.

“രണ്ടാമതെങ്കിലും നിങ്ങൾക്ക് ഇറങ്ങിനടക്കാൻ സാധിച്ചില്ലേ? വെറുതേ ആകാശത്തിൽ പൊങ്ങിക്കിടന്ന കോളിൻസിന് അതിനുപോലും കഴിഞ്ഞില്ലല്ലോ.”

എന്നിട്ടും ആൽഡ്രിൻ അസന്തുഷ്ടനായിക്കഴിഞ്ഞു.

ആലോചിച്ചുനോക്കിയാൽ എത്രയോ നല്ല അവസരമാണ് ആൽഡ്രിന് ആംസ്ട്രോങ്ങുപോലും ഒരുക്കിക്കൊടുത്തത്? അയാൾ ബോധപൂർവ്വം പിൻവലിഞ്ഞുനിന്നു. അതുകൊണ്ട്, എല്ലാ അഭിനന്ദനങ്ങളും ആശംസകളും ആൽഡ്രിന്റെ കാൽക്കൽ മാത്രം ഒത്തുകൂടി. എന്നിട്ടും, ആദ്യം അവിടെ കാലുകുത്താനാവാഞ്ഞത് എന്തുകൊണ്ടോ അയാൾക്കു ദഹിക്കുന്നില്ല!

അതേസമയം, സഹയാത്രികർ രണ്ടും ചന്ദ്രനിൽക്കൂടി ഇറങ്ങിനടന്നതു നോക്കിക്കാണുവാനുള്ള ഔദാര്യം മാത്രം ലഭിച്ച മൈക്കിൾ കോളിൻസിന് ഒരു പരാതിയുമില്ല. ഒരു സ്പെയ്സ് കൺസൽട്ടിന്റെ ജോലി ചെയ്തുകൊണ്ട് അയാൾ ഇപ്പോഴും സന്തുഷ്ടനായിക്കഴിയുന്നു.

ശുഭാപ്തിവിശ്വാസമാണ് നമുക്കു വേണ്ടത്. പേരുകേട്ട അമേരിക്കൻ എഴുത്തുകാരനും ഫലിതരസികനുമായിരുന്ന മാർക്ക് ട്വയിൻ കണക്റ്റിക്കട്ടിൽ താമസിച്ചിരുന്ന കാലത്ത് ഒരു ദിവസം തൊട്ടടുത്തുള്ള ഒരു ദൈവാലയത്തിൽ പോയി. തിരുക്കർമ്മങ്ങൾ കഴിഞ്ഞ്, അദ്ദേഹവും സുഹൃത്ത് ഹോവെൻസും പുറത്തിറങ്ങിയപ്പോൾ ഭയങ്കര മഴ.





“ഈ നശിച്ച മഴ അവസാനിക്കുമോ?” ഹോവെൽസ് ചോദിച്ചു.

“എല്ലാ മഴയും അവസാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതും.” അതായിരുന്നു മാർക്ക് ട്വയിന്റെ ഉത്തരം. രണ്ടുപേരും തുല്യപ്രതിസന്ധിയിലായിരുന്നുവെങ്കിലും സമീപനരീതിയിലായിരുന്നു മാറ്റം. മാർക്ക് ട്വയിന്റെ മനോഭാവമാണ് ജീവിതത്തിൽ നാമും പകർത്തിയെടുക്കേണ്ടത്.

കൊറോണവർഷമല്ലേ 2020? ഈ കൊറോണയും അവസാനിക്കുമെന്ന പ്രത്യാശയോടെ നമുക്കു മുമ്പോട്ടുപോകാം.

നമുക്കെന്നും മാതൃകയാവേണ്ട വ്യക്തിയാണ് തോമസ് ആൽവാ എഡിസൺ. 20 ലക്ഷത്തോളം അമേരിക്കൻ ഡോളർ വിലമതിക്കുന്ന തന്റെ എല്ലാ സമ്പാദ്യങ്ങളും രേഖകളും 1914 ൽ ഒറ്റയടിക്കു കത്തിനശിച്ചപ്പോൾ ആ മനുഷ്യനുണ്ടായ മനോവേദന നമുക്ക് ഊഹിക്കുവാൻപോലും സാധ്യമല്ല. എങ്കിലും, പിറ്റേദിവസം ആ ചാരത്തിൽക്കൂടി നടന്നുനീങ്ങിയ എഡിസൺ പറഞ്ഞ വാക്കുകൾ തങ്കലിപികളിൽ കുറിച്ചിടേണ്ടവയാണ്:

‘‘അനർത്ഥങ്ങൾക്കൊക്കെ ഒരു മൂല്യമുണ്ട്. ഇതാ, നമ്മുടെ തെറ്റുകളൊക്കെ കത്തിപ്പോയിരിക്കുന്നു. നമുക്കു പുതുതായിട്ടു തുടങ്ങാം. ദൈവത്തിനു നന്ദി.” (There is a great value in disaster. All our mistakes are burnt up. Thank God, We shall start a new)

കുടിച്ചുനശിക്കുന്ന എഡ്വിൻ ആൽഡ്രിനല്ല, പിടിച്ചുനില്ക്കുന്ന ആൽവാ എഡിസനാണ് നമ്മുടെ മാർഗ്ഗദർശി.

■

# അഭ്യസിക്കാം ജീവിതനൃത്തം



സി. മേരി ജയിൻ എസ്.ഡി.

**ജ**നലക്ഷങ്ങളെയാണ് കൊവിഡ് 19 തട്ടിയെടുത്തത്. ലോകമാസകലമുള്ള എല്ലാവരെയും എല്ലാ പ്രസ്ഥാനങ്ങളെയും അതു ബാധിച്ചു; ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

മാസങ്ങളായി നാം വീടിനുള്ളിൽത്തന്നെയാണ്. ലോകവർത്തമാനങ്ങളും സംഭവങ്ങളും കേട്ട് എല്ലാവരും ഭീതിയിലാണ്ടിരിക്കുകയാണ്.

ജീവന്റെ ഉറവിടം ദൈവം ആയതുകൊണ്ട് ജീവൻ തീർത്തും പോസിറ്റീവ് ആണ്. ഒരുവനിൽ സ്നേഹവിശ്വാസങ്ങളാലും ദയാപ്രതീക്ഷകളാലും ആരോഗ്യത്താലും അതു ദൃശ്യമാകുന്നു.

എന്നാൽ, വിഷാദമോ നിരാശയോ ഭയമോ ഉത്കണ്ഠയോ ഉണ്ടാകുന്ന സന്ദർഭത്തിൽ നമ്മുടെ ഊർജ്ജം താഴ്ന്നുപോകുന്നു. നാമെല്ലാം അത് അനുഭവിക്കുന്നുമുണ്ട്. കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ നമ്മുടെ തലച്ചോർ രേഖപ്പെടുത്തിവയ്ക്കുന്നുണ്ട്. അത് കൂടുതൽ നിഷേധാത്മകമാണെങ്കിൽ അതിന്റെ ആവേഗം ശരീരമാസകലം വ്യാപിച്ചു തളർച്ചയിലേക്കു നയിക്കുന്നു. ശാരീരികരോഗങ്ങൾ ഉള്ളവരിൽ അതു വളരെ കൂടുതലാവുകയും ചെയ്യും.

കൊറോണക്കാലത്ത് പ്രായഭേദമെന്യേ, ഒട്ടേറെപ്പേർ ആത്മഹത്യ ചെയ്തു. ഓരോ മരണത്തിനും ജീവിച്ചിരിക്കുന്നവർ ഓരോരോ കാരണം കണ്ടെത്തുന്നു. മനുഷ്യന്റെ ആഭ്യന്തരലോകം ആരു കണ്ടു! ആര് അതേക്കുറിച്ചു പഠിക്കുന്നു! ആത്മഹത്യകളെക്കുറിച്ച് ഒട്ടേറെ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും അടുത്ത കാലത്തെ മരണങ്ങളെക്കുറിച്ചു പുതിയ ഗവേഷണപഠനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. മനുഷ്യന്റെ സ്വഭാവത്തിലെ ദുരൂഹങ്ങളായ പല ഘടകങ്ങളുണ്ട് സ്വയഹത്യയ്ക്കുപിന്നിൽ.

നമ്മുടെ വീട്ടിലെ ഒരാൾക്ക് ഡിപ്രഷൻ ഉണ്ടായെന്നിരിക്കട്ടെ. ആർക്കാണ് അതു പെട്ടെന്നു മനസ്സിലാക്കാൻ സാധിക്കുന്നത്? അവരുടെ ഉള്ളിൽ ദുഃഖമുണ്ട്. ശൂന്യതാബോധമുണ്ട്. ഒന്നിനോടും താത്പര്യമില്ല. സന്തോഷമില്ല. ഉത്സാഹക്കുറവ്, ക്ഷീണം, വിശപ്പില്ലായ്മ, ഉറക്കക്കുറവ്, നിസ്സഹായവസ്ഥ, കുറ്റബോധം, നഷ്ടബോധം, ഈർഷ്യ, കാരണമില്ലാത്ത വേദനകൾ, മരണമോഹം. ആരോടും ഇതൊന്നും തുറന്നുപറയാൻ ഇഷ്ടപ്പെടുകയുമില്ല. സാമൂഹികസമ്പർക്കം തീരെയില്ലാത്ത ഈ സാഹചര്യത്തിൽ ക്രൈസ്തവരെ സംബന്ധിച്ച് കുമ്പസാരത്തിനും വഴിയില്ല.

ഒരു കൃത്രിമജീവിതസാഹചര്യത്തിലൂടെയാണ് നാം കടന്നുപോകുന്നത് എന്നതുകൊണ്ടുതന്നെ മാനസികാസ്വാസ്ഥ്യങ്ങളുള്ളവരെ കുടുംബത്തിലുള്ളവർപോലും തിരിച്ചറിയണമെന്നില്ല. കുടുംബാംഗങ്ങൾ പരസ്പരം കൈത്താങ്ങ് ആകേണ്ട സമയമാണ്. പരിഭ്രാന്തി നമ്മിലെ അത്യുന്നതമായ സൗഖ്യശക്തിയുടെ പ്രവർത്തനവീര്യം ക്ഷയിപ്പിക്കരുത്.

അതിനായി നല്ല വായനകളും വിശ്രമം, ധ്യാനം, വചനവായന, പ്രാർത്ഥന എന്നിവയും അനുപേക്ഷണീയമാണ്. ഭക്ഷണക്രമത്തിലും അല്പം സൂക്ഷ്മതവേണം. കൊവിഡ് പ്രതിരോധഭക്ഷണം കൂടാതെ കാത്സ്യം, മഗ്നീഷ്യം, ബി-കോംപ്ലക്സ്, വിറ്റമിൻ സി, പാൽ, പാലുത്പന്നങ്ങൾ, മീനെണ്ണ എന്നിവ ഡിപ്രഷനെ തടയുന്നവയാണ്.

അതുപോലെ നമ്മുടെയുള്ളിൽ സൂക്ഷിച്ചുവയ്ക്കേണ്ട ചില വിശ്വാസങ്ങളുണ്ട്. ജീവിതമൂല്യങ്ങളുണ്ട്. ജ്ഞാനമുണ്ട്. ഇന്നു മാധ്യമങ്ങളിൽനിന്നു ലഭിക്കുന്ന മൂന്നാംകിട വിഭവങ്ങളാണ് നാം ആർത്തിയോടെ ഭക്ഷിക്കുന്നത്. അവിടെ കാണുന്നവരാണ് റോൾ മോഡലുകൾ. അവരെയൊക്കെ മനസ്സിൽ താലോലിച്ചുകൊണ്ടിരുന്നാൽ ജീവിതമൊരു കയ്യാങ്കളിയാകും. പുതിയ സംവിധാനങ്ങളെല്ലാം മനുഷ്യപുരോഗതിക്കുതന്നെയാണ്. എന്നാൽ, ധാർമ്മിക അടിത്തറയും വേണം. ആഗോള ധാർമ്മികതയുടെ പേരു പറഞ്ഞ് നമ്മുടെ മുമ്പിലേക്കു വലിച്ചെറിയുന്നതെല്ലാം ഉൾക്കൊള്ളണമോ? സ്ത്രീകളെ ചരക്കാക്കിയും വെടക്കാക്കിയും ചിത്രീകരിക്കുന്നതിൽ വിപണി ജയിക്കുന്നെങ്കിൽ അതിന്റെ അർത്ഥം സ്ത്രീകളും അതൊക്കെ കാണാൻ ഇഷ്ടപ്പെടുന്നു എന്നതുതന്നെ. മാധ്യമസ്ഫോടനത്തിൽ നാം നശിക്കരുത്.

പകരം, ദൈവത്തിന്റെ ആത്മാവ് നമ്മിൽ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കണം. നമ്മുടെ ദൈനംദിനജീവിതത്തിൽ ശ്രുതിമാധുര്യവും സ്വരച്ചേർച്ചയും താളവും ലയവും കോർത്തിണക്കിയ ജീവിതനൃത്തം ആഭ്യസിക്കാം. □

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## ലാഭനഷ്ടങ്ങൾ

അയാൾക്ക് ജീവിതത്തിൽ ചില നഷ്ടങ്ങളുണ്ടായി. എങ്കിലും, പല ലാഭങ്ങളുമുണ്ടായി. പക്ഷേ, കിട്ടിയ ലാഭങ്ങളൊന്നും കൈവിട്ടുപോയ നഷ്ടങ്ങൾക്ക് തുല്യമല്ലപോലും!

നല്ല കഥ! ലാഭനഷ്ടങ്ങൾ ഗണിച്ച് ഉത്തരംകാണേണ്ട കണക്കല്ല ജീവിതം. അതു ശാസ്ത്രമാണ്. ചരിത്രമാകേണ്ടതാണ്. അയാൾ അതു മനസ്സിലാക്കിയെങ്കിൽ!




ഏലിയാ സ്ലീവാ മൂശക്കാലം



നിയമ 10, 12–20
ഏശയ്യാ 33, 2–10
1 കോറി 14, 26–33
മത്തായി 18,1–9

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# ഇടർച്ച നല്കുന്നവനു ദുരിതം

മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനത്തെക്കുറിച്ചു ധ്യാനിച്ചുകൊണ്ട് സ്വർഗോന്മുഖമായ തീർഥയാത്ര നടത്തുന്ന ആരാധനാസമൂഹത്തിന് സ്ലീവാക്കാലം നാലാം ഞായറാഴ്ച തിരുസഭാമാതാവ് വിചിന്തനത്തിനു നല്കുന്ന വിഷയം സഭാത്മക ജീവിതത്തെക്കുറിച്ചുതന്നെയാണ്. നിയമാവർത്തനപ്പുസ്തകത്തിൽ നിന്നുള്ള വായനയിൽ, ഇസ്രായേലിന്റെ ജീവിതത്തിൽ ഉണ്ടാകേണ്ട അടിസ്ഥാനപാഠങ്ങളാണ് പഠിപ്പിക്കുന്നത്. യഹൂദന്മാർ അനുദിനം ഉച്ചരിക്കുന്ന 'ഷെമാ' പ്രാർഥനയുടെ വിപുലമായ വിവരണം നല്കുന്ന ഭാഗമാണ് നിയമാവർത്തനം പത്താം അധ്യായം. ആറാം അധ്യായം 4–8 വാക്യങ്ങളാണ് ഷെമാപ്രാർഥന. 'ഷെമാ' എന്ന വാക്കിന്റെ അർഥം കേൾക്കുക എന്നാണ്. നിയമത്തിന്റെ രത്നച്ചുരുക്കം എന്ന വിധത്തിൽ ഇസ്രായേലേ, കേട്ടാലും എന്നു പറഞ്ഞുകൊണ്ട് അവർക്കു നല്കിയ നിർദേശമാണ് ഷെമാപ്രാർഥന. ഈ വചനമാണ് അവർ എപ്പോഴും അനുസ്മരിക്കേണ്ടത്. അതിനാൽത്തന്നെ നെറ്റിത്തടത്തിലും കൈത്തണ്ടിലും വാതിൽപ്പടിയിലും ഈ വചനം എഴുതിവയ്ക്കുന്നത് ഒരു യഹൂദപാരമ്പര്യമായി ഇന്നും പാലിച്ചുപോരുന്നു. ഈ വചനം ഉച്ചരിച്ചു പ്രാർഥിച്ചുകൊണ്ടാണ് യാമങ്ങളെ വിശുദ്ധീകരിക്കുന്നത്.

ഇന്നത്തെ വചനഭാഗത്ത് രണ്ടുപ്രാവശ്യം (10,12–13. 20) 'ഷെമാ' പ്രാർഥനയുടെ അടിസ്ഥാനപാഠങ്ങൾ എടുത്തു പറയുന്നുണ്ട്. ഇസ്രായേൽ അനുദിനജീവിതത്തിൽ പാലിക്കേണ്ട അഞ്ചു കാര്യങ്ങളാണിവിടെ പ്രധാനമായും പറയുന്നത്. 1. കർത്താവിനെ ഭയപ്പെടുക, 2. അവിടത്തെ മാർഗത്തിൽ ചരിക്കുക, 3. അവിടത്തെ സ്നേഹിക്കുക, 4. അവിടത്തെ സേവിക്കുക, 5. പ്രമാണങ്ങൾ അനുസരിക്കുക. യഥാർഥത്തിൽ ഷമാപ്രാർഥന എപ്രകാരമാണ് ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടത് എന്നാണ് ഈ വചനഭാഗം പഠിപ്പിക്കുന്നത്. ദൈവത്തോടും സഹോദരങ്ങളോടുമുണ്ടായിരിക്കേണ്ട മനോഭാവം എന്തായിരിക്കണമെന്ന് തിരുവചനങ്ങൾ വ്യക്തമാക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവർ അനാഥരെയും, പരദേശികളെയും ബലഹീനരെയും പ്രത്യേകം പരിഗണിക്കണമെന്ന് ഓർമിപ്പിക്കുന്നു. ദൈവത്തോടുള്ള കടമ നിർവഹിക്കുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ് മനുഷ്യരോടുള്ള കടമ നിർവഹണവും.

കർത്താവിന്റെ കരുണാപൂർവമായ ഇടപെടലിനായി പ്രാർഥിക്കുകയും ആഗമനത്തിനായി കാത്തിരിക്കുകയും ചെയ്യുന്ന ഇസ്രായേലിനെയാണ് ബൈബിളിൽ നാം കാണുന്നത്. അസീറിയൻ രാജാവായ സൊക്കരീം ഇസ്രായേലിനെ ആക്രമിക്കുന്നതിന് ഉപരോധം ഏർപ്പെടുത്തുന്ന പശ്ചാത്തലത്തിൽ ദൈവത്തിന്റെ പക്കലേക്കു തിരിയുന്ന ജനം അവിടത്തെ കരുണാപൂർവ്വമായ ഇടപെടലിനുവേണ്ടി പ്രാർഥിക്കുന്നു.

സഭയിൽ എപ്രകാരം ജീവിക്കണമെന്നും ഓരോ വ്യക്തിയും തങ്ങൾക്കു ലഭിച്ചിരിക്കുന്ന വരദാനങ്ങൾ എങ്ങനെ ഉപയോഗിക്കണമെന്നുമാണ് പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയെ പ്രബോധിപ്പിക്കുന്നത്. സങ്കീർത്തനങ്ങളും പ്രബോധനങ്ങളും ഭാഷാവരവും പ്രവചനവരവുമെല്ലാം സഭാസമ്മേളനത്തിന്റെ ഭാഗമായിരിക്കണം. എന്നാൽ, എല്ലാ വരദാനങ്ങളും സംഭാഷണങ്ങളും മനുഷ്യരുടെ വളർച്ചയ്ക്കും സമാശ്വാസത്തിനും പ്രോത്സാഹനത്തിനുമായിരിക്കണമെന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. ശ്ലീഹാ പറയുന്നത്, നിങ്ങൾ ചിന്തയിൽ ശിശുക്കളെപ്പോലെയാകരുത്, തിന്മയുടെ കാര്യത്തിൽ ശിശുക്കളെപ്പോലെയാകുവിൻ എന്നാണ്.

മത്തായി 20:1–6ൽ നാം കാണുന്നത് ഈശോയും ശിഷ്യന്മാരും തമ്മിലുള്ള ഒരു സംഭാഷണമാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലുള്ള പ്രഭാഷണപരമ്പരയിൽ നാലാമത്തേതാണ് 18–ാം അധ്യായത്തിൽ ആരംഭിക്കുന്നത്. സഭാസമൂഹം എപ്രകാരം പെരുമാറണം എന്നാണ് ഈ പ്രഭാഷണത്തിന്റെ സന്ദേശം. ശിഷ്യന്മാർ ഈശോയുടെ അടുത്തുവന്നു ചോദിക്കുന്ന ഒരു ചോദ്യത്തോടെയാണ് ഈ പ്രഭാഷണം ആരംഭിക്കുന്നത്. സ്വർഗരാജ്യത്തിൽ വലിയവൻ ആരാണ് എന്നതാണ് ചോദ്യം. ഈശോ അവരോട് ഉത്തരം പറയുന്നത് ഒരു ശിശുവിനെ എടുത്ത് അടുത്തു നിറുത്തിക്കൊണ്ടാണ്. മാനസാന്തരപ്പെട്ട് ശിശുവിനെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ. ശിശുക്കളുടെ ഏറ്റവും വലിയ പ്രത്യേകത അവരുടെ നിഷ്കളങ്കതയാണ്. കർത്താവിന്റെ ശിഷ്യത്വത്തിന്റെ പ്രത്യേകതയായി അവിടുന്ന് എടുത്തുകാണിക്കുന്നത് ശിശുവിന്റെ നിഷ്കളങ്കതയാണ്. നിഷ്കളങ്കതയോടൊപ്പം ശിശുവിന്റെ പ്രധാനഭാവം ആശ്രയത്വമാണ്. ശിശുക്കൾ തങ്ങളുടെ മാതാപിതാക്കളെ ആശ്രയിച്ചാണ് എല്ലാം ചെയ്യുന്നത്. ക്രിസ്തുശിഷ്യന്മാരുടെ ദൈവാശ്രയത്വമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ശിഷ്യന്മാരും സമ്പൂർണമായി ദൈവത്തിൽ ആശ്രയിച്ചു ജീവിക്കേണ്ടവരാണ് എന്നു സാരം. എളിമയാണ് മഹത്ത്വത്തിന്റെ അളവുകോലായി മിശിഹാ പറയുന്നത്. അവിടുന്ന് ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കി ശിശുവായി അവതരിച്ച് മനുഷ്യനായി ജീവിച്ച് കുരിശുമരണത്തോളം താഴ്ത്തി. ക്രിസ്തു സ്വർഗരാജ്യത്തിന്റെ കവാടം തുറന്നത് സ്വയംശൂന്യമാക്കിക്കൊണ്ടാണ്. ആ ശൂന്യവത്കരണത്തിന്റെയും എളിമയുടെയും മാർഗമാണ് ക്രിസ്തുശിഷ്യത്വത്തിന്റെ മാർഗമെന്ന് ഈശോ പഠിപ്പിക്കുന്നു.




സഭാസമൂഹത്തിനുണ്ടായിരിക്കേണ്ട മറ്റൊരു കാര്യം ഇടർച്ചയ്ക്കു കാരണമാകരുത് എന്നതാണ്. ഈശോ വളരെ ശക്തമായി താക്കീതു നല്കിക്കൊണ്ട് സംസാരിക്കുന്ന ഒന്നാണ് ഇടർച്ചയുണ്ടാക്കുക എന്നത്. ഇടർച്ച നല്കുന്നത് പൂർണമായി ഒഴിവാക്കണമെന്നാണ് പഠിപ്പിക്കുന്നത്. അതു സൂചിപ്പിക്കുന്നതിനാണ് ഇടർച്ച നല്കുന്നവനെ തിരികല്ലുകെട്ടി താഴ്ത്തണമെന്നും ഇടർച്ചനല്കുന്ന അവയവങ്ങൾ ഛേദിച്ചുകളയണമെന്നും പറയുന്നത്. എതെങ്കിലും വിധത്തിലുള്ള ഇടർച്ചകൾ പൂർണമായും ഒഴിവാക്കണം എന്നാണ് തിരുവചനം പഠിപ്പിക്കുന്നത്.

□

# ഗാന്ധിഭാരതം എന്ന ഗാന്ധിപൂജ

ഷാജി മാലിപ്പാറ

*(പാലാ നാരായണൻനായരുടെ 'ഗാന്ധിഭാരതം' ഖണ്ഡകാവ്യത്തെ ആസ്പദമാക്കി ഒരു ലഘുവിചിന്തനം.)*



"സത്യമാമെവറസ്റ്റിന്റെ
തുംഗസായുജ്യബിന്ദുവിൽ
താനേ വിടർന്നു നൂറ്റാണ്ടായ്
മിന്നും പീയൂഷതാരകേ"

പാലാ നാരായണൻനായരുടെ 'ഗാന്ധിഭാരതം' എന്ന ദീർഘകാവ്യത്തിന്റെ തുടക്കം ഈ വരികളിലാണ്. 'ഭൂഗോളത്തിൽ ഹിമവാനെപ്പോലെ ദേവതാത്മാവായി ശിരസുയർത്തിനിൽക്കുന്ന ആ യുഗപുരുഷനെ കാണാതെ (കണ്ടില്ലെന്നു നടിച്ച്) മഹത്ത്വം അന്വേഷിച്ച് അവിടെയുമിവിടെയും തപ്പിനടക്കുന്നവരുടെ കണ്ണുതുറപ്പിക്കുവാനുള്ള ഒരു സംരംഭമാണിത്' എന്ന് മഹാകാവ്യസവിശേഷതകളെല്ലാം ഒത്തിണങ്ങുന്ന ഈ ഖണ്ഡകാവ്യത്തിന്റെ ആമുഖത്തിൽ കവി തന്നെ കുറിക്കുന്നുണ്ട്. മറ്റുള്ളവരുടെ കണ്ണുതുറന്നില്ലെങ്കിൽക്കൂടി ഗാന്ധിയെന്ന വെളിച്ചത്തെ കണ്ടെത്തുന്നതിലൂടെ താൻ കൃതാർത്ഥനാണെന്ന അഭിമാനബോധം കവിക്കു സ്വന്തമാണ്.

ഗാന്ധിജിയുടെ ജീവിതത്തെയും ദർശനത്തെയും മുൻനിർത്തി ഭാരതം എന്തായിരുന്നു, എന്താണ്, എന്താകണം എന്നതിനെല്ലാമുള്ള തെളിച്ചമേറിയ ഉത്തരങ്ങൾ കവി തരുന്നു. ഗാന്ധിജിയുടെ ആത്മകഥയെ അവലംബമാക്കിയാണ് ഈ കൃതി വിരചിതമായിരിക്കുന്നതെന്ന് കവിതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പന്ത്രണ്ടു സർഗങ്ങളുള്ള ഗാന്ധിഭാരതത്തിന്റെ പ്രഥമസർഗത്തിൽ ബാല്യവും കൗമാരവും കവിവാക്യത്തിൽ വിവരിക്കുകയാണ്. രണ്ടാംസർഗംമുതൽ തുടർന്നങ്ങോട്ട് ഒമ്പതാംസർഗംവരെ ആത്മകഥാരൂപത്തിലാണ് കവിത ചിട്ടപ്പെടുത്തിയിരിക്കുന്നത്. മഹാത്മാവു പറയുന്ന ശൈലിയാണ് കവിതയിൽ സ്വീകരിച്ചിട്ടുള്ളത്. ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേക്കു യാത്രയാകുന്ന ഗാന്ധിജിയെ കവി അവതരിപ്പിക്കുന്നതു നോക്കൂ:

'അമ്മയെ – ജായയെ പിന്നെ
നവജാതൻ കിശോരനെ
വേർപിരിഞ്ഞന്യദേശത്തു
പോവതെങ്ങനെ ശങ്കയായ്
ശപഥം ചെയ്തു മാതാവിൻ
ചരണം തൊട്ടു നന്ദനൻ
മദ്യം മഹിള മാംസം ഞാൻ
സ്പർശിക്കില്ലേതു നാട്ടിലും.'

ആത്മകഥാശൈലി സ്വീകരിച്ചതിനുള്ള കാരണവും കവി വെളിപ്പെടുത്തുന്നുണ്ട്. ലോകം കണ്ട സത്യാന്വേഷകനായ ഗാന്ധിജിയെ അതിശയോക്തി കൊണ്ട് മലിനപ്പെടാതെ അവതരിപ്പിക്കാൻ കഴിയണം. ആ പരിശ്രമം വിജയിച്ചുവെന്നതിന് കാവ്യഖണ്ഡങ്ങൾ സാക്ഷ്യം നൽകുന്നു.

തുടർന്നുള്ള സർഗങ്ങളിൽ വസ്തുതകളോടു നീതിപുലർത്തിക്കൊണ്ട് കവിസ്വാതന്ത്ര്യം യഥേഷ്ടം ഉപയോഗിച്ചിട്ടുണ്ട്. വർണവൃത്തങ്ങളും ഭാഷാവൃത്തങ്ങളും ഇണക്കിച്ചേർത്ത് കാവ്യത്തെ ഒരു നിറമാലയാക്കുക എന്ന തന്റെ ലക്ഷ്യം കവി സാധിതമാക്കുന്നുണ്ട്. അതിനായി അനുഷ്ടുപ്പ്, ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, വസന്തതിലകം, രഥോദ്ധത, വിയോഗിനി, നിരണം, മഞ്ജരി, ലഘുമഞ്ജരി, കാകളി, ആനന്ദവൃത്തം, സർപ്പിണി, ഉപസർപ്പിണി, കേക എന്നീ വൃത്തങ്ങളെല്ലാം യഥോചിതം ഉപയോഗിച്ചിരിക്കുന്നു. ഗാന്ധിഭക്തിയും ദേശസ്നേഹവും ഉൾച്ചേർന്ന ഹൃദയത്തിനുടമയായ പാലാ എന്ന കവി, പല കാര്യങ്ങളിലും ഖേദിക്കുന്നുണ്ട്. ഗാന്ധിയെ വേണ്ടവിധം ഉൾക്കൊള്ളാതിരിക്കുന്ന ഭാരതീയരെക്കുറിച്ച് കവിക്കു വേദനയുണ്ട്.

'വ്യാഴവട്ടങ്ങൾ മൂന്നാകും
മുമ്പു നാം ഗാന്ധിദേവനെ
തീർത്ഥവും പൂവുമായ് ദാനം
നൽകി നാടുകടത്തിയോ?'

എന്നാണ് കവിയുടെ ആകുലാതപം പൂണ്ട ചോദ്യം. പക്ഷേ, കവി ശുഭാപ്തിവിശ്വാസിയാണ്. അതുകൊണ്ടാണ്,

'നീയൊഴുക്കിയ ശോണിതം
പാരിനു
ശ്രീയുഷ പ്രഭാ കന്ദളമായിടും
പാവനമതിൽ ചൂടും വെളിച്ചവും
ജീവിതങ്ങളെപ്പാരം വിടുർത്തിടും
സാരമീജഗൽസ്പന്ദനം ഗാന്ധിക്കു–
സ്മാരകങ്ങളായ്ത്തീരട്ടെ, ഭാവിയിൽ
കൂപ്പുകൈയോടെ നിൽക്കുമീ
ഞങ്ങൾക്കു
ബാപ്പുജീ, സദാ മാപ്പുനൽകേണമേ!'

എന്നെഴുതുന്നത്. കാവ്യസമാപനം കുറിച്ച് തൂലിക താഴെ വയ്ക്കുമ്പോൾ ആസ്വാദകർക്കും സുമനസുകൾക്കുമായി ഒരേയൊരാശംസയേ കവിക്കു നൽകാനുള്ളൂ. അത് മഹാത്മാവിനോടുള്ള അർത്ഥനകൂടിയാണ്.

ഗാന്ധിദേവാ, തവാദർശ–
ദർശനങ്ങൾ മറന്നവർ
പേർത്തുമെത്തട്ടെ നിൻമാർഗം
നിൻകൃപാമൃത രശ്മിയിൽ!

□

# വീശിമറഞ്ഞ സംഗീതസൗരഭ്യം

## ഇക്കഴിഞ്ഞ സെപ്റ്റംബർ 25 ന് ദിവംഗതനായ ശബ്ദമാന്ത്രികൻ എസ്. ബി. ബാലസുബ്രഹ്മണ്യത്തെക്കുറിച്ച്



**ളാക്കാട്ടൂർ പൊന്നപ്പൻ**

‘ഈ കടലും മറുകടലും’ – 1969 ൽ പുറത്തിറങ്ങിയ കടൽപ്പാലമെന്ന ചിത്രത്തിൽ, വ്യത്യസ്തമായ ശബ്ദത്തിൽ മലയാളികൾ കേട്ട ഈ ഗാനം ഒരു തെലുങ്കു നാട്ടുകാരൻ പാടിയതാണെന്നു നാളുകളേറെക്കഴിഞ്ഞാണു പരക്കെ അറിയുന്നത്. മലയാളത്തിൽ പിന്നീട് 120 ഗാനങ്ങൾ പാടിയ ഇദ്ദേഹം 1966 ലാണ് തെന്നിന്ത്യൻ ചലച്ചിത്രരംഗത്തേക്കു കടന്നുവന്നതത്രേ. കൊടുങ്കാറ്റിന്റെ വേഗത്തിൽ എസ്.പി.ബി. എന്ന ത്ര്യക്ഷരി, സംഗീതപ്രേമികളുടെ നെഞ്ചിൽ പിന്നീടു പറന്നുകളിച്ചത് അൻപത്തിനാലു വർഷമാണ്. ശ്രീപതി പണ്ഡിതാരാധ്യുലു ബാലസുബ്രഹ്മണ്യം എന്നു സമ്പൂർണ്ണനാമം.

ആന്ധ്രാപ്രദേശിലെ നെല്ലൂരിൽ 1946 ജൂൺ നാലിന് സാംബമൂർത്തിയുടെയും ശകുന്തളാമ്മയുടെയും മകനായി ജനനം. അച്ഛൻ ഹരികഥാകലാകാരനായിരുന്നു. സംഗീതബോധമുള്ള മകനെ, ഹാർമോണിയവും ഓടക്കുഴലും പഠിപ്പിച്ചത് സാംബമൂർത്തിതന്നെ. പക്ഷേ, സംഗീതക്കാരനാക്കാൻ അദ്ദേഹത്തിനിഷ്ടമില്ലായിരുന്നു. ബാലസുബ്രഹ്മണ്യത്തെ എൻജിനീയറാക്കണമെന്നായിരുന്നു ആഗ്രഹം. അതിനായി മദ്രാസിലേക്കു പഠനത്തിനു വിട്ടു. എന്നാൽ, അവസാനപരീക്ഷയിൽ ഒരു വിഷയത്തിനു തോറ്റുപോയ ബാലു, അതോടുകൂടി പഠനം അവസാനിപ്പിച്ചു മടങ്ങി. തന്റെ തട്ടകം അതല്ലെന്നു കണ്ടു. പിന്നെ, ഹിന്ദി സിനിമാപ്പാട്ടുകൾ പാടി വേദികളിലൂടെ തകർത്തുനടക്കുന്ന ബാലസുബ്രഹ്മണ്യത്തെയാണു നാട്ടുകാർ കാണുന്നത്.

ഇക്കാലത്ത് പയ്യന്റെ പാട്ടു കേട്ട തെലുങ്കുസംഗീതസംവിധായകൻ, എസി.പി.ഗോദണ്ഡപാണി ആ ശബ്ദത്തിന്റെ മഹിമ മനസ്സിലാക്കി, തന്റെ ആദ്യചിത്രമായ ശ്രീശ്രീശ്രീ മര്യാദ രാമണ്ണയിൽ പാടുവാനവസരം കൊടുത്തു; അതു വിജയിക്കുകയും ചെയ്തു. 1966 ൽ ഗോദണ്ഡപാണി തന്നെ ബാലുവിനെ ചെന്നൈയിൽ എത്തിച്ച് പ്രഗല്ഭനായ എം.എസ്. വിശ്വനാഥനെ പരിചയപ്പെടുത്തി. എന്നാൽ തമിഴ്ഭാഷ പരിചയമില്ലായെന്നത് ഒരു തടസ്സമായി. മധുരശബ്ദത്തിന്റെ ഉടമയായതിനാൽ തിരസ്കരിക്കാനും കഴിഞ്ഞില്ല. കുറെ തമിഴ്പാട്ടുകളുള്ള ഒരു പുസ്തകം കൊടുത്ത് ഉച്ചാരണം ശരിയാക്കി വരണം എന്നു പറഞ്ഞുവിട്ടു. എം.എസ്.തന്നെ തഴഞ്ഞതാണെന്ന് ബാലസുബ്രഹ്മണ്യം കരുതി. എന്നാൽ, നാളുകൾ കഴിഞ്ഞ് ഒരു ദിവസം അദ്ദേഹത്തെ കണ്ടപ്പോൾ ചെല്ലാത്തതിനു ശകാരിക്കുകയും ഓഫീസിലെത്താൻ നിർബന്ധിക്കുകയും ചെയ്തു. പിറ്റേന്ന് ഓഫീസിലെത്തിയ ബാലുവിന്, എൽ.ആർ. ഈശ്വരിയുടെ കൂടെ ‘ഹോട്ടൽ രംഭ’ എന്ന പടത്തിൽ പാടാനുള്ള ചാൻസ് കൊടുത്തു. പാട്ടു നന്നായെങ്കിലും പടം റിലീസ് ആയില്ല. പിന്നീട് പി. സുശീലയ്ക്കൊപ്പം ശാന്തിനിലയം എന്ന പടത്തിൽ ‘ഇയർകൈ എന്നും ഇളയകന്നി’ എന്ന ഗാനം പാടിയത് വൻ ഹിറ്റായി മാറി.

അക്കാലത്തെ തമിഴ്സിനിമാലോകത്തിലെ ചക്രവർത്തി എം.ജി.ആർ. എന്ന സാക്ഷാൽ എം.ജി. രാമചന്ദ്രൻ, എസ്.പി. ബാലസുബ്രഹ്മണ്യത്തിന്റെ ശബ്ദം ശ്രദ്ധിക്കാനിടയായി. അതുവരെ പി.ബി. ശ്രീനിവാസൻ, ടി.എം. സൗന്ദർരാജൻ തുടങ്ങിയവരുടെ ശബ്ദത്തിൽ അഭിനയിച്ചുകൊണ്ടിരുന്ന എം.ജി. ആറിന് വേറിട്ടൊരു ശബ്ദത്തിലുള്ള ഗാനം തനിക്കുവേണമെന്ന് സംഗീതസംവിധായകൻ കെ.വി. മഹാദേവനെ അറിയിച്ചു. അത് ബാലുവിനെ ഊന്നിയായിരുന്നു. ഭാഗ്യം തുണച്ചു. ബാലുവിനു ക്ഷണം വന്നു. ‘അടിമപ്പെൺ’ എന്ന പടത്തിൽ പി. സുശീലയോടൊപ്പം പാടിയതും, താമസിയാതെ ഇറങ്ങിയ ‘ശാന്തിനിലയം’ ‘കേളെടി കൺമണി’ എന്നീ പടങ്ങളിലെ ഗാനങ്ങൾകൂടി ആയപ്പോൾ തമിഴകം ഇളക്കിമറിക്കാൻ എസ്.പി.ബി. എന്ന മൂന്നക്ഷരങ്ങൾക്കു സാധിച്ചു. പിന്നീടങ്ങോട്ട് ഹിറ്റുകൾ കൊണ്ടൊരു കുതിപ്പായിരുന്നു.

54 വർഷംകൊണ്ട് 40000 പാട്ടുകൾ! കന്നട, തമിഴ്, തെലുങ്ക്, തുളു, സംസ്കൃതം, മലയാളം, ഇംഗ്ലീഷ് തുടങ്ങി 16 ഭാഷകളിൽ പാടി – റിക്കോഡുകളുടെ തോഴൻ, പാട്ടുതലൈവർ എന്നീ പേരുകൾ പതിച്ചെടുത്തു! ചലച്ചിത്രരംഗത്ത് കൈവയ്ക്കാത്ത മേഖലകളില്ല! ഗായകൻ, അഭിനേതാവ്, സംഗീതസംവിധായകൻ, നിർമ്മാതാവ്, ഡബ്ബിംഗ് ആർട്ടിസ്റ്റ് തുടങ്ങി സിനിമയുടെ വിവിധ മേഖലകളിൽ തിളങ്ങി റെക്കോഡുകൾ സൃഷ്ടിച്ചു! സംഗീതം അഭ്യസിക്കാതെ സംഗീതസാർവ്വഭൗമനായി എസ്.പി.ബി! സിനിമാഗാനങ്ങളോടൊപ്പം അയ്യപ്പൻ പാട്ടുകളും ക്രിസ്ത്യൻ പാട്ടുകളും മാപ്പിളപ്പാട്ടുകളും ദേശഭക്തിഗാനങ്ങളും നാടൻപാട്ടുകളും എല്ലാം അതതു ഭാഷയുടെ ശുദ്ധിയും സ്വഭാവവും നഷ്ടപ്പെടാതെ പാടാൻ അദ്ദേഹത്തിനു കഴിഞ്ഞു. പ്രണയം, വിരഹം, ശോകം, ആഹ്ലാദം, ഭക്തി അങ്ങനെ ഏതു മൂഡിലും അദ്ദേഹത്തിന്റെ ശബ്ദം യോജിക്കുമായിരുന്നു. പാടിയ ഒരു പാട്ടുപോലും മോശമാകാൻ അദ്ദേഹം സമ്മതിക്കില്ലായിരുന്നു.

താരാപഥം ചേതോഹരം, ഇളയനിലാ, സ്വർണ്ണമീനിന്റെ ചേലൊത്ത, മഞ്ഞേവാ, അയ്യാസാമി, കാട്ടുകുയിലേ, ശങ്കരാ ഓങ്കാരനാദാനു, ആയിരം നിലവേ വാ ഇങ്ങനെ ആയിരക്കണക്കിനു പാട്ടുകൾ എണ്ണിപ്പറയാനുണ്ട്. ആദ്യം അഭിനയിച്ച പടം ‘മനതിൽ ഉറുതിവേണ്ടും’ പിന്നീട് ദേവദാസ്, കാനാൻദേശം, മണ്ണിൻ ഇന്തകാന്തി (പാടി അഭിനയിച്ചത്) ഇങ്ങനെ 72 പടങ്ങൾ. മയൂരി, തുടിക്കും കരങ്ങൾ, കാതലൻ തുടങ്ങി 46 പടങ്ങളിൽ സംഗീതസംവിധായകനായി. ആ പ്രവർത്തനമേഖലയ്ക്കും എന്തു വ്യാപ്തം! ആസ്വാദകരെ വിസ്മയിപ്പിക്കുന്ന ഇദ്ദേഹത്തിന്റെ കൃത്യനിഷ്ഠയും പേരുകേട്ടതാണ്. പാട്ടു നന്നാക്കാൻ ഏതറ്റംവരെയും പോകുമായിരുന്നു. ഒരു ദിവസം 22 പാട്ടുകൾവരെ റെക്കോർഡു ചെയ്തിട്ടുണ്ട്. ഇളയനിലാ എന്ന ഗാനം ശരിയാക്കാൻ 16 പ്രാവശ്യം പാടിയതായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. ‘മലരേ മൗനമോ’ എന്ന വിദ്യാസാഗറിന്റെ ഗാനം ശരിയാക്കാൻ പുലരുന്നതുവരെ പാടിയതായിപ്പറയുന്നു.

ഡബ്ബിംഗിലും അതീവനിപുണനായിരുന്നു. എസ്.പി.ബി. രജനീകാന്ത്, കമലഹാസൻ, സൽമാൻഖാൻ, അനിൽകപൂർ, ഗിരീഷ് കർണാട്, ജമിനി ഗണേശൻ തുടങ്ങിയവർക്കുവേണ്ടി ശബ്ദം കൊടുത്തിട്ടുണ്ട്. അത്തരത്തിൽ 100 പടങ്ങൾ ഉണ്ട്. നാലു മനുഷ്യായുസ്സുകൊണ്ട് തീർക്കാൻ പറ്റുന്നത്ര കാര്യങ്ങൾ ഈ മനുഷ്യൻ 54 വർഷം കൊണ്ടുതീർത്തത് അദ്ഭുതംതന്നെ! ചുരുക്കത്തിൽ സൂപ്പർ പ്ലേ ബാക്ക് അർത്ഥവത്തായി.

പാട്ടിന്റെ നൈർമ്മല്യം ജീവിത്തിലും സൂക്ഷിച്ചിരുന്നു. 2015 ൽ ഹരിവരാസനം അവാർഡു വാങ്ങുവാൻ ശബരിമലയിൽ കന്നി അയ്യപ്പനായി എത്തിയപ്പോൾ മലകയറ്റത്തിനായി ഡ്രോളിയുമായെത്തിയ ആൾക്കാരെ ദക്ഷിണകൊടുത്തു സാഷ്ടാംഗം നമസ്കരിച്ചത് ഇത്തരുണത്തിൽ ഓർമ്മിച്ചുപോകുന്നു.

നേട്ടങ്ങളുടെ പട്ടിക കുറിക്കാൻ ഇടംപോരാ. ആന്ധ്രാപ്രദേശിന്റെ മാത്രം പുരസ്കാരം 25 തവണ, തമിഴ്നാട് നാലു തവണ, കർണാടക മൂന്ന്, ദേശീയ അവാർഡുകൾ ആറു തവണ, 2001 ൽ പത്മശ്രീ, 2011 ൽ പത്മവിഭൂഷൺ, ഏറ്റവും കൂടുതൽ ഗാനങ്ങൾ ആലപിച്ചതിന് ഗിന്നസ് റിക്കോർഡ്! 40000!

തനി സസ്യഭുക്കായ ബ്രാഹ്മണനായിരുന്നെങ്കിലും ഭക്ഷണത്തിൽ ഒരു നിഷ്ഠയുമില്ലായിരുന്നു. തന്റെ ശബ്ദം സൂക്ഷിക്കാൻ മറ്റു ഗായകർ ചെയ്തിരുന്ന ഒരു നിഷ്ഠയും എസ്.പി.ബി. പാലിച്ചില്ല. മറ്റു പ്രൊഫഷണൽ ഗായകർ കഴിക്കാൻ മടിച്ചിരുന്ന പലതും ഏതു സമയത്തു ലഭിച്ചാലും കഴിക്കുമായിരുന്നു. ഐസ്ക്രീം, തണുത്ത ജ്യൂസുകൾ, തൈര് അങ്ങനെ പലതും. പാട്ടുകാർ ഒഴിവാക്കേണ്ട പുകവലി ഇദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു. എന്നിട്ടും ശബ്ദംകൊണ്ടു മാജിക് കാണിക്കാൻ എസ്.പി.ബി.യ്ക്ക് പ്രകൃതി പ്രത്യേക അനുമതി കൊടുത്തിരുന്നിരിക്കാം. അദ്ഭുതംതന്നെ!

മഹാബലിപുരത്തായിരുന്നു താമസം. ഭാര്യ സാവിത്രി. മകൻ – എസ്.പി. ചരൺ, മകൾ – പല്ലവി. എസ്.പി. ശൈലജ എന്ന ഗായിക ഇദ്ദേഹത്തിന്റെ സഹോദരിയാണ്.

ഇക്കഴിഞ്ഞ ഓഗസ്റ്റ് 5 ന് ചെന്നൈ എം.ജി.എം. ഹെൽത്ത് സെന്ററിൽ ശാരീരികാസ്വാസ്ഥ്യത്തെത്തുടർന്ന് തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു. ഇടയ്ക്ക് അസുഖം വളരെ കുറഞ്ഞതായി അറിഞ്ഞിരുന്നെങ്കിലും സെപ്തംബർ 25–ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് ലോകമെമ്പാടുമുള്ള സംഗീതപ്രേമികളെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് ആ നാദധാര നിലച്ചു! ചെന്നൈ താമരൈപ്പക്കത്ത് – റെഡ്ഹില്ലിൽ അന്ത്യവിശ്രമം.

എസ്.പി.ബി. പാടി പുകഴ്പ്പെറ്റ ഒരു ഗാനത്തിന്റെ തുടക്കം ഇങ്ങനെയാണ്:

“അഞ്ജലി... അഞ്ജലി...
പുഷ്പാഞ്ജലി!

Deepanalam Weekly

RNI No : 16998/68
Vol. 53 No. 22 Date of Publication 1 October 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

**ST. MARY'S ENGINEERING INSTITUTE**

Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

**2020 – 21 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

**കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ**

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. റേഡിയോ & ടെലിവിഷൻ എൻജിനീയറിംഗ്

പ്രോസ്പെക്ടസിന് Rs. 150/-

**കോഴ്സ് നിബന്ധനകൾ**

1. എസ്.എസ്.എൽ.സി. പാസായ (പ്ലസ്ടു വിജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. റഗുലർ വിദ്യാർത്ഥികൾക്കും ഈവനിംഗ് വിദ്യാർത്ഥികൾക്കും ഒരേ പരീക്ഷതന്നെയായിരിക്കും.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

**എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു**

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*

**CHAITHANYA TRUST HOSPITAL & M M COLLEGE OF MEDICAL SCIENCE**

Web: www.mmcollege.in
KOZHA, KURAVILANGAD, KOTTAYAM 686633
PHONE: 9745300576, 9745400576
Email: cthmmc@gmail.com
Approved Academic Training Partner of M/s LINGYA'S VIDHYAPEETH, HARYANAUGC Approved Deemed to be university
(OM SHIKSHAN WA PRASHIKSHAN SANSTHAN)

**COURSES**

| Sl.No | COURSE NAME | Eligibility | Duration |
|---|---|---|---|
| | DEGREE COURSES | | |
| 1. | Bachelor of Voc.in Medical Laboratory Technology | +2 pass (any group) | 3 year |
| 2. | Bachelor of Voc. in Radiology & Medical Imaging Technology | +2 pass (any group) | 3 year |
| 3. | Bachelor of Voc. in Operation Theatre Technology | +2 pass (any group) | 3 year |
| 4. | Bachelor of Voc. in Dialysis Technician | +2 pass (any group) | 3 year |
| | CERTIFICATE COURSES (Approved by NIOS, Govt. of India, | Ministry of HRD) | |
| 1. | Certificate in Community Health (Nursing) | 10 th pass | 1 year |
| 2. | Certificate in care of Elderly | 10 th pass | 1 year |

മേൽവിഷയങ്ങളിൽ 2 വർഷം ദൈർഘ്യമുള്ള യൂണിവേഴ്സിറ്റി Advance diploma course കളിലേക്കും +2 പാസായവർക്ക് അപേക്ഷിക്കാം.

പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് കോളജ് ക്യാമ്പസിൽതന്നെ ഹോസ്റ്റൽ സൗകര്യം. പഠനത്തോടൊപ്പം ഈ ആശുപത്രിയിൽ പരിശീലനവും ലഭിക്കും. UGC Approved University കോഴ്സുകൾ ആയതുകൊണ്ട് വിദ്യാഭ്യാസവായ്പ ലഭിക്കുന്നുണ്ട്.




**ടേസ്റ്റിറ്റ്**
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

KTS PRODUCTS

**ISO 9001-2008 Certified Company**

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

**916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!**



**മൂഴയിൽ ജൂവലറി**

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
**മൂഴയിൽ ബാങ്കേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

**കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ**



**അയർക്കുന്നം, കോട്ടയം**
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com